
Registered No. M. 5819 Licence No. 445. 12-7-45.

ജ്ഞാനനിക്ഷേപം

Vol. LIX | ജനുവരി 1956 | No. 1



നമ്മുടെ സഭാമാസികയുടെ പ്രചാരം. ഡിസം. 21നു കോട്ടയത്തു ചേർന്ന പട്ടക്കാരുടെ സമ്മേളനത്തിൽ സഭാ മാസികയുടെ പൂർവ്വാധികമായ പ്രചാരത്തെപ്പറ്റി ആലോചിക്കയും അവരവരുടെ ഇടവകയിൽ മാസികയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനു വേണ്ടതു ചെയ്യാമെന്നു പട്ടക്കാരും മറ്റിടവക പ്രവർത്തകരും സമ്മതിക്കയും ചെയ്തു. പലരും തങ്ങളുടെ ഇടവകയിലേക്കു മടങ്ങിച്ചെന്നതിന്റെ ശേഷം അതിനുവേണ്ടി ഉത്സാഹിക്കയും കൂടുതൽ വരിക്കാരെ ചേർത്തറിയിക്കയും ചെയ്തിരിക്കുന്നു. ചിലർ വരിസംഖ്യ മുമ്പേ പിരിച്ചടയ്ക്കുകയും ചെയ്തിരിക്കുന്നതു എത്ര പ്രോത്സാഹജനകമാണു. എല്ലാവരും അങ്ങനെ ചെയ്തിരുന്നെങ്കിൽ മാസികയുടെ എണ്ണം വർദ്ധിക്കുമെന്നു മാത്രമല്ല മാസികയുടെ പ്രസിദ്ധീകരണച്ചെലവു വലിയ കടം കൂടാതെ നടക്കുകയും ചെയ്യുന്നതാണു. ഒന്നു സാഹിക്കാമെങ്കിൽ സുസാദ്ധ്യമാക്കാവുന്ന ഒരു സഭാപ്രയത്നമാണിതു. എല്ലാ ഇടവകപ്രവർത്തകരുടേയും ആത്മാർത്ഥമായ ആകൃഷ്ടിയും കായ്ക്ഷമമായ സഹകരണവും വീണ്ടും താഴ്മയോടെ അപേക്ഷിച്ചുകൊള്ളുന്നു. മുൻകൂട്ടി അതാകാംക്ഷയോടെ കാത്തിരിക്കുന്നു.

Rev. C. K JOHN, *Managing Editor.*

ഇരുമാപ്രസയിൽ അരിക്കൽ ജോസഫു റോസമ്മ എന്നു പേരായ ഒരു ദൈവഭക്തയായ സ്ത്രീ ഉണ്ടു്. തന്റെ മനസ്സാന്തരത്തിനുശേഷം എപ്പോഴും പ്രാർത്ഥനയിലും വേദപുസ്തകവായനയിലും ധ്യാനത്തിലും ഉറ്റുജീവിക്കുമാണു്. പലപ്പോഴും അർഹരങ്ങൾ തൃജിച്ചും ആഴ്ചയിൽ രണ്ടുദിവസം ഉപവാസം ആചരിച്ചും കൃത്യമായി ജീവിച്ചുവരികയാണു്. ഇപ്രകാരം ജീവിക്കുവാൻ തുടങ്ങീട്ടു 13 വർഷത്തോളമായി. കഴിക്കുന്ന കഞ്ഞിവെൽക്ക ഉറക്കത്തിനു കഞ്ഞുവിന്റെ ദിവ്യദർശനം ഉണ്ടായി. അനേകം മുത്തുകൾ ലഭിച്ചു. വരാനിരുന്നതു കാണുന്നതുകൊണ്ടു കാണിച്ചതായിരുന്നു മുത്തുകൾ. അതുകൊണ്ടുതന്നെ സ്ത്രീ ഭയപ്പെട്ടുപോയി. ഞാൻ എന്തുചെയ്യണം കർത്താവേ എന്നു അവൾ ചോദിച്ചു. നീ പ്രാർത്ഥിക്കുക എന്ന ശബ്ദം കേട്ടു പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ വല അത്ഭുതകാഴ്ചകളും കണ്ടു. ഉണ്ടായ ദർശനവിവരങ്ങൾ എല്ലാം രേഖപ്പെടുത്തിയിരിക്കുന്നു. ആകാശത്തിൽ കറുപ്പും എണ്ണമില്ലാത്തവണ്ണം ദൈവഭൃത്യന്മാരും, തീ ഇറങ്ങുന്നതും കണ്ടു. അനുദിനവും ഏഴു പ്രാവശ്യം മുടങ്ങാതെ പ്രാർത്ഥിച്ചുവരുന്നു. മഹായിടവകയിലെ വല സ്ഥലത്തുമുള്ള ക്രിസ്തീയകൂട്ടായ്മകളിൽ ടി സ്ത്രീ സാക്ഷ്യം പറഞ്ഞുകൊണ്ടു ജീവിതം തുടരുന്നു. എല്ലാവരുടെയും പ്രാർത്ഥനയെ അഭ്യർത്ഥിക്കുന്നു.

ഏരുമാപ്ര
18-12-1955

പി. ജെ വക്കി

ജനുവരിമാസത്തെ പഞ്ചാംഗം

വ്യാഴം. (ഒന്നു ചൊ) മഹത്വപ്രകാശത്തിനു പിമ്പു ഒന്നാം ഞായർ. സങ്കീ. രണ്ടു, ഒമ്പതു, ഒൻപതു; യെശ. ഒൻപതു—അവസാനം; യോഹ. ഏഴു—ഒൻപതു.

വെള്ളി. (രണ്ടു ചൊ) മഹത്വപ്രകാശത്തിനു പിമ്പു രണ്ടാം ഞായർ. സങ്കീ. പതിനാറു, നൂറ്റിപതിനാറു. യെശ. പതിനെട്ടു—പത്തൊമ്പതു; ലൂക്കൊ. രണ്ടു—നാല്പതു.

ശനി. (മൂന്നു വ്യാ) മഹത്വപ്രകാശത്തിനു പിമ്പു മൂന്നാം ഞായർ. സങ്കീ. തൊണ്ണൂറ്റിരണ്ടു, തൊണ്ണൂറ്റിമൂന്നു. ഹോശെ. പതിനാലു—പതിനഞ്ചു. നാലു; യോഹ. പതിനാറു—പതിനേഴു.

ഞായർ. (നാലു ചൊ) എഴുപതാം ഞായർ. സങ്കീ. നൂറ്റിമൂന്നു. ഉല്പ. പതിനാറു—പതിനേഴു. നാലു; യോഹ. പതിനേഴു—പതിനെട്ടു.

തിങ്കൾ. വ്യാ. (അഞ്ചു ചൊ) യേശുവിന്റെ ദേവാലയസമർപ്പണം.

ചൊവ്വ. (അഞ്ചു വെ) അറുപതാം ഞായറാഴ്ച. സങ്കീ. നൂറ്റിപതിനാറു. ഉല്പ. നാല്പതു. മലാഖി. ൩. നാലു—അവസാനം.

ബുധൻ. (ആറു ചൊ) അമ്പതാം ഞായറാഴ്ച. സങ്കീ. തൊണ്ണൂറ്റിമൂന്നു, അഞ്ചു, അഞ്ചു. ഉല്പ. നാല്പതു. പതിനാറു—പതിനേഴു; മത്താ. ൩. പതിനാറു—പതിനേഴു.

C. M. S. P.—792—2300—7-1-1956.

PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS KOTTAYAM

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX | JANUARY 1956 | No. 1

BISHOP'S LETTER

ബിഷോപ്പുതിരുമനസ്സിലെ കത്ത്

കർത്താവിൽ വാത്സല്യമുള്ളോരേ,

ഈ മാസാരംഭത്തിൽ പേർഷ്യൻ ഗൾഫിലെ ബഹ്റിൻ എന്ന സ്ഥലത്തുള്ള ക്രൈസ്തവരായ മലയാളികളെ സന്ദർശിപ്പാനായിട്ട് അവരുടെ ക്ഷണപ്രകാരം ഞാൻ പോയിരുന്നു. വിമാനമാർഗ്ഗം ആണ് പോയതും വന്നതും. കൊച്ചിയിൽ നിന്നു ബോംബയിൽ ഒന്നാം തിയ്യതി വൈകുന്നേരം എത്തി. രണ്ടാം തിയ്യതി യാത്ര സംബന്ധിച്ചുള്ള കായ്യങ്ങൾ—വീസാ ആലിയായ—ക്രമപ്പെടുത്തിയശേഷം അന്നു രാത്രി ഏഴരമണിയോടെ പുറപ്പെട്ട കറാച്ചിയിൽ പത്തുമണിക്കു ചെന്നുചേർന്നു. അവിടെ രാത്രി ചെലവിട്ടശേഷം മൂന്നാം തിയ്യതി വെളുപ്പിനു അവിടെനിന്നു പറന്നു, ബഹ്റിനിൽ എത്തി. മലയാളി സഭയുടെ പ്രതിനിധികളായ പല സ്നേഹിതരും വിമാനത്താവളത്തിൽ വന്നു എന്നെ സ്വീകരിച്ചു കൊണ്ടുപോയി. ബി. ഓ. എ. സി. വിമാനകമ്പനിക്കാരുടെ വകയായ അതിഥിമന്ദിരത്തിൽ എന്നെ ആക്കി. അന്നു വൈകുന്നേരം ഒരു സ്വീകരണയോഗം ഉണ്ടായിരുന്നു. അമേരിക്കൻ മിഷ്യനറി റവ. ഡി. ജോണ്ട് അതിൽ അദ്ധ്യക്ഷം വഹിച്ചു. അന്നു പകൽ ഞാൻ അവിടെയുള്ള ആംഗ്ലിക്കൻ ചാപ്ലേൻ റവ. മോറിസിനെ സന്ദർശിക്കയും മറ്റു പലരുമായി പരിചയപ്പെടുകയും ചെയ്തു. ഞായറാഴ്ച രാവിലെ ആംഗ്ലിക്കൻ പള്ളിയിലെ ശുശ്രൂഷയിൽ സംബന്ധിക്കയും വൈകുന്നേരം മലയാളി സഭയുടെ ആഭിമുഖ്യത്തിൽ ഒരു ശുശ്രൂഷയുണ്ടായിരുന്നതിൽ നമ്മുടെ അനേകർ വളരെ ദൂരെ നിന്നു വന്നിരുന്നു. അതിന്റെ ഏകദേശം 15 മൈൽ ദൂരെയുള്ള ആവാലി എന്ന സ്ഥലത്തുള്ള ഇംഗ്ലീഷു സഭായോഗത്തിന്റെ ശുശ്രൂഷയ്ക്കു രാത്രി എട്ടുമണിക്കു പോയിരുന്നു. അമേരിക്കൻ മിഷ്യനറി ശുശ്രൂഷ നടത്തി. ഞാൻ വീണ്ടും പ്രസംഗിച്ചു. ധാരാളം വെള്ളക്കാരുണ്ടായിരുന്നു. ശുശ്രൂഷാനന്തരം താല്പര്യക്കാരായ ഒരു കുടുംബക്കാർ ഞങ്ങളെ കൂട്ടിക്കൊണ്ടു അവരുടെ ഭവനത്തിലേക്കു കൊണ്ടുപോയി, ലീഷ്മായി ആത്മികമായും സുവിശേഷപരമായ കായ്യങ്ങളെക്കുറിച്ചും സംഭാഷണങ്ങൾ നടത്തിയശേഷം ഞങ്ങൾ മടങ്ങിപ്പോന്നു. പിറേറന്നും പകൽ പല അനേകരെയും സ്ഥലങ്ങളെയും സന്ദർശിച്ചശേഷം വൈകുന്നേരം വീണ്ടും ശുശ്രൂഷയുണ്ടായിരുന്നു. ചൊവ്വാഴ്ച ഉച്ചതിരിഞ്ഞു ഞാൻ കുവൈറ്റ് എന്ന സ്ഥലത്തേക്കു വിമാനമാർഗ്ഗം പോയി. ഏകദേശം ഒരു മണിക്കൂർകൊണ്ടു അവിടെ എത്തിയപ്പോൾ ചില സ്നേഹിതരും അവിടെയുള്ള ആംഗ്ലിയാ ചാപ്ലേനും എന്നെ സ്വീകരിച്ചു ഉംസെയിഡ് എന്ന സ്ഥലത്തേക്കു കൊണ്ടുപോയി. അന്നു വൈകുന്നേരം ഇംഗ്ലീഷു ശുശ്രൂഷയും മലയാളത്തിൽ പ്രാർത്ഥനായോഗവും ഉണ്ടായിരുന്നു. വെളുപ്പിനു മലയാളത്തിൽ വിശുദ്ധസംസ്ക്കാരശുശ്രൂഷ നടത്തിയതിൽ 30-ൽ പരം അനേകർ സംബന്ധിച്ചിരുന്നു. അവിടെയുള്ള പലരെയും കണ്ടതിന്റെ ശേഷം 80 മൈൽ ദൂരെ 'ക്യൂക്കാൻ' എന്ന സ്ഥലത്തേക്കു ചാപ്ലേൻ എന്നെ കാർമാർഗ്ഗം കൊണ്ടുപോയി. അതൊരു പ്രധാന കേന്ദ്രമാണ്. കുവൈറ്റ് ദേശത്തു ക്രൈസ്തവർക്കു യാതൊരു സ്വാതന്ത്ര്യവും സ്ഥാനവുമില്ല. അവിടെയും പല പ്രധാന ഉദ്യോഗസ്ഥന്മാരെയും കാണുകയും രാത്രിയിൽ ഇംഗ്ലീഷിലും മലയാളത്തിലും മാറോ ശുശ്രൂഷകളും നടത്തുകയും ചെയ്തു. പിറേറന്നു വെളുപ്പിനു അവിടെയും വിശുദ്ധസംസ്ക്കാരം മലയാളത്തിൽ അനുഷ്ഠിച്ചു. പിന്നിട്ടു അവിടെനിന്നു കുവൈറ്റിന്റെ

വേറൊരു പ്രധാന സ്ഥലമായ മോഹാ എന്നയിടത്തേക്കു നാലു മണിക്കൂർ നേരം കാറിൽ സഞ്ചരിച്ചു വന്നുചേർന്നു. അവിടെയാണ് ക്രിസോസ്റ്റം തിരുമേനിയുടെ സഹോദരൻ ഡോക്ടർ തമ്പിയും ഭാര്യയും ഗവൺമെന്റു ആസ്പത്രിയിൽ ജോലി ചെയ്യുന്നതു്. അവിടെ ഉച്ചഭക്ഷണം കഴിച്ചശേഷം വിമാനമാർഗ്ഗം ബഹറിനിലേക്കു വിണ്ടും വന്നു. അന്നു നാലര മണിക്കു എണ്ണക്കമ്പനിയിലെ ജോലിക്കാർ താമസിക്കുന്ന ഒരു കോളനിയിൽ വന്നു മലയാളത്തിൽ ഒരു പ്രാർത്ഥനായോഗം കഴിഞ്ഞശേഷം രാത്രിയിൽ വിണ്ടും ഒരു മലയാളശുശ്രൂഷ അമേരിക്കൻ പള്ളിയിലും നടത്തി. വെള്ളിയാഴ്ച രാവിലെ എട്ടുമണിക്കു ആംഗ്ലിയാ പള്ളിയിൽ വിശുദ്ധസംസർഗ്ഗം മലയാളത്തിൽ അനുഷ്ഠിച്ചതിൽ നല്ല ഒരു കൂട്ടം സംബന്ധിച്ചിരുന്നു. അന്നു വൈകുന്നേരം ഒരു പൊതുയോഗവും സമ്മേളിച്ചിരുന്നു. ഞാൻ ലക്കാനിലായിരുന്നപ്പോൾ യെരുശലേമിലെ ആംഗ്ലിക്കൻ ബിഷോപ്പു ഡോക്ടർ സ്റ്റാർട്ട തിരുമേനി അവിടെ എത്തിയിരുന്നു. അദ്ദേഹവും പിന്നീടു ബഹറിനിൽ വന്നിരുന്നു. എനിക്കു അദ്ദേഹത്തെ മുമ്പെ പരിചയമുണ്ടായിരുന്നു. മലങ്കര പൂർവ്വിക സഭയുടെ തല്ക്കാല സ്ഥിതിയെപ്പറ്റി അദ്ദേഹം സൂക്ഷ്മമായി തിരക്കും ചെയ്കയും ചെയ്തു. കാതോലിക്കാ ബാവാ യെരുശലേമിൽ പോയിരുന്നപ്പോൾ അദ്ദേഹം ആശ്ലേഷിക്കുന്നായിരുന്നു. പാത്രിയർക്കീസു ബാവായുടെയും മറ്റും വർത്തമാനങ്ങൾ എന്നോടു തിരുമനി പറകയുണ്ടായി. ആ തിരുമേനിയെയും എന്നെയും വേറെ ചിലരെയും എണ്ണക്കമ്പനി വൈസ് പ്രസിഡണ്ടു മിസ്റ്റർ സ്റ്റിന്നർ അവർകൾ ശനിയാഴ്ച ലഞ്ചിനു ക്ഷണിച്ചിരുന്നു. ശനിയാഴ്ച രാത്രി ഞാൻ ബഹറിനിൽ നിന്നു മടങ്ങി. ഞായറാഴ്ച ബോംബയിൽ കഴിച്ച ശേഷം തിങ്കളാഴ്ച ഇവിടെ വന്നുചേർന്നു. ആ പ്രദേശങ്ങൾ മിക്കതും വിശേഷാൽ അറബിദേശമെല്ലാം സുവിശേഷത്തിനു അടഞ്ഞിരിക്കയാണ്. ദൈവവിചാരണയാൽ ഇത്ര അധികം മലയാളക്രൈസ്തവരെ അവിടെ കൊണ്ടുവന്നിരിക്കുന്നതിനു ഒരു പ്രധാന ഉദ്ദേശ്യം ഉണ്ട് എന്നു അവിടെ ചെന്ന സ്ഥിതിഗതികൾ മനസ്സിലാക്കിയപ്പോൾ എനിക്കു ബോദ്ധ്യമായി. ക്രിസ്തീയ സാക്ഷ്യം വഹിക്കുന്നതിനു അവരെ ദൈവം അവിടെ അയച്ചിരിക്കയാണ്. ദൈവകൃപയാൽ അവിടെയുള്ള പലരും ആത്മികകായ്കളിൽ തല്പരരും കർത്താവിനോടും തിരുസഭയോടും സ്വാമിഭക്തിയും സ്നേഹവും ഉള്ളവരാകുന്നതു തന്നെ നല്ല കായ്മാണ്. അങ്ങനെ സുവിശേഷവെളിച്ചം അവിടെ പ്രകാശിക്കയും പ്രബലപ്പെടുകയും ചെയ്യാൻ സംഗതിയാകട്ടെ.

കോട്ടയത്തെ ബില്ലിഗ്രാം മിഷ്യന്റെ പേക്കുള്ള ഒരുക്കങ്ങൾ എല്ലാം നടന്നുവരുന്നു. ദൈവകൃപയാൽ ഇതു വലിയോരു ഉണർവ്വിന്റെ ആരംഭമാകേണ്ടതിനാണ് നാം ഏവരും ശ്രദ്ധാപൂർവ്വം പ്രാർത്ഥിക്കേണ്ടതു്. നാം എത്രത്തോളം അനുഗ്രഹം പ്രാപിക്കുന്നതിനു നമ്മെ തന്നെ ഒരുക്കുന്നുവോ അത്രയും മാത്രമേ പരിശുദ്ധാത്മാവിനു നമ്മിൽ പ്രവൃത്തിപ്പാൻ കഴിയും സൌകര്യവും ഉണ്ടാകയുള്ളൂ എന്നതു നാം മറന്നുപോകരുതു്.

ഇക്കൊല്ലം അമേരിക്കയിൽ നിന്നും നമ്മുടെ മഹായിടവകയിൽ മിഷ്യൻ നടത്തുവാൻ വരുന്നതു ഡോ. വില്യം മക്കലസ്റ്റർ എന്ന മഹാനാണു. അദ്ദേഹം ജനുവരി 14നു കൊച്ചിയിൽ വന്നെത്തും. അദ്ദേഹത്തിന്റെ പരിപാടി അന്യത്ര ചേർത്തിട്ടുണ്ട്. അദ്ദേഹം പോകുന്നയിടങ്ങളിൽ വേണ്ട ഒരുക്കങ്ങൾ കാലേക്കൂട്ടി ചെയ്കയും ദൈവകൃപയാൽ വലിയ അനുഗ്രഹത്തിനായി എല്ലാവരും പ്രാർത്ഥനയിൽ പ്രതീക്ഷയോടെ കാത്തിരിക്കയും വേണം എന്നു കാപ്പിച്ചുകൊള്ളുന്നു.

അടുത്ത അവസരത്തിൽ പ്രധാന മന്ത്രി ശ്രീ നെഹ്രുവും പ്രസിഡണ്ടു ശ്രീ പ്രസാദും ഇന്ത്യയിലെ ക്രൈസ്തവപ്രസ്ഥാനത്തിനു വളരെ പ്രോത്സാഹനം നല്കുന്ന പ്രസ്താവനകൾ ചെയ്തതു വളരെ ധൈര്യപ്രദമായിരുന്നു. നാം നമ്മുടെ ജീവിതത്തിലും അനുഭവങ്ങളിലും യോഗ്യമായി സാക്ഷ്യം വഹിച്ചുകൊണ്ടു കർത്താവായ യേശുക്രിസ്തുവിനെ ഉയർത്തി കാണിച്ചുകൊടുക്കുന്നതിനു ഈ പുതുവർഷത്തിൽ വേണ്ട എല്ലാ പ്രചോദനവും ശക്തിയും തന്നു നമ്മെ എല്ലാവരെയും ഉണർത്തി പ്രകാശിപ്പിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു എഴുതുന്നു

കർത്താവിൽ നിങ്ങളുടെ വാത്സല്യമുള്ള,

Christmas Eve 1955,
Kottayam.

C. K. JACOB,
Bishop.

പട്ടക്കാരുടെ കോൺഫറൻസ്

ജനുവരി മാസത്തിൽ നടത്താനുദ്ദേശിക്കുന്ന ബില്ലി ഗ്രഹാം മിഷ്യനെപ്പറ്റിയും മറ്റും ആലോചിക്കുന്നതിനായി പട്ടക്കാരുടെ ഒരു കോൺഫറൻസു ബിഷപ്പുതിരുമനസ്സുകൊണ്ടു ഡിസം. 21നു ബുധനാഴ്ച വിളിച്ചുകൂട്ടുകയുണ്ടായി. 57 പട്ടക്കാരും 7 അയ്യേനി ഇടവക പ്രവർത്തകരും ഹാജരുണ്ടായിരുന്നു. 9. 30 മണിക്കുള്ള വിശുദ്ധസംസർഗ്ഗശുശ്രൂഷകൊണ്ടാണ് ആരംഭിച്ചതു്. തദവസരത്തിൽ കൊലൊ. 4. 17 ആധാരമാക്കി തിരുമേനി ചെയ്ത പ്രസംഗം ക്രിസ്തീയ ശുശ്രൂഷകരുടെ ജീവിതസ്വഭാവത്തെ സ്പർശിക്കുന്നതായിരുന്നു. കർത്താവിൽ ലഭിച്ച ശുശ്രൂഷ നിവർത്തിപ്പാൻ നോക്കണമെന്നുള്ള പ്രബോധനം അലസതയെന്ന സ്വഭാവദുഷ്ടതയെ പരാമർശിക്കുന്നതായിരുന്നു. അലസത ശാരീരികമായും മാനസികമായും ആത്മികമായും വരാവുന്നതാണെന്നും അവ അന്യോന്യം ആശ്രയിച്ചിരിക്കുന്നതുകൊണ്ടു ഒരുവിധത്തിലും അലസത വന്നുപോകാനിടയാകരുതെന്നും അതിനു കാരണങ്ങളായി നാം ഫലം കായ്ക്കുന്നതിനും അതിൽ നിലനില്ക്കുന്നതിനുമാണു യേശുക്രിസ്തുവിനാൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതെന്നും അവസരങ്ങൾ നിന്നുപോകുമെന്നും പ്രയാസങ്ങൾ നേരിടുമെന്നും അതിനാൽ അലസതയ്ക്കു യാതൊരു സ്ഥാനവുമില്ലെന്നും വ്യക്തമാക്കി.

വിശുദ്ധസംസർഗ്ഗത്തിനു ശേഷം വീണ്ടും കൂടി ചില കാര്യങ്ങൾ തിരുമേനി പട്ടക്കാരുടെ ശ്രദ്ധയിൽ പെടുത്തി പ്രസ്താവിച്ചു. 1. ക്രിസ്മസു ശുശ്രൂഷയിൽ വിശുദ്ധസംസർഗ്ഗം ആചരിക്കണം. 2. നാഗപുരം മഹായിടവകയിലെ പാത്തക്കു ബിഷപ്പുതിരുമേനി ഡിസം. 31നു കോട്ടയത്തെത്തുന്നതും ഭദ്രാസനപ്പള്ളിയിലും മറ്റും അന്നും പിറ്റേ ദിവസവും ശുശ്രൂഷകളിൽ സംബന്ധിക്കുന്നതുമായിരിക്കും. 3. ഡയോസിസൻ കൌൺസിൽ യോഗം മാച്ചു 16, 17നു കളിൽ നടത്തപ്പെടുന്നതും അതിനോടടുത്തുള്ള ഒരു ദിവസം പ്രെസ്ബിറ്റർ പട്ടമാനശുശ്രൂഷ നിർവ്വഹിക്കുന്നതുമായിരിക്കും. 4. മഹായിടവക പ്രത്യേക മിഷ്യൻ പുതിയാണ്ടാരംഭത്തിൽ നടത്തുന്നതിനെപ്പറ്റി നവംബർ ലക്കത്തിൽ എഴുതിയിരുന്ന പ്രകാരം പട്ടക്കാരയച്ച അപേക്ഷകളനുസരിച്ചു ക്രമീകരിച്ചതായി പ്രസ്താവിച്ചു. 5. കുറഞ്ഞ വിലയുള്ള 1450 ബൈബിൾ വരുത്തി പല ഇടവകകളിലായി വിതരണം ചെയ്യുകയും പ്രസ്തുത വില്പന അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ബില്ലി ഗ്രഹാം മിഷ്യന്റെ ഇതുപര്യന്തമുള്ള സജ്ജീകരണങ്ങളെപ്പറ്റി റവ. സി. ഐ. ഏബ്രഹാം പ്രസ്താവിക്കുകയും പോസ്റ്റേഴ്സും പ്രാർത്ഥനാകാർഡുകളും വിതരണം ചെയ്യുകയും ചെയ്തു. അതിലേക്കു കഴിയുന്നത്ര പ്രചരണയത്നങ്ങൾ ചെയ്യുകയും സംഭാവനകൾ സ്വീകരിച്ചയക്കുകയും വേണമെന്നറിയിച്ചു. ബിഷപ്പുതിരുമേനിയും ഈ അവസരത്തിന്റെ പ്രാധാന്യത്തേയും അതർഹിക്കുന്ന പ്രയോജനപ്പെടുത്തുന്നതിന്റെ അത്യാവശ്യത്തേയും അനുസ്മരിപ്പിച്ചു. ജനുവരി 6നു മുന്നു പേരുള്ള ഒരു മുന്നോടിസംഘം എത്തുമെന്നും മിഷ്യൻ കമ്മറിയുമായി കണ്ടു സൂചനകൾ നല്കുകയും ചെയ്യുമെന്നും അറിയിച്ചു. 26നു ഡോ. ബില്ലി ഗ്രഹാമും പാർട്ടിയും സ്ഥലത്തെത്തുമെന്നും 4. 30 മണിക്കു വിവിധ സമുദായ പ്രതിനിധികളേയും ഏതാനും ഉദ്യോഗസ്ഥന്മാരെയും കൂട്ടി ഒരു രജിസ്ട്രേഷൻ നടത്തുമെന്നും കാരോ ദിവസവും സന്ധ്യക്കു 7 മണിക്കു കോളേജു മൈതാനത്തു വച്ചു പൊതുയോഗം നടത്തുമെന്നും വെള്ളിയാഴ്ചയും ശനിയാഴ്ചയും ക്രിസ്തീയ പ്രവർത്തകർക്കായും ശനിയാഴ്ച വിദ്യാർത്ഥികൾക്കായും പകൽ സമയത്തു ബില്ലി ഗ്രഹാമിന്റെ പ്രസംഗങ്ങളുണ്ടായിരിക്കുമെന്നുമാണ് പ്രോഗ്രാം ക്രമപ്പെടുത്തിയിരിക്കുന്നതു്. അത്യധികം പ്രത്യാശയോടെ ഒരുങ്ങി കാത്തിരിക്കയും മറ്റുള്ളവരെ അതിലേക്കായി ഒരുക്കുകയും ചെയ്യുന്നതാണ് നമ്മുടെ ധർമ്മമെന്നും വ്യക്തമാക്കി.

മഹായിടവകയുടെ സാമ്പത്തികാവസ്ഥയെപ്പറ്റി ഖജാൻജി പ്രസ്താവിക്കയും കാരോ ഇടവകയിൽനിന്നും അടയ്ക്കേണ്ട തുകയിൽ ഇതുവരെയും മുന്നിലൊന്നു മാത്രം ആഫീസിൽ ലഭിച്ചിട്ടുള്ളതിനാൽ മാസംതോറുമുള്ള ധനവിതരണത്തിനു വിഷമം നേരിട്ടിരിക്കുന്ന വിഷമാവസ്ഥ ഗ്രഹിപ്പിച്ചു. മശാംശപരിഷതിയെപ്പറ്റിയും റവ. സി. ഐ. ഏബ്രഹാം പ്രസ്താവിക്കയും അതു ഇടവകയിലെങ്ങും പ്രചരപ്പെടുത്തുന്നതിനുത്സാഹിക്കയും പട്ടക്കാരെല്ലാവരും അതു

സ്ഥീകരിച്ചു ദൃഷ്ടാന്തം കാട്ടിക്കൊടുക്കണമെന്നു തിരുമേനി ഉപദേശിക്കയും ചെയ്തു. സണ്ടെ സ്ക്കൂൾ പ്രവർത്തനം കൂടുതൽ കായ്ക്ഷമമാക്കുന്നതിലേക്കു ഒരു യുവപട്ടക്കാരനെ വേർതിരിക്കുന്നതിനുതകത്തക്കവണ്ണം ഓരോ ഇടവകയ്ക്കും ഒരു നിശ്ചിത തുകയും ചുമതലപ്പെടണമെന്നു നിർദ്ദേശിച്ചു. സി. എസ്സ്. ഐ. പദ്ധതിയനുസരിച്ചു സഭാപ്രവർത്തകർക്കു വാർഷിക പരിക്ഷ നടത്തണമെന്നും പ്രവർത്തകയോഗത്തിനു വരുഞ്ഞവരിൽ അനുവാദം ലഭിച്ചിട്ടില്ലാത്തവരോടു സമാധാനം ചോദിക്കണമെന്നും തിരുമേനി ചിച്ചു. ഡയോസിസൻ ബുള്ളറിന്റെയും മാസിക യുടെയും വരിസംഖ്യകൾ വർദ്ധിക്കാലം ഇടവിടാതെ നടത്തുന്നതിനും അവയുടെ പ്രചാരം ഓരോ ഇടവക യിലും വർദ്ധിപ്പിക്കുന്നതിനും പട്ടക്കാരുടെ ഊർജ്ജിതമായ സഹകരണം ലഭിക്കേണ്ടതിലേക്കു കൌൺസിലിന്റെ ആലോചനയിൽ കൊണ്ടുവന്നു വേണ്ടതു ചെയ്യുന്നതിനു അദ്ധ്യാസനറന്മാരെ ചുമതലപ്പെടുത്തി.

അവസാനമായി ബിഷപ്പുതിരുമേനി ഫിലിപ്യലേഖനം നാലാം അദ്ധ്യായം ആധാരമാക്കി ക്രിസ്തീയ സന്തോഷത്തിൽ ജീവിക്കുന്നതിന്റെ വൈശിഷ്ട്യവും, മനോവ്യാകുലത വെടിഞ്ഞുള്ള സംതൃപ്തജീവിതം നയിക്കയും സമാധാനത്തിൽ വസിക്കയും എല്ലാം വാക്യത്തിൽ പറയുന്ന ശ്രേഷ്ഠഗുണങ്ങൾ സദാ ചിന്തയിൽ വെച്ചുകൊള്ളുകയും ശക്തികരിക്കുന്ന ദൈവത്തിന്റെ നിരന്തരസാന്നിദ്ധ്യം അനുഭവിക്കുന്നതിനു കരുതുകയും ചെയ്യണമെന്നു പ്രബോധിപ്പിച്ചു കൊണ്ടു സമ്മേളനം സമാപിപ്പിക്കയും ചെയ്തു.

അമേരിക്കൻ പ്രസിഡെണ്ടിന്റെ ക്രിസ്മസ് സന്ദേശം

ഐക്യനാടുകളിലെങ്ങും റേഡിയോയും ടെലിവിഷനും വഴിയായി ക്രിസ്മസ് വാരപ്രോഗ്രാം ഉൽഘാടനം ചെയ്യുന്നതിനു പ്രസിഡെണ്ടുവർകൾ ജനറിസ് ബർഗ്ഗ്കോളജിൽ ഇരുന്നു, കൊണ്ടു ഒരു ഏലക്ട്രിക്ക് ബട്ടൻ അമർത്തി വാഷിങ്ങ്ടനിലെ വൈറ്റ് ഹൌസ് പാക്കിൽ സ്ഥാപിച്ച മൂന്നു വലിയ ക്രിസ്മസ് മരത്തിലുണ്ടായിരുന്ന 8000 വർണ്ണബൾബുകൾ കത്തിക്കയുണ്ടായി. ഉൽഘാടനാവസരത്തിൽ നിർവ്വഹിച്ച പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു. ഇപ്പോത്തെ ക്രിസ്മസ് അതിന്റെ പശ്ചാത്തലത്തിലും പ്രതീക്ഷകളിലും കഴിഞ്ഞ ഏതാനും ആണ്ടുകളിലുണ്ടായിരുന്നതിനേക്കാൾ കൂടുതൽ സന്തോഷപ്രദമായിരിക്കുന്നു. യുദ്ധത്തിന്റെ അനിഷ്ടസംഭവങ്ങൾ കഴിഞ്ഞു നില്ക്കുന്ന സാഹചര്യത്തിൽ ക്രിസ്മസ് കൊണ്ടാടുന്നതിനിടയായതു കാൽനൂറ്റാണ്ടിനുമുമ്പുള്ളതിനേക്കാൾ മെച്ചമാണു. സമാധാനമെന്നുള്ളതു എല്ലാമനുഷ്യരുടെയും അവകാശമാണു. സമാധാനത്തിനുവേണ്ടി ഈ രാത്രി നാം ഒരു ചെറിയ പ്രാർത്ഥന കഴിക്കുമ്പോൾ അതിൽ ലോകത്തിലുള്ള ഒരു വലിയ ജനക്കൂട്ടം സംബന്ധിക്കും എന്നുള്ളതിനു സംശയമില്ല. മനുഷ്യർക്കു അന്യോന്യമായ ഉത്തമധാരണയുണ്ടാകുന്നതിലേക്കു ഓരോരുത്തരും ആവോളം യത്നിക്കുന്നതിനു ശ്രമിക്കാം. ഉയരത്തിൽ നിന്നുള്ള സമാധാനം നമ്മോടുകൂടെ വസിക്കയും എന്നേക്കും നമുടേതായിരിക്കയും ചെയ്യട്ടെ. അങ്ങനെ സംഭവിക്കുമെന്നു നമുക്കു പൂർണ്ണമായി വിശ്വസിക്കാം. ഓരോരുത്തർക്കും നിങ്ങൾ എവിടെയായിരുന്നാലും മിസ്സിസ്സ് ഐസനോവരും ഞാനും എന്റെയും ആഹ്ലാദപൂർവ്വമായ ക്രിസ്മസ് ആശംസിച്ചുകൊള്ളുന്നു.

ശ്രേഷ്ഠമായ പ്രഭാതനക്ഷത്രം

(By Koshi John)

കർത്താവായ യേശു തന്നെക്കുറിച്ചു പല പേരുകൾ പറഞ്ഞിട്ടുണ്ടു. ദൃഷ്ടാന്തമായി മുന്തിരിവള്ളി, ആട്ടിടയൻ, ആടുകളുടെ വാതിൽ, വഴി, വെളിച്ചം ഇത്യാദി പല അർത്ഥവത്തായ നാമങ്ങളുണ്ടു. താൻ അവയിൽ കൂടും അപ്രധാനമല്ലാത്ത ഒരു പേരാകുന്നു പുത്തോസിൽവച്ചു

വിശുദ്ധ യോഹന്നാനോട് പറഞ്ഞതു—"ഞാൻ ദാവീദിന്റെ വേരും വംശവും ശുഭമായ ഉദയ നക്ഷത്രവും ആകുന്നു." (വെളി. 22. 16).

കഴിഞ്ഞ ലക്കത്തിൽ ലോകം പ്രകാശിക്കപ്പെടുന്നതിനെപ്പറ്റി പ്രതിപാദിച്ചപ്പോൾ ക്രിസ്തുമസ്സ് രാത്രിയിൽ ശിശു കിടന്ന പുൽത്തൊട്ടിക്കു മുകളിലായി ഒരു നക്ഷത്രം കാണപ്പെട്ടതിനെക്കുറിച്ചു പറഞ്ഞുവല്ലോ. ആ നക്ഷത്രമായിരുന്നു വിജാതീയരെ അവിടേക്കു ആനയിച്ചതു. ഇതിനോടനുബന്ധിച്ചു ഈ ലക്കത്തിൽ വേറൊരു നക്ഷത്രത്തെ പറ്റി പ്രതിവാദിക്കുന്നതു ചേർച്ചയായിരിക്കും.

സൂര്യോദയത്തിന്റെ മുന്നോടിയായ മേല്പറഞ്ഞ നക്ഷത്രത്തെ അധികമാരുമറിയുകയും വിശ്വസിക്കാറില്ലെന്നു തോന്നുന്നു. കാരണം അതിരാവിലെ ഉള്ള ഈ സമയത്തു പലരും എഴുന്നേല്ക്കുകയോ സൂര്യോദയം നോക്കുകയോ ചെയ്യാറില്ല. എങ്കിലും പകലിനെ വാഴുന്ന സൂര്യന്റെ മുന്നോടിയായി ഒരു നക്ഷത്രത്തെ പ്രപഞ്ചത്തിൽ സർവ്വജ്ഞനിയായ ദൈവം നിയമിച്ചിരിക്കുന്നതു കർത്താവായ യേശുവിനു എത്രയും ചേർച്ചയായിരിക്കുന്നു.—"ഞാൻ ശുഭമായ ഉദയനക്ഷത്രമാകുന്നു" എന്നു കർത്താവു യോഹന്നാനോട് പറഞ്ഞപ്പോൾ സകല പ്രകാശത്തിന്റെയും മുന്നോടി താനാണെന്നു പ്രസ്താവിക്കുകയായിരുന്നു. മാത്രമല്ല സൂര്യനെ നമ്മുടെ നഗ്നമായ കണ്ണുകൾകൊണ്ടു നോക്കിക്കൂടാ, അതു നമ്മുടെ കണ്ണുകളെ മഞ്ഞിപ്പിക്കും എന്നാൽ അതിന്റെ മുന്നോടിയായ ഉദയനക്ഷത്രത്തിന്റെ പ്രകാശമോ കണ്ണുകളെ കുളിപ്പിക്കുകയും കുളിർ ഊതിപ്പിക്കുകയും ചെയ്യുന്നതാകുന്നു. ഈ പ്രകാശത്തിൽക്കൂടെ അത്രെ നാം ദൈവത്തിന്റെ പ്രകാശത്തെ കാണേണ്ടതു. (സങ്കീ. 36. 9). ഈ ഉദയനക്ഷത്രമാകുന്ന പിതാവിങ്കലേക്കുള്ള നമ്മുടെ വഴികാട്ടി. "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു ; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." (യോഹ. 14. 9). അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന ദൈവത്തിന്റെ സർവ്വപ്രഭയും യേശുവാകുന്ന ഉദയനക്ഷത്രത്തിൽ നാം കാണുന്നു;

ഉദയനക്ഷത്രത്തെ നോക്കി നമുക്കു വളരെ കാര്യങ്ങൾ പഠിപ്പാനുണ്ടു. നക്ഷത്രങ്ങൾക്കു ഒക്കെയും മനുഷ്യന്റെ മേൽ ഓരാകർഷണശക്തി ഉണ്ടെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നതിൽ വളരെ സത്യമുണ്ടു. അതുകൊണ്ടു ക്രിസ്തു ഉദയനക്ഷത്രമെന്ന പേരെടുത്തതു ഏറ്റവും അർത്ഥവത്താകുന്നു. ഉദയനക്ഷത്രം നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന ചില സംഗതികൾ പറഞ്ഞുകൊള്ളട്ടെ.

1. പ്രഭാത നക്ഷത്രം തെളിഞ്ഞു നില്ക്കുമ്പോൾ ആകാശത്തുള്ള മറ്റു അനേക നക്ഷത്രങ്ങൾ മങ്ങുകയാകുന്നു. സൂര്യൻ ഉദിച്ചു വരുന്നതോടുകൂടെ അതിന്റെ കിരണങ്ങളുടെ പരിധിയിൽ ശോഭിച്ചുനിന്ന നക്ഷത്രങ്ങളെ മങ്ങുമാറാക്കുന്നു—എങ്കിലും അതിനോടു ഏറ്റവും അടുത്തു നില്ക്കുന്നതും അതിന്റെ മുന്നോടിയുമായ ഉദയനക്ഷത്രം മങ്ങുന്നില്ല എന്നു തന്നെയുമല്ല മിക്കപ്പോഴും സൂര്യൻ ഉദിച്ചുശേഷവും ഈ നക്ഷത്രത്തെ കാണാവുന്നതാകുന്നു.

ഇതല്ലയോ ഇന്നത്തെ ലോകം വെളിപ്പെടുത്തുന്നതു. ജ്യോതിസ്സുകളെപ്പോലെ ശോഭിച്ചുനിന്ന യൂറോപ്പിലെയും ഇന്ത്യയിലെയും മറ്റു പല സ്ഥലങ്ങളിലെയും രാജാക്കന്മാർ വിണശേഷവും യേശുരാജന്റെ രാജ്യവും രാജത്വവും ശോഭിച്ചുതന്നെ നില്ക്കുന്നു. അനേകം രാജാക്കന്മാരും ഹിറ്റ്ലറിനെപോലുള്ള രാജ്യതന്ത്രജ്ഞന്മാരും യേശുവിനെ വിഴിപ്പാൻ ആവോളം ശ്രമിച്ചിട്ടും ഈ ഉദയ നക്ഷത്രം പ്രകാശിച്ചു തന്നെ നില്ക്കുന്നു. എന്താണിതിന്റെ രഹസ്യം? ലോകത്തിന്റെ ജീവനും പ്രകാശവുമാകുന്ന സൂര്യൻ അഥവാ പിതാവായ സർവ്വശക്തൻ പുത്രനായ തന്റെ മുന്നോടിയുടെ പുറകിൽ നില്ക്കുന്നതിനാലത്രെ.

2. ഉദയനക്ഷത്രം പകലിന്റെ ആരംഭത്തെ കാണിക്കുന്നു. "രാത്രി കഴിവാറായി പകൽ സമീപിച്ചിരിക്കുന്നു" എന്നാകുന്നു ഈ നക്ഷത്രം വിളിച്ചു പറയുന്നതു. ഈ നക്ഷത്രം കിഴക്കു കാണുമ്പോൾ പക്ഷികൾ ഉണർന്നു പാട്ടു തുടങ്ങുകയും സകല ജീവജാലങ്ങൾക്കും ചൈതന്യം ഉണ്ടാകുകയും ചെയ്യുന്നു. സൂര്യോദയത്തോടുകൂടെ വിടരുന്ന ചില പുഷ്പങ്ങൾ ഉണ്ടു. മൊട്ടകളിൽ അടക്കി വെച്ചിരുന്ന അവയുടെ സൌരഭ്യം സൂര്യപ്രകാശത്തിന്റെ സന്തോഷാലിംഗനത്തിൽ അവ ഉറന്നു വിടുന്നു. സൂര്യന്റെ മുന്നോടിയായ ഉദയനക്ഷത്രം

വരുത്തുന്ന രൂപാന്തരങ്ങളെ കണ്ടിട്ടും "രാത്രികഴിവാറായി പകൽ അടുത്തിരിക്കുന്നു എന്നുള്ള സത്യം മനുഷ്യൻ ഗ്രഹിക്കുന്നില്ലയോ?! ക്രിസ്തീയ സഭകളെ ! ഉണരുവിൻ! ഉണരുവിൻ! ഓരോ സൂര്യോദയത്തിങ്കലും ഉദയനക്ഷത്രം നമ്മെ ഓർമ്മപ്പെടുത്തുന്നതു "രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു" എന്നത്രെ.

3. സൂര്യന്റെ മുന്നോടിയായിരിക്കുന്ന നക്ഷത്രം ഓരോ വ്യക്തിയുടെയും ആത്മനിലയെ കാണിക്കുന്നു. ഉദയനക്ഷത്രത്തിൽനിന്നു നമുക്കു കണ്ടു പഠിപ്പാൻ പലതുമുണ്ടു. അതു ആകാശം നോക്കിക്കൂടാത്തവണ്ണമുള്ള പ്രകാശത്താൽ ജ്വലിച്ചു നില്ക്കുന്ന സൂര്യന്റെ മുമ്പിലാകുന്നു നില്ക്കുന്നതു. അതിനാൽ അതിന്റെ പ്രകാശം നിമ്നതയുടെയും പരിശുദ്ധതയുടെയും തികഞ്ഞ പ്രതിരൂപമാകുന്നു. അതിനാലത്രേ "ശുഭോദയ ഉദയനക്ഷത്രമെന്നു" പരിഭാഷപ്പെടുത്തിയിരിക്കുന്നതു. നമ്മുടെ ജീവിതത്തിലും നടപ്പിലും നാം സൂക്ഷ്മതയായ ദൈവമുമ്പാകെ ഉദയനക്ഷത്രം പോലെ ശോഭിക്കേണ്ടവരാണെന്നാകുന്നു കർത്താവു തന്റെ മുന്നോടി സ്ഥാനത്താൽ നമ്മെ ഉൽബോധിപ്പിക്കുന്നതു.

എന്നാൽ ക്രമികളും അശുദ്ധരുമായ നാം ഇതിനു അപ്രാപ്യരാകുന്നു. അതുകൊണ്ടു യേശു നമ്മുടെ ജീവിതത്തിന്റെ മുന്നോടിയും അഥവാ നടത്തിപ്പുകാരനുമായി നമുക്കു ആകാശപൂരുഷനായി നമ്മുടെ മുമ്പിൽ നില്ക്കുന്നു. ഈ പ്രഭാതനക്ഷത്രത്തെ നോക്കിക്കൊണ്ടു നമുടെ ദിനംപ്രതിയുള്ള ജീവിതത്തെ നമുക്കു നയിക്കാം. "അവൻ നമ്മെ മരണപര്യന്തം വഴി നടത്തും."

4. ഉദയനക്ഷത്രം അസുമനനക്ഷത്രമായി രൂപാന്തരപ്പെടുന്നു. ഒരു സൂര്യാസുമനത്തിന്റെ മഹത്വം കാണണമെങ്കിൽ ഒരു കടൽപുറത്തു ചെന്നുനിന്നു നോക്കണം. ചക്രവാളത്തിൽ സൂര്യൻ ചെങ്കതിരിൽ മറയുന്നതോടുകൂടെ അതാ! അതിന്റെ മുകളിൽ ഒരു നക്ഷത്രം കാണപ്പെടുന്നു. ഈ നക്ഷത്രം തന്നെ ആകുന്നു സൂര്യോദയത്തിങ്കൽ സൂര്യന്റെ മുന്നോടിയായി നാം കാണുന്നതും. ഇപ്പോൾ അതു മറയുന്ന സൂര്യന്റെ മുകളിൽ നില്ക്കുന്നു. 'യേശു ആകുന്ന ഉദയനക്ഷത്രം ചക്രവാളത്തിൽ മറയുന്ന സൂര്യൻ എന്നപോലെ നമ്മുടെ ആയുസ്സാകുന്ന സൂര്യൻ മരണത്താൽ മറയുവാൻ പോകുന്ന സമയത്തു നമ്മുടെ ദൃഷ്ടിക്കു കാണത്തക്കവണ്ണവും നമ്മെ സ്വീകരിച്ചു തന്റെ അടുക്കലേക്കു ചേർപ്പാൻ തക്കവണ്ണവും മറയുന്ന സൂര്യന്റെ മുകളിൽ വന്നു നില്ക്കുന്ന കാഴ്ച ഹാ! എത്ര മനോഹരമാകുന്നു. !!

ഈ അസുമനനക്ഷത്രത്തെ (Evening Star) നോക്കിക്കൊണ്ടു ഓരോ സത്യവിശ്വാസിയും മരണമാകുന്ന കടൽ അക്കരെ കടക്കുന്നു. റെനിസൻ (Tennison) എന്ന പ്രസിദ്ധ കവി തന്റെ മരണക്കിടക്കയിൽവച്ചു ചൊല്ലിക്കൊടുത്തു എഴുതിച്ച തന്റെ അവസാനത്തെയും അതിശ്രേഷ്ഠവുമായ കവിത ഉദ്ധരിച്ചുകൊണ്ടു ഞാൻ ഈ വിഷയം അവസാനിപ്പിക്കുന്നു.

"Sunset and Evening Star,
And one clear call for Me!
And may there be no moaning
of the Bar,
When I put out to Sea"

For though from out our bourne of
time and place
The flood may bear me far
I hope to see my pilot face to face
When I have crossed the bar

റവ. ഡോ, ഡബ്ലിയു. മക്‌ലെസ്റ്റർഅവർകളുടെ പ്രസംഗപരിപാടി

ജനു. 14. കോട്ടയത്തു വന്നുചേരും. 15. 9. 30 ഭദ്രാസനപ്പള്ളി പ്രസംഗം. 6. 30 കഞ്ഞിക്കഴിപ്പള്ളി പ്രസംഗം 16. ബില്ലിഗ്രാം മിഷ്യൻ കമ്മറ്റി ധ്യാനയോഗം. 16—18 വാഴർ. 19—22. മേലുകാവു. 22—25. കുന്നാട്ടുകരെ. 26—29. ബില്ലിഗ്രാം മിഷ്യൻ കോട്ടയം. 30—ഫെ. 1. ഏറികാട്. 2—5. കോട്ടുകരഞ്ഞി. 5—8. മാടവല്ലികര. 10—12. റാന്നി. 13—14. മല്ലപ്പള്ളി കൊൺവെൻഷ്യൻ. 15—17. കോതമംഗലം. 18. മടക്കയാത്ര.

ബിഷോപ്പുതിരുമനസ്സിലെ പ്രോഗ്രാം

ജനു. 2—6. മദ്രാസ്—സിനഡ് കമ്മറിക്കു. 6—7. കോട്ടയം; അഡ്വാൻ സു പാർട്ടി സന്ദർശനം. 8. കോട്ടയം. കാനൻ ഡവിസിന്റെ സന്ദർശനം; 9—13. തൃശ്ശനാപ്പള്ളി സിനഡുസമ്മേളനം. 14. ഡോ. മക്ലെസ്റ്ററിന്റെ വരവു. 15. കോട്ടയം മക്ലെസ്റ്ററിന്റെ പ്രസംഗം. 16. ബില്ലിഗ്രാം മിക്സൻ കമ്മറി ധ്യാനയോഗം. 20—22. ആലുവാ—ധ്യാനയോഗം. 22. കുമ്പാട്ടുകുടി. 26. കൊച്ചി. 26—29. ബില്ലിഗ്രാം മിക്സൻ. ഫെ. 3—4. ഇലപ്പള്ളി—കണ്ണികൽ 5. 11—12. ഇടക്കുന്നം—ഉപ്പുതറ.

സി. എം. എസ്സ്. കോളേജിലെ ക്രിസ്മസാഘോഷം

ക്രിസ്തുസ്സിനു കോളേജ് അടയ്ക്കുന്നതിനു മുമ്പായി സാധാരണ നടത്താറുള്ള ക്രിസ്തുസ് ഗാനശുശ്രൂഷയ്ക്കുപകരമായി ഒരു ക്രിസ്മസ് പ്രഹസനം കോളേജിന്റെ വനിതാഹോസ്റ്റൽ അംഗങ്ങൾ ഏറ്റവും ഭയഭക്തികരമായും തന്മയത്വത്തോടുകൂടെയും കഴിഞ്ഞ ഞായറാഴ്ച അഭിനയിക്കയുണ്ടായി. ദേവാലയത്തിൽ ആരാധന നടത്തിക്കൊണ്ടിരുന്ന സഖറിയാ പുരോഹിതനെ ഗബ്രിയേൽ മാലാഖ പ്രത്യക്ഷനായതു മുതൽ കിഴക്കുനിന്നുള്ള വിദ്വാന്മാരുടെ വരവു വരെയുള്ള സംഭവവൃത്താന്തം വിവരിക്കുന്ന വേദഭാഗങ്ങൾ ഹോസ്റ്റൽ വാർഡൻ മിസ്സ് ബാങ്കാർട്ട വായിച്ചു കേൾപ്പിക്കയും അതിനിടയിൽ ഓരോ സംഭവത്തെ പ്രതിപാദിപ്പിക്കുന്ന രംഗങ്ങൾ തുടച്ചയായി അതിനു ചേർച്ചയായ വേഷവിധാനത്തോടുകൂടെ പെൺകുട്ടികൾ ആ രംഗത്തു പ്രത്യക്ഷമായി അഭിനയിക്കയും ഓരോന്നിനും യോജിച്ച ക്രിസ്തുസ് ഗാനങ്ങൾ ഒരു ഗായകസംഘം പാടുകയും ചെയ്തു കോളേജ് അദ്ധ്യാപകരും വിദ്യാർത്ഥികളും സന്ദർശകരും ഉൾപ്പെട്ട സദസ്യർക്കു ഏറ്റവും രസകരമായും വിജ്ഞാനപ്രദമായും ഭക്തിസംവർദ്ധകമായും തന്നെ ഭവിച്ചു. പല ദിവസത്തെ പരിശീലനത്തിന്റെ ഫലമായി ഇപ്രകാരമുള്ള ഒരഭിനയം വിജയകരമായി നടത്തുവാനിടയായതിൽ മിസ്സ് ബാങ്കാർട്ടും മിസ്സസ്സ് തോംപ്സനും അഭിനന്ദനാർഹരാണ്.

ബേക്കർസ്കുൾ ക്രിസ്മസാഘോഷം

ക്രിസ്മസവധിക്കു മുമ്പായി ആണ്ടുതോറും പ്രസ്തുത സ്കൂളിൽ നടത്താറുള്ള ക്രിസ്തുസ് ശുശ്രൂഷയും ആഘോഷവും 21നു ബുധനാഴ്ച വൈകുന്നേരം 6 മണിക്കു സ്കൂൾ ചാപ്പലിൽ വെച്ചു നിർവ്വഹിക്കയുണ്ടായി. മാരേത്തോമ്മാ സഭയിലെ റവ. കെ. സി. ജോഷ്വാ, റവ. ഒ. ജെ. ജോസഫും സി. എസ്സ്. ഐയിലെ റവ. കെ. ഒ. ഫിലിപ്പും, റവ. സി. കെ. ജോണും അതിൽ സംബന്ധിച്ചു. ആദ്യമായി കുട്ടികളും, അദ്ധ്യാപകരും, പട്ടക്കാരും ചേർന്നു ക്രിസ്തുസ്ഗീതങ്ങൾ പാടിക്കൊണ്ടു ചാപ്പലിനു ചുറ്റും ഒരു പ്രദക്ഷിണം നടത്തി അകത്തു പ്രവേശിച്ചതിന്റെ ശേഷം ഒരു ക്രിസ്തുസ് ട്രാബ്ളോ പ്രദർശനമാണു നടന്നതു. ഉണ്ണിമശിഹാ ജനിച്ചു പുൽത്തൊട്ടിയിൽ കിടക്കുന്നതും മറിയയും യൌസേഫും സൂക്ഷിച്ചിരിക്കുന്നതും മാലാഖമാർ പ്രത്യക്ഷമായി പാട്ടുപാടുന്നതും ആട്ടിടയർ ബദ്ധപ്പെട്ടു വന്നു വന്ദിക്കുന്നതും വിദ്വാന്മാർ വന്നു കാഴ്ചവെക്കുന്നതുമായ സംഭവങ്ങളുടെ ഭയഭക്തികരവും ഉത്തമവുമായ ഒരു പ്രദർശനമായിരുന്നു അതു. അനന്തരം ക്രിസ്തുസ് ശുശ്രൂഷ പാട്ടും വേദവായനയും പ്രാർത്ഥനകളുമടങ്ങിയ നാലു ഭാഗങ്ങളിലായി പട്ടക്കാർ മാറിമാറിത്തന്നെ നടത്തി. അദ്ധ്യാപികമാരിൽ ഒരാൾ ഒരു ക്രിസ്തുസ്കഥ രസകരമായും ലളിതമായും പറഞ്ഞുകേൾപ്പിച്ചു. കാണിക്കശേഖരത്തിന്റെശേഷം റവ. സി. കെ. ജോണച്ചൻ പ്രാർത്ഥനയും ആശീർവ്വാദവും കഴിച്ചവസാനിപ്പിച്ചു. എല്ലാവരും പുറത്തിറങ്ങിയപ്പോൾ മനോഹരമായി അലങ്കരിക്കപ്പെട്ടതും വർണ്ണദീപങ്ങളാൽ പ്രകാശിപ്പിക്കപ്പെട്ടതുമായൊരു ക്രിസ്തുസ് മരവും ദർശിക്കയുണ്ടായി.

ഡൽഹിയിലെ സെന്റോമസ് ദിനാഘോഷം

ഡിസംബർ 18ാം തീയതി ന്യൂഡൽഹിയിൽവച്ചു പ്രസിഡണ്ടു പ്രസാദവര്യകളുടെ അദ്ധ്യക്ഷതയിൽ തോമസ്ശ്ലീഹാദിനാഘോഷസമ്മേളനം ഭംഗിയായി നടന്നിരിക്കുന്നു. സന്നിഹിതരായിരുന്നവരുടെ കൂട്ടത്തിൽ സ്ഥാനാപതിമന്ദിരങ്ങളിലെ ക്രിസ്ത്യൻ മെമ്പറന്മാരും ഇന്ത്യൻയൂണിയന്റെയും സംസ്ഥാനങ്ങളിലെയും മന്ത്രിമാരും തലസ്ഥാനത്തുള്ള ഏതാനും സഭാനേതാക്കന്മാരും ഉണ്ടായിരുന്നു. പ്രസിഡണ്ടിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഇന്ത്യയിലെ മിഷ്യനറിപ്രവർത്തനത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചു. ഇന്ത്യ ഒരു മതേതരരാജ്യമാകയാൽ ഓരോരുത്തർക്കും അവരവർക്കിഷ്ടമുള്ള മതം പരിശീലിക്കുന്നതിനും പ്രസംഗിക്കുന്നതിനുമുള്ള സ്വാതന്ത്ര്യമുണ്ട്. മതത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ സമുദായങ്ങൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഗവർമ്മെൻറു എല്ലാവരോടും ഒരുപോലെ വർത്തിക്കുന്നമെന്നാണു ഭരണനിയമം അനുശാസിക്കുന്നതു. യഥാർത്ഥമായ മിഷ്യനറി പ്രവർത്തനത്തിനു തടസ്സം ചെയ്യണമെന്നു ആർക്കും ഉദ്ദേശമില്ല. വാണിജ്യവ്യവസായ മന്ത്രി ശ്രീകൃഷ്ണമാചാരിയും ഒരു പ്രസംഗം ചെയ്തപ്രകാരം പറഞ്ഞു. മതങ്ങൾ ഒന്നുപോലെ പുഷ്ടിപ്രാപിച്ചു വരുന്ന ഒരു രാജ്യമാണു ഇന്ത്യാ. ഭക്ഷിണേന്ത്യയിൽ ക്രിസ്ത്യാനികൾ ഏറെയുണ്ടെങ്കിലും ഹിന്ദുക്കളെയും ക്രിസ്ത്യാനികളെയും തമ്മിൽ വേർതിരിച്ചറിയാൻ പ്രയാസമാണു. മിഷ്യനറിമാരുടെ പ്രവർത്തനങ്ങളെ അപലപിക്കുന്നതു ശരിയല്ല. ആകപ്പാടെ അവരുടെ പ്രവർത്തനങ്ങൾ നന്മയായിട്ടുള്ളതാണു. വേറെ ചിലരും സമ്മേളനത്തിൽ പ്രസംഗിക്കയുണ്ടായി. മി. സി. പി. മാത്തൻ സ്വാഗതപ്രസംഗം നടത്തി. വിശുദ്ധ തോമസപ്പൊസ്തലന്റെ വരവിന്റെ 1903-ാം വാർഷികമാണു ന്യൂഡൽഹിയിൽകൊണ്ടാടിയതു.

ക്രിസ്ത്യാനിമാർഗ്ഗവും ഒരു വലിയ മതംതന്നെ. മഹാത്മഗാന്ധി തന്നെയും ഹിന്ദുമതത്തോടൊന്നുപോലെ ക്രിസ്തുമതത്തോടു കടപ്പെട്ടിരിക്കുന്നു. ലോകത്തിലെ ഒരു പുരാതന ക്രിസ്ത്യനിയായ സെന്റോമസിനോടുള്ള ആദരി പ്രതൃക്ഷമാക്കുന്നതിനു സർവ്വമതസ്ഥരുമടങ്ങിയ ഒരു ജനസംഘം ഇവിടെ സന്നിഹിതരായിരിക്കുന്നതിൽ സന്തോഷിക്കുന്നു. യൂറോപ്പിലെ രാജ്യങ്ങളിൽ ക്രിസ്തുമതം പ്രചരിക്കുന്നതിനുമുമ്പു തന്നെയാണു വി. തോമസ് ഇന്ത്യയിൽ വന്നതെന്നുള്ളതു ശ്രദ്ധേയമാണു. ഇന്ത്യയിലെ ക്രിസ്ത്യാനികൾക്കു ഇതരരാജ്യങ്ങളിലെ ക്രിസ്ത്യാനികളെക്കാൾ കൂടുതൽ പുരാതനപാരമ്പര്യമുണ്ടെന്നുള്ളതു പ്രശംസാർഹമാണു. മഹാത്മജിയെല്ലാം ഉപദേശിച്ചിട്ടുള്ളതു പരസഹിഷ്ണുതയാണു. മഹാത്മഗാന്ധിയുടെ ഉപദേശവും അതുതന്നെയായിരുന്നു. അതുകൊണ്ടാണു ഇരുനൂറുവർഷത്തേക്കുള്ള ബ്രിട്ടിഷ് ഭരണത്തിനുശേഷം ഇന്ത്യക്കു അവരോടു യാതൊരു പകയുമില്ലെന്നു മാത്രമല്ല ഇന്നവരുമായുള്ള ബന്ധം പൂർവ്വാധികം സൌഹാർദ്ദമായിരിക്കുന്നതു്.

പ്രസിഡണ്ടു തുടർന്നു പറഞ്ഞു. ക്രിസ്തുമാർഗ്ഗത്തെ പ്രസംഗിച്ചു ക്രിസ്തുവിനെ ഇന്ത്യൻ ജനതയുടെ സമക്ഷം വെളിപ്പെടുത്തുന്നതിനാണെങ്കിൽ ഞങ്ങൾ എല്ലാ മിഷ്യനേയും സ്വാഗതം ചെയ്യുന്നു. സംശയാസ്പദമായ വഴികളും രീതികളും ഉപയോഗിക്കുമ്പോൾ മാത്രമാണു പ്രയാസങ്ങൾ നേരിടുന്നതു. എന്റെ ജനങ്ങളോടു എനിക്കു പറവാനുള്ളതിതാണു. വിരുദ്ധമായുള്ളതു വല്ലതും കാണുമ്പോൾ ശ്രോതാക്കൾ തങ്ങളുടെ നേരെതിരിച്ചു തങ്ങളിൽതന്നെ വിരുദ്ധമുണ്ടോയെന്നു നോക്കട്ടെ.

അഭ്യന്തരമന്ത്രി പണ്ഡിത പന്ത ഇപ്രകാരം പറഞ്ഞു. ക്രിസ്തുമതത്തിന്റെ ആവിർഭാവത്തോടുകൂടെത്തന്നെ അതിന്യൂനമായി സ്ഥാപിതമായി രാജ്യത്തെ മൂന്നാമത്തെ വലിയമതമായിത്തീർന്നിരിക്കുന്നു. മറ്റു പല മതങ്ങളും ഇന്ത്യയിൽ വളർന്നുവന്നിട്ടുണ്ട്. അതിനാൽ ജീവിതത്തിലുള്ള പരസഹിഷ്ണുതാസ്വഭാവത്തെയാകുന്നു ഒരുവിപ്പെടുത്തുന്നതു. ഏതു മതത്തിലുള്ളവരായിരുന്നാലും ശരിബുദ്ധരായി നിലനിന്നവരുടെ കൂട്ടായ്മ ബലപ്പെടുത്തുകയാണു വേണ്ടതു. പുരോഗതിയുടെ പാതയെ പുലർത്തുന്നതു ക്രിസ്ത്യാനിത്വത്തിന്റെ പുറമേയുള്ള ഭാവമല്ല അതിന്റെ ഉള്ളിലുള്ള ജീവനാണ്.

ദിവംഗതനായ ഹബ്ബാക്ക് ബിഷോപ്പുതിരുമേനി

കൽക്കത്താബിഷോപ്പും ഇന്ത്യയുടെ മെത്രാപ്പോലിത്തായുമായിരുന്ന ഹബ്ബാക്ക് ബിഷോപ്പു തിരുമേനി കഴിഞ്ഞ നവംബർമാസാരംഭത്തിൽ ഇംഗ്ലണ്ടിൽവച്ചു പരലോകപ്രാപ്യനായെവിവരം പത്രങ്ങളിൽനിന്നും ഗ്രഹിച്ചു കാണുമല്ലോ. അദ്ദേഹം 1906-ൽ ഒരു എഞ്ചിനിയരായി ഇന്ത്യയിൽ ഏത്തുകയും കൽക്കത്താ ദുരുഖത്തുരണ്ടുവർഷം പ്രവർത്തിക്കയും ചെയ്തു. 1908-ൽ കാസ്റ്റ്ഫോർഡു മിഷ്യനോട്ടു ചേരുകയും 1912-ൽ ക്രിസ്തുസഭയിലെ ഒരു പുരോഹിതനായി തിരുകയും ചെയ്തു. 1924 മുതൽ 21 വർഷം ആസ്ട്രേലിയിലെ ബിഷോപ്പായിരുന്നു. 1946-ൽ കൽക്കത്തായിലെ ബിഷോപ്പും ഇന്ത്യയുടെ മെത്രാപ്പോലിത്തായുമായി നിയമിക്കപ്പെടുകയും 1950-ൽ അതിൽനിന്നു വിരമിച്ചു ഇംഗ്ലണ്ടിലേക്കു മടങ്ങുകയും ചെയ്തു. 5 വർഷത്തെ വിരമജീവിതശേഷമാണു മരണം പ്രാപിച്ചതു. ലഘുജീവിതത്തിൽ ത്യാഗവയ്തനായി ആയുസ്സുമുഴുവനും ജീവിച്ച ഒരു ദൈവമനുഷ്യനായിരുന്ന അദ്ദേഹത്തിനു ഇന്ത്യയുടെ മെത്രാപ്പോലിത്താ എന്ന രാജ്യപദവി അത്ര ഇമ്പകരമായി തോന്നിയിരുന്നില്ല അതുകൊണ്ടുംതന്നെയാണു 5 വർഷത്തിനുശേഷം അതിൽനിന്നു വിരമിക്കാനിടയായതു. എന്നാൽ അസ്സാം ബിഷോപ്പായിരുന്ന 20 -ലധികംവർഷം അദ്ദേഹത്തിന്റെ ക്രൈസ്തവസേവനം അത്യന്തം ഫലകരമായിരുന്നു. സ്വജാതിക്കാരായ യൂറോപ്യൻ ഉദ്യോഗസ്ഥന്മാർക്കും പട്ടാളക്കാർക്കും തോട്ടക്കാർക്കും മാത്രമല്ല തന്റെ മഹായിടവക ജനങ്ങൾക്കെല്ലാം ഒരു യഥാർത്ഥ ആത്മിക പിതാവു തന്നെയായിരുന്നു.

സഭയിലെ ശുശ്രൂഷയ്ക്കായി ആളുകളെ തിരഞ്ഞെടുക്കുന്നതിലും അവരെ ഉന്നതമായ ഉദ്ദേശനിവൃത്തിയ്ക്കുവേണ്ടി പരിശീലിപ്പിക്കുന്നതിലും ഇന്ത്യൻ നേതൃത്വം വികസിപ്പിക്കുന്നതിലും പ്രത്യേകം ശ്രദ്ധപതിക്കയും അത്യധികം അദ്ധ്വാനിക്കയും ചെയ്തു. ഇന്ത്യാ സ്വാതന്ത്ര്യം പ്രാപിച്ചതോടെ ഒരു പരിവർത്തനഗതിയിൽ പ്രവേശിച്ചതു മുഖാന്തരമായി പല വിഷമപ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടതായും വന്നുകൂടി. ഇതുവരെയും ബ്രിട്ടിഷു ചക്രവർത്തിയുടെ നിയമനമായിരുന്ന മെത്രാപ്പോലിത്താപദം സഭയുടെ തിരഞ്ഞെടുപ്പിലേയ്ക്കായ ഒരു നിയമനമായി പരിണമിക്കയും ഗവൺമെൻറിൽനിന്നുള്ള ധനസഹായം നിറുത്തലാക്കുകയും ചെയ്തതുകൂടാതെ ഇന്ത്യാ പാകിസ്ഥാൻ ബർമ്മാ സിലോൺ എന്നീ സ്വതന്ത്രരാജ്യങ്ങളിലെ സഭയെക്കൂടെ തന്റെ ഭരണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഈ ഭാരങ്ങളെല്ലാം ക്ഷമാപൂർവ്വം വഹിച്ചുകൊണ്ടു ധൈര്യസമേതം വിജയകരമായി പരിപൂർണ്ണമൈവാശ്രയത്തോടെ സ്വതന്ത്രനിയ്ക്കുവാൻ നിവർത്തിച്ചു. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ഒരു വിശിഷ്ടഗുണം വിനയമായിരുന്നു. അവസാനമായി കൽക്കത്താ ബിഷോപ്പായി തന്റെ മഹായിടവകയ്ക്കു എഴുതിയ ഇടയലേഖനത്തിൽ തന്റെ അനേകം കുറവുകൾക്കായി നിരുപാധികമായ ക്ഷമായാചനം ചെയ്യുകയുണ്ടായി. അത്യഗാധമായ ആത്മികവീക്ഷണഗതിയും സൂക്ഷ്മശ്രദ്ധതിക്ഷ്ണതയും, ചിലപ്പോഴെല്ലാം അസ്ഥാനത്തായി പോയിട്ടുള്ള ഔദാര്യബുദ്ധിയും ധാർമ്മികസ്ഥൈര്യവും മറ്റുള്ളവർ അദ്ദേഹത്തിൽ അത്യധികം വിലമതിച്ചിരുന്ന ശ്രേഷ്ഠഗുണങ്ങളായിരുന്നു. അദ്ദേഹത്തോടും സഭയിലെ പൌരോഹിത്യത്തോടും ഏതുയും അടുത്തിരുന്ന ഒരു ജീവിതഗതിയായിരുന്നു തിരുമേനിക്കുണ്ടായിരുന്നതെന്നാണു പൊതുജനസമ്മതം.

ബില്ലിഗ്രഹാം

(4)

ബില്ലിഗ്രഹാമിന്റെ "മഹനീയമായ ലണ്ടൻ കുരിശുയുദ്ധത്തെ"പ്പറ്റിയുള്ള ചില വിവരങ്ങൾ കഴിഞ്ഞ ലേഖനത്തിൽ നല്കിയിരുന്നുവല്ലൊ. 19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ മൂഡി, സാങ്കി എന്നീ മിഷ്യനറിപ്രവരന്മാരുടെ തിക്ഷ്ണമായ സുവിശേഷപ്രഘോഷണം ഇംഗ്ലണ്ടിന്റെ സഭാചരിത്രത്തിൽ എന്നുവേണ്ടാ, ഇംഗ്ലണ്ടിന്റെ മതേശീയചരിത്രത്തിൽപോലും അവിസ്മരണീയമായ സംഭവങ്ങളുണ്ട്. എന്നാൽ അമേരിക്കക്കാരനായ ബില്ലി

ഗ്രഹാമിന്റെ ലണ്ടൻ കുരിശുയുദ്ധം അവയേക്കാൾ തീക്ഷ്ണതരവും സാവ്വജനീനവുമായിരുന്നു. ബില്ലിഗ്രഹാമിന്റെ ഉണർവു പ്രസംഗങ്ങൾ അമേരിക്കയിൽ വമ്പിച്ച വിജയമായിരുന്നിരിക്കാം. എന്നാൽ ഇംഗ്ലണ്ടിൽ അതത്ര വിലപ്പോവുകയില്ല എന്നായിരുന്നു വിമർശകന്മാരുടെ അഭിപ്രായവും മിഥ്യാദർശനവും. കാരണം, ഇംഗ്ലീഷുകാർ കുറേകൂടി യഥാസ്ഥിതികരാണു. അവർ അമേരിക്കരെപ്പോലെ അത്ര വേഗം ഇളകുന്നവരല്ല.

എന്നാൽ ഏറ്റവും കൃശമായ വിമർശനങ്ങളെപ്പോലും നിഷ്പ്രഭമാക്കത്തക്കവിധത്തിലാണ് ബില്ലിയുടെ കുരിശുയുദ്ധം അനുദിനം പുരോഗമിച്ചുകൊണ്ടിരുന്നതു്. ഇരുപതാം നൂറ്റാണ്ടിന്റെ ഈ മദ്ധ്യഘട്ടത്തിൽ ഭൗതികവാദവും വസ്തുമയതാവും വളരെയധികം വർദ്ധിച്ചിട്ടുണ്ടു എന്നുള്ളതു വാസ്തവമാണു. അതുപോലെതന്നെ സയൻസിന്റെ കണ്ടുപിടുത്തങ്ങളും അത്ഭുതാവഹമായ പുരോഗമനവും ഏതാണ്ടു മൂർദ്ധന്യദശയിൽ എത്തിയിട്ടുമുണ്ടു. പക്ഷെ രണ്ടാംമഹായുദ്ധത്തിനുശേഷം ഇംഗ്ലണ്ടിലെ പൗരസഞ്ചയം ഒരു ആന്തരികമായ സാമാധാനത്തിനും ആശ്വാസത്തിനുംവേണ്ടി നെടുവീർപ്പിട്ടുകൊണ്ടിരിക്കയായിരുന്നു. ഈ പാശ്ചാത്തലത്തിലാണു സർവ്വശക്തനായ ദൈവം, ബില്ലിഗ്രഹാമിനെ തന്റെ ആയുധമാക്കിയതു്.

ഡോ. ഗ്രഹാം ഇംഗ്ലണ്ടിൽ കാലെടുത്തു കുത്തിയപ്പോൾ, പത്രപ്രവർത്തകന്മാർ ഏതാണ്ടു നിന്ദാപൂർവ്വമായ ഒരു മനോഭാവമാണു പ്രകടിപ്പിച്ചതു. "ചൂടപ്പിടിച്ച സുവിശേഷകൻ" "സുവിശേഷകസർക്കസ്" "അമ്പതുകൊല്ലം പുറകോട്ടോ?" എന്നിങ്ങനെ ഹാസ്യസൂചകമായ തലക്കെട്ടുകൾ കൊടുത്താണു പലപത്രങ്ങളും ഗ്രഹാം സംഘത്തെ സ്വാഗതം ചെയ്തതു!

"നാം എന്തു ചെയ്യണം, എന്തു ചിന്തിക്കണം എന്നു പറവാനായി ഇതാ ഒരു അമേരിക്കൻ ഇറക്കുമതി!" "സിനിമാതാരങ്ങൾ—പിന്നെ ബില്ലി ആയാലെന്തു?" എന്നും മറ്റുമുള്ള വിശേഷണങ്ങളാണു പത്രങ്ങളിൽ പലതും പ്രയോഗിച്ചതു. പക്ഷെ മറ്റൊന്നു മാറി. ബില്ലിഗ്രഹാമിന്റെ അനന്യസാധാരണമായ വിനയവും, സ്നേഹഭാവവും, സ്ഫടികസ്ഫുടമായ ആത്മാർത്ഥതയും ഇംഗ്ലീഷുകാരെ ആകർഷിക്കുവാൻ തുടങ്ങി. അതോടൊപ്പം അത്യുഗ്രവും അതിതീക്ഷ്ണവുമായ അദ്ദേഹത്തിന്റെ സുവിശേഷോപന്യാസം ഗ്രേറ്റ്ബ്രിട്ടനിലെല്ലാം അലയടിച്ചുപരന്നു. അതങ്ങനെ നിന്നുനിന്നു. എന്തുകൊണ്ട്? മൂന്നുമാസക്കാലത്തേക്കു. ബില്ലിഗ്രഹാം ഒരു നൂറു പൊതുയോഗങ്ങളിൽ പ്രസംഗിക്കുകയും, അനേകമനേകം പ്രാർത്ഥനായോഗങ്ങളിലും, "ആലോചനകാരുടെയും സഹായികളുടെ"യും കൂട്ടങ്ങളിലും പങ്കെടുക്കുകയും ചെയ്തു. അവിശ്രാന്തമായ സുവിശേഷോപന്യാസം! ജനങ്ങളുടെ അനാസ്ഥ പെട്ടെന്നു മാറി. പത്രങ്ങളുടെയും പത്രലേഖകന്മാരുടെയും സ്വരവും മാറിത്തുടങ്ങി, അനാസ്ഥയിൽ നിന്നു ഒരു പുതുമയിലേക്കും അവിടെ നിന്നു സാവ്വജനീനമായ ഒരു ജനകീയ ഭാവത്തിലേക്കും കടന്നു.

അദ്ദേഹത്തിന്റെ പുറകെ തടിച്ചുകൂടിയ ബഹുജനങ്ങൾ ഒരു മാതിരി മതഭ്രാന്തന്മാരല്ലേ? എന്നാണു പ്രാരംഭകാലത്തു ഒരു പത്രലേഖകൻ അദ്ദേഹത്തോടു ചോദിച്ചതു. ബില്ലിഗ്രഹാം സൗമ്യകഠോരസ്വരത്തിൽ നല്കിയ മറുപടി ഏതാണ്ടിപ്രകാരമായിരുന്നു. "ഈ രാജ്യത്തെ അനേകം മൈത്രികരും, സൈനികോദ്യോഗസ്ഥന്മാരും, പാലിമെന്റ് മെമ്പറന്മാരും, അതേ, ഈ സുവിശേഷയോഗങ്ങൾക്കുവേണ്ടി കാത്തിരുന്നു പ്രാർത്ഥിച്ചതായ അനേകമനേകം നല്ല ക്രിസ്ത്യാനികളും മതഭ്രാന്തന്മാരാണെങ്കിൽ ഈ ജനകൂട്ടവും മതഭ്രാന്തന്മാർ തന്നെ..."

ജനങ്ങളുടെ ഹൃദയങ്ങളിൽ ആഞ്ഞടിച്ച അദ്ദേഹത്തിന്റെ ഉപമ ഇപ്രകാരമായിരുന്നു. "നിബിഡമായ മൂടൽമഞ്ഞിൽ അകപ്പെട്ടുപോയ ഒരു വിമാനം, അതിന്റെ താവളം ഏതാണെന്നറിയാതെ താവളവുമായുള്ള ബന്ധം നഷ്ടപ്പെട്ട ലക്ഷ്യരഹിതമായി ചുറ്റിത്തിരിയുന്നതുപോലെ ജീവിതത്തിന്റെ കഠിനഭാരങ്ങളും, നിരാശയും ചിന്താകുഴപ്പവും തോന്നിക്കൊണ്ടു എങ്ങോട്ടെന്നറിയാതെ ഉഴലുന്ന മഹാജനങ്ങളെ നിങ്ങൾക്കു ക്രിസ്തുയേശു മുഖാന്തരം സർവ്വശക്തനുമായുള്ള ബന്ധം പുലിക്കുവാൻ ഇതാ സന്ദേശം ലഭിച്ചിരിക്കുന്നു.

ഇംഗ്ലണ്ടിലെങ്ങും ഒരു പുതിയ ഉണർവുണ്ടായി. പള്ളിയാരാധനകളിൽ സംബന്ധിക്കുന്നവരുടെയും മതകാര്യങ്ങളിൽ കൂടുതൽ കൂടുതലായി പ്രതിപത്തി കാണിക്കുന്നവരുടെയും സംഖ്യ അനുദിനം കൂടിക്കൂടി വന്നു. ഹാരിംഗ്ടേയിലേക്കു എല്ലാ സന്ധ്യാവേളകളിലും പരസ്സഹസ്രം ജനങ്ങൾ പ്രവഹിച്ചുതുടങ്ങി. മീറ്റിംഗ് സ്ഥലത്തു ഇരിപ്പിടമില്ലാതെ അനേ

കായിരങ്ങൾ പുറത്തു നില്ക്കേണ്ടിവന്നു. ഒരു പൊതുയോഗത്തിനു പകരം പലപ്പോഴും രണ്ടു പൊതുയോഗങ്ങൾ നടത്തേണ്ടിവന്നു. മീറിംഗിനു സമയത്തിനു മുമ്പേതന്നെ വഴിയരികിൽ ആളുകൾ കൂടി നിന്നു തുടങ്ങി. മോട്ടോറുകളും, ട്രക്കുകളും, വാനുകളും അണിയണിയായി നിരന്നു കിടന്നു. ബസ്സുകളും, ട്രാമുകളും ടെയിനുകളും അനേകം സ്പെഷ്യൽ ട്രിപ്പുകൾ നടത്തേണ്ടിവന്നു. പിടിയിലൊതുങ്ങാത്ത ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടി പോലീസ് സംഘങ്ങൾ അഹോരാത്രം പണിയെടുക്കേണ്ടി വന്നു. ഇംഗ്ലണ്ടിലെ ജനങ്ങൾക്കു സുപരിചിതമായ ഗീതങ്ങളും കീർത്തനങ്ങളും ജനങ്ങൾ കൂട്ടംകൂട്ടമായി നിന്നു ആലപിച്ചു. കൊച്ചുകുട്ടികൾക്കുവേണ്ടി മാത്രമുള്ള ഒരു യോഗത്തിൽ ഏതാണ്ടു അമ്പതിനായിരം കുഞ്ഞുങ്ങൾ സംബന്ധിച്ചു. അവരുടെ കൂടെ ഏകദേശം നാല്പതിനായിരം മാതാപിതാക്കളും!

ഞായറാഴ്ച ദിവസങ്ങളിൽ പൊതുയോഗം നടത്തപ്പെട്ടില്ല. എല്ലാ ക്രിസ്ത്യാനികളും അവർ ഏതു സഭാവിഭാഗത്തിൽ പെട്ടവരായിരുന്നാലും, ഞായറാഴ്ച അവരവരുടെ സ്വന്തം ദേവാലയങ്ങളിൽ ആരാധനക്കു പോകണമെന്നുള്ളതു അദ്ദേഹത്തിനു നിർബ്ബന്ധമാണു. എല്ലാവരും അവരവർ ഉൾപ്പെട്ടുനില്ക്കുന്ന സഭാവിഭാഗത്തോടു കൂറും ഭക്തിയും ഉള്ളവരായിരിക്കണം എന്ന വിശാലതത്വമാണു അദ്ദേഹം അവലംബിച്ചതു.

120 ദിനരാത്രങ്ങൾ തുടച്ചയായി നിങ്ങുനിന്ന പ്രഗത്ഭഗംഭീരമായ ആ സുവിശേഷ ശ്രോഷണ മഹായജ്ഞം—മഹനീയമായ ലണ്ടൻ കുരിശു യുദ്ധം—ഇംഗ്ലണ്ടിന്റെ ദേശീയചരിത്രത്തിലും ആഗോള ബന്ധമായ ക്രൈസ്തവജനതയുടെ ചരിത്രത്തിലും മായാത്ത മുദ്രകൾ പതിച്ചു കൊണ്ടു സമാപ്തിയിലേക്കടുത്തു. അവസാനത്തെ യോഗത്തിൽ 120,000 ജനങ്ങൾ സംബന്ധിച്ചു. ഗ്രഹാം സംഘത്തെ വഹിച്ചുകോണ്ടുപോകുന്നതിനുള്ള ബസ്സ്, ജനക്കൂട്ടത്തെ തള്ളിമാറ്റി ഇഞ്ചിഞ്ചായി മുമ്പോട്ടു വന്നു, ശാന്തമായ സ്വരത്തിൽ അദ്ദേഹം പ്രാർത്ഥിച്ചു. "സർവ്വശക്തനായ ദൈവം നമുക്കു ചെയ്തും ചെയ്തുകൊണ്ടിരിക്കുന്നതുമായ എല്ലാ നന്മകൾക്കുംവേണ്ടി ശിരസ്സുനമിച്ചു നമുക്കു നന്ദി പറയാം. ഇതെല്ലാം ദൈവത്തിന്റെ വ്യാപാരമാണു, അതിന്റെ മഹത്വം മുഴുവൻ അവനു ഉള്ളതാണു..." ദൈവകൃപമൂലം രക്ഷിക്കപ്പെട്ട ഒരു പാപിയെപ്പോലെ ആനതശിരസ്സനായി ആ ഗംഭീര പുരുഷൻ പരസ്സഹസ്രം ജനങ്ങളുടെ മുമ്പിൽ നില്ക്കുന്നതു കാണേണ്ട കാഴ്ചയായിരുന്നു!

"എല്ലാ നന്മയുടെയും ഉറവിടമായ
ദൈവത്തെ നാം സ്തുതിക്കു..."

എന്ന ഗീതം ആൾക്കൂട്ടത്തിലാരോ പാടി. ആയിരമായിരം കണ്ഠങ്ങൾ അതു ഏറ്റു പാടി.

"ഈവനിംഗ് ന്യൂസ്" എന്ന പ്രസിദ്ധ ലണ്ടൻ പത്രം അന്നു സായാഹ്നത്തിൽ ഒരു ബില്ലിഗ്രഹാം പ്രത്യേക പതിപ്പു അടിച്ചിറക്കി. ബില്ലിഗ്രഹാമിനെപ്പറ്റിയും അദ്ദേഹത്തിന്റെ മഹനീയമായ ലണ്ടൻ കുരിശുയുദ്ധത്തെപ്പറ്റിയും ഉള്ള വാർത്തകളും ചിത്രങ്ങളും കൊണ്ടു പത്രം നിറഞ്ഞിരുന്നു. മുഖപ്രസംഗം ഇങ്ങനെയാണു തുടങ്ങിയതു്, "...നിങ്ങൾ എന്തു കാണ്മാൻ മരുഭൂമിയിലേക്കുപോയി? കാറ്റിനാൽ ഉലയുന്ന ഞാങ്ങയോ?...ഒരു പ്രവാചകനെയോ?... അതെ പ്രവാചകനിലും മികച്ചവനെത്തന്നെ എന്നു ഞാൻ നിങ്ങളോടു പറയുന്നു..."

"ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു സമാധാനം"

പ്രഥമ ക്രിസ്തുമസ്സവസരത്തിൽ മാലാഖമാരുടെ സംഘം വാനഗാനം മുഴക്കി പ്രഖ്യാപിച്ച സമാധാനം ഇന്നും ലോകത്തിൽ യഥാർത്ഥമായി സമാഗതമായിട്ടില്ലെന്നു കാണുന്നു. പല വ്യക്തികളിലും ചുരുക്കം സഭായോഗങ്ങളിലും അപൂർവ്വമായി സമാധാനം സ്ഥിതി ചെയ്യുന്നെങ്കിലും ലോകത്തിൽ പൊതുവെയും ക്രൈസ്തവസമുദായങ്ങളിൽ തന്നെയും സമാധാനമില്ലാതെയാണു കഴിഞ്ഞുകൂടുന്നതു. ലോകസമാധാനത്തിനുള്ള പ്രയത്നങ്ങൾ ചെയ്യുകയും മാർഗ്ഗങ്ങൾ ആരായുകയും കൂടിയാലോചനകൾ നടത്തുകയും ചെയ്യുന്നെങ്കിലും ഇതുവരെയും സമാധാനം സ്ഥാപിത

മായില്ലെന്നുള്ളത് എത്രപരിതാപകരമാണ്. കാരണം ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കുണ്ടായ സമാധാനമെന്നുള്ള ദിവ്യപ്രമാണത്തെ അവഗണിച്ചും തിരസ്കരിച്ചും പ്രവൃത്തിക്കുന്നതുകൊണ്ടാണെന്നുള്ള ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഓരോരോ ആണ്ടിലും വിശിഷ്യ ക്രിസ്മസ്സാവസരത്തിൽ പ്രസ്തുത പ്രഖ്യാപനം ലോകമെങ്ങും കേൾക്കുകയും പ്രതിധ്വനിക്കയും ചെയ്യുമെങ്കിലും സാമൂഹ്യവും രാഷ്ട്രീയവുമായ ജീവിതഗതിയിൽ അതു പ്രായോഗികമാക്കപ്പെട്ടുന്നില്ല. ലോകസമാധാനത്തിനു വേണ്ടി ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചിട്ട പത്തുവർഷമായെങ്കിലും രാഷ്ട്രങ്ങൾ തമ്മിൽ ഐക്യമോ പരസ്പര ധാരണയോ ഉളവാകാതെ ശീതയുദ്ധത്തിലും അവിടവിടെ ചെറിയ തോതിലുള്ള യുദ്ധങ്ങളിലും അകപ്പെട്ട അസ്സമാധാനത്തിൽ കഴിച്ചു കൂട്ടുന്നു. ഈ പത്തുവർഷത്തിനിടയിൽ സമാധാനസ്ഥാപനാർത്ഥം നിഷ്കർഷിക്കപ്പെട്ടിട്ടുള്ള സമ്മേളനങ്ങൾ എത്ര വലുതെ! ജനീവാ ഉന്നതതല സമ്മേളനം ബാണ്ടുങ്ങു സമ്മേളനം ബാഗ്ദാദ് സമ്മേളനം ജനീവായിലെ വിദേശ മന്ത്രിമാരുടെ സമ്മേളനമെല്ലാം കൂടി നിശ്ചയങ്ങൾ പാസ്സാക്കുകയും സംയുക്ത പ്രസ്താവനകൾ പുറപ്പെടുവിക്കയും സഹനിവാസത്തിന്റെ തത്വം അംഗീകരിക്കയും ചെയ്തിട്ടുണ്ടെങ്കിലും ഇന്നും ലോകം സമാധാനമില്ലാതെ ഭയത്തിലും ഭീതിയിലും പരസ്പര ദ്വേഷത്തിലും പുച്ഛാധികം തുടരുകയാണു ചെയ്യുന്നതു. മാത്രവുമല്ല പ്രധാന മന്ത്രി നെഹ്റുവിന്റെ റഷ്യാസന്ദർശനവും റഷ്യൻ നേതാക്കന്മാരുടെയും അറേബ്യൻ രാജാവിന്റെയും ഇന്ത്യാസന്ദർശനവും അവരുടെ സംയുക്ത പ്രസ്താവനകളും ഏറെക്കുറെ ഉപകാരപ്രദമാക്കിയെങ്കിലും യഥാർത്ഥമായ സമാധാനത്തിനു വഴിതെളിച്ചിട്ടുണ്ടെന്നു പറയാൻ നിവൃത്തികാണുന്നില്ല.

ഇനിയും എന്നാണു, എങ്ങനെയാണു സമാധാനമനുഭവിക്കാൻ പോകുന്നതു. കർത്താവിന്റെ രണ്ടാമത്തെ ആഗമനംമൂലം സമാധാനത്തിനുള്ള സുദൃഢവഴി വെളിപ്പെടുത്തിയെങ്കിലും അതു പൊതുവെ തന്റെ സൃഷ്ടിയോ മറ്റുള്ളവരോ സ്വീകരിക്കാതെയിരുന്നതിനാൽ ഒന്നാമത്തെ ആഗമനത്തിനു വ്യത്യസ്തമായി ശക്തിയോടും പ്രാവേശത്തോടും കൂടിവന്നു സകലവും യഥാസ്ഥാനത്താക്കാൻ പോകുന്നു. അതിനുള്ള സമയം അടുത്തുവരുന്നു. അതു നമ്മെ വിശേഷാൽ ഓർപ്പിക്കുന്നതിനുള്ള അവസരമായിരുന്നുവല്ലോ ക്രിസ്മസ്സും പുതുവത്സരവും. എന്നാൽ അതിന്റെ സാംഗത്യവും ഗൌരവും മനസ്സിലാക്കാതെ എത്രപേർ കേവലം ലൌകികവും ജഡികവുമായ ഉല്ലാസാനുഭവങ്ങളിൽ കഴിഞ്ഞുകൂടി. കാർഡുകൾ അയച്ചു സൽക്കാരങ്ങൾ നടത്തി പാർട്ടികൾ കൂടുകയും തിന്നുകയും കുടിക്കയും ചെയ്തു. പാട്ടുകൾ പാടി കളികളും നടത്തി സിനിമാ കണ്ണുകുളിർക്കെ കണ്ടു. ഇപ്രകാരത്തെ ക്രിസ്മസ്സും ജനുവരിയും കഴിഞ്ഞു. എങ്ങനെയിരിക്കുന്നു. നിന്റെ സമാധാനത്തിനായുള്ളതു നീ താനും അറിഞ്ഞോ? ഈ പുതിയ ആണ്ടിലേക്കു സമാധാനത്തോടെ പ്രവേശിപ്പാൻ കഴിഞ്ഞോ? ദൈവപ്രസാദമുള്ളവനായിട്ടോ പുതിയ വത്സരത്തിലേക്കു കാലുവെച്ചതു. സമാധാനത്തിന്റെ വ്യവസ്ഥയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന ദൈവപ്രസാദം എങ്ങനെ കൈവരുത്താം? ഒന്നാം ആഗമനത്തിൽ വന്നവനെ കൈക്കൊണ്ട അവന്റെ നാമത്തിൽ വിശ്വസിക്കുന്നതിനാൽ ദൈവമക്കളായി സമാധാനം അനുഭവിക്കാം. അതെങ്ങനെയെന്നുവേണ്ടവണ്ണം ഇതുവരെയും നേർക്കുനേർ ഗ്രഹിച്ചുതായി തോന്നുന്നില്ല. ക്രിസ്തുവിനെ കൈക്കൊള്ളുകയെന്നു പറയുന്നതിൽ എന്താണർത്ഥവിശേഷമിരിക്കുന്നതു. ക്രിസ്തു തന്റെ ഉപദേശംകൊണ്ടും ജീവിതംകൊണ്ടും വെളിപ്പെടുത്തിയതെന്താണ്. അപരനെ അത്യന്തം സ്നേഹിച്ചു അവനുവേണ്ടി തന്നെത്താൻ ത്യജിച്ചു അവനെ നേടുക. അതെങ്ങനെയെന്നുവെച്ചാൽ ഒരപ്പൻ തന്റെ മകനെ നല്ല വഴിയിലേക്കു തിരിക്കുന്നതിനു അവനെ ശരിയായി ഗുണദോഷിച്ചുവഴക്കി പുലഭ്യം വന്നെങ്കിലും പിതാവിനെ അവഗണിച്ചും അതിക്രമിച്ചും ജീവിക്കയാൽ അവനെ ഉപേക്ഷിച്ചുകളയാതെ അവന്റെ പിന്നാലെ ചെന്നു അവനെ നല്ല വഴിയിലേക്കു തിരിക്കുന്നതിനു കഷ്ടാരിഷ്ടതകളും ഉപദ്രവങ്ങളും സഹിച്ചു അവനെ പിടിച്ചുനടന്നവേളയിൽ മകൻ തിരിഞ്ഞു നിന്നുപറഞ്ഞതിനു കൊടുക്കുന്ന സമയത്തും മകനെ നീ എന്നെ കൊന്നാലും ഞാൻ നിന്നെ കൈവിടുകയില്ല നിന്നോടുള്ള സ്നേഹം ക്ഷമിച്ചു നിന്നെ എങ്കലേക്കു ക്ഷണിക്കുന്നെന്നുള്ള ഉറപ്പു നല്കിക്കൊണ്ടു മകന്റെ കയ്യാലെ മരിച്ചതിനാൽ മകൻ പിന്നത്തേതിൽ അതിനെപ്പറ്റി ഗാഢമായി ചിന്തിച്ചതിന്റെ ഫലമായി

അപ്പന്റെ അത്ഭുതസ്നേഹത്തെ ഓർത്തു മൂടിയൻപുത്രനെപ്പോലെ പിതാവിങ്കലേക്കു തന്നെ മടങ്ങി വന്നുചേരുന്നതാണു അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കയെന്നു പറയുന്നതിന്റെ പൊരുളും സാരവും. അങ്ങനെയാകുന്നു ദൈവപ്രസാദം നേടുന്നതു. അവങ്കൽ സമാധാനം കൈവരുന്നതു. നേരെമറിച്ചു കുറ്റാരോപണം ചെയ്യും വാക്കുകളോ ഉപകരണങ്ങളോ സമരായുധങ്ങൾ കൂട്ടുകയും കക്ഷിചേർന്നും പോരിനൊരുങ്ങിയുമിരുന്നാൽ ദൈവപ്രസാദമുള്ളവരുടെ അവകാശാനുഭവം ലഭിക്കയില്ല തന്നെ. ഇതു ഈ വർഷാരംഭത്തിൽ നമ്മുടെ ചിന്തയിലാക്കി നമ്മുടെ ജീവിതത്തിലും ലോകഗതിയിലും പ്രായോഗികമാക്കുന്നതിനുവേണ്ടതെല്ലാം ചെയ്യുന്നതിനു സന്നദ്ധരാകാം.

മതപരിവർത്തന നിയന്ത്രണബിൽ

ഒരു മതത്തിൽനിന്നു മറ്റൊന്നിലേക്കു മാറുന്നതിനെ നിയന്ത്രിക്കുന്നതിനു കർശനമായ ചില വ്യവസ്ഥകൾ നിർദ്ദേശിച്ചു ലോകസഭയിൽ ഒരു സ്വകാര്യബിൽ അവതരിപ്പിച്ചതായി നാം അറിഞ്ഞിട്ടുണ്ടല്ലൊ. പ്രധാന മന്ത്രി അതിന്റെ ഗുണദോഷങ്ങളെ വിശദീകരിച്ചു പ്രസ്താവിക്കയും ഈ ബിൽ മുഖാന്തരം ചൂരികരിക്കാനുദ്ദേശിക്കുന്ന ന്യൂനതകളുടെ സ്ഥാനത്തു മറ്റു ഒഴുക്കുകളും ഒഴുക്കുകളുടെ ഉദ്ഭവസ്ഥാനങ്ങളും വെളിപ്പെടുത്തുകയും ചെയ്തതിന്റെ ശേഷം അവതാരകൻ അതു പിൻവലിക്കുന്നതിനു അഭിപ്രായപ്പെടുകയും ഒരു വൻപിച്ച ഭൂരിപക്ഷം അതിനെ അനുകൂലിക്കയും ചെയ്തുവാൻ ബിൽ തള്ളപ്പെടുകയാണുണ്ടായതു. പ്രധാന മന്ത്രിയുടെ പ്രസംഗം അതു ശക്തിമത്തും ശ്രദ്ധേയവുമായിരുന്നു. അദ്ദേഹത്തിന്റെ ആശയസംഹിതയിലുണ്ടായിരുന്ന പ്രധാന സംഗതികൾ ഇവയാണ്. ട്രാവൻകൂർ കമ്മീഷൻ നിയമിച്ച കമ്മിറ്റി വിവിധ മതക്കാർ നടത്തുന്ന അനാഥശാലകളേയും വനിതാമന്ദിരങ്ങളേയും പരിശോധിച്ചിട്ടു ക്രൈസ്തവമിഷ്യൻ സൂഹങ്ങൾ നടത്തുന്നവയാണ് ഉത്തമമായിട്ടുള്ളതെന്നു റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്ന ഐക്യനിവാരണം ഉണ്ടാകയില്ലെന്നു മാത്രമല്ല മറ്റു ഐക്യങ്ങളുടെ ഉദ്ഭവകയും വിക്ഷോഭസ്ഥിതി വർദ്ധിക്കയും ചെയ്യും. ഭരണഘടനാസമിതിയും പല കമ്മറ്റികളും ആലോചിച്ചതന്നെ ഇതിനെപ്പറ്റി ധാരാളം ചർച്ചകൾ നടത്തിയതാണ്. എന്നാൽ സർക്കാർ വല്ലഭായി പട്ടേൽ അഭിപ്രായപ്പെട്ടതിനനുസരിച്ചു അതു സംബന്ധിച്ചുള്ള വിവാദങ്ങൾ നിർത്തിവെക്കയാണു ചെയ്തു. എന്തെങ്കിലും മർദ്ദനമൊ വഞ്ചനയൊ എവിടെയെങ്കിലും ഉള്ളതായി കണ്ടാൽ രാജ്യത്തെ നീതിന്യായകോടതികൾ മുഖാന്തരം ന്യായം പാലിക്കുന്നതിനു സൌകര്യവുമുണ്ട്. മാത്രവുമല്ല പോലീസുകാർക്കു ഇതുസംബന്ധിച്ചു എവിടെയും തടസ്സപ്പെടുത്തുന്നതിനുള്ള അധികാരം കൊടുക്കുന്നതും അപകടമായിരിക്കാനെ തരമുള്ളൂ. ക്രിസ്ത്യാനികൾ ക്ഷോഭിതരായിട്ടുള്ള ഒരു ശരാശരിയെങ്കിൽ സഭയുടെ ക്രൈസ്തവാംഗങ്ങളാണ് ഇതു സംബന്ധിച്ചു ഉത്തരം പറയേണ്ടവർ.

അനന്തരം ബീഹാറിലുണ്ടായൊരു സംഭവത്തെപ്പറ്റി പ്രധാനമന്ത്രി പ്രസ്താവിച്ചു. ബിഹാറിലെ ഒരു ഗ്രാമത്തിലുള്ള ഒരു ചെറിയ പള്ളിയിൽ കർത്തൃഭോജനശുശ്രൂഷ അനുഷ്ഠിച്ചുകൊണ്ടിരുന്നയവസരത്തിൽ ഒരു ജനസംഘം കയറിവന്നു പുരോഹിതനെയും സഭക്കാരെയും തല്ലുകയും മർദ്ദിക്കയും ചെയ്തിട്ടു ദേവാലയം മലിനമാക്കിത്തീർത്തു. ഇതു ഇന്ത്യൻ നിയമത്തിനു പ്രതികൂലമായൊരു നികൃഷ്ടനടപടിയായിപ്പോയെന്നു പറയാതെ നിവൃത്തിയില്ല. ഇതു കേട്ടമാത്രയിൽ ഞാൻ ഞെട്ടിപ്പോയി. വേണ്ട താമസം ചെയ്യാതെ അതു വാസ്തവമെന്നു അറിയുന്നതുവരെ ഞാൻ അതു വിശ്വസിച്ചില്ല. ഇപ്രകാരമുള്ള ഭീകരപ്രവൃത്തികൾക്കു മനുഷ്യർ വിധേയരാകുന്നതു എത്ര കഷ്ടമാണ്. ഇപ്പോഴത്തെ നിസ്സാരപ്രവൃത്തികളിൽ നിന്നു സംരക്ഷണയാവശ്യപ്പെടുന്നവർക്കു നല്കുന്നതിനു ഗവർമ്മെന്റു ബാദ്ധ്യസ്ഥരാണ്. ഇതുയും പറഞ്ഞുകൊണ്ടു അവതാരകനോടു ബിൽ പിൻവലിക്കുന്നതിനു ആവശ്യപ്പെട്ടു. ക്രിസ്തുമതം ഇന്ത്യയിലെ പ്രധാന മതങ്ങളിൽ ഒന്നാണ്. അനേക ശതാബ്ദങ്ങൾക്കു മുമ്പു സ്ഥാപിക്കപ്പെട്ടതുമാണ്. നമ്മുടെ സ്വരാജ്യക്കാരും സഖികളുമായ ക്രിസ്ത്യാനികൾക്കു മർദ്ദനമെന്നും തെറ്റുകുമെന്നും തോന്നാവുന്ന ഒന്നും നാം ചെയ്യരുതു. അതുകൊണ്ടു ഈ മതപരിവർത്തനനിരോധനബിൽ അവ

തരിപ്പിക്കാതിരിക്കയാണുത്തമം. പല ക്രിസ്ത്യൻ മെമ്പറന്മാരും ബില്ലിനെതിരായി പ്രസംഗിച്ചു വോട്ടിനിട്ടപ്പോൾ വളരെ അധികം പേർ ബിൽ പിൻവലിക്കുന്നതിനെ അനുകൂലിക്കയും അതു തള്ളിപ്പെടുകയും ചെയ്തു.

ഒരു സ്മാരകശ്രൂഷ

റവ. എം. റ്റി. ചാക്കോ അച്ചന്റെ നിര്യാണത്തോടു ബന്ധപ്പെടുത്തി ഒരു സ്മാരകശ്രൂഷ 1955 ഡിസംബർ 18 നു ഞായറാഴ്ച 5 മണിക്കു മാവേലിക്കര ക്രൈസ്റ്റ്ചർച്ചിൽവെച്ചു ബിഷപ്പു തിരുമനസ്സുകൊണ്ടു നടത്തി. ഇടവകപ്പട്ടക്കാരനും ഡിസ്ട്രിക്ട് കൌൺസിൽ അദ്ധ്യക്ഷനും മറ്റു മൂന്നു പട്ടക്കാരും ശ്രൂശ്രൂക്ഷയിൽ പങ്കെടുത്തു. തിരുമനസ്സുകൊണ്ടു ശ്രൂശ്രൂക്ഷാമദ്ധ്യേ മരണാനന്തരജീവിതത്തെക്കുറിച്ചു വിജ്ഞാനപ്രദമായ ഒരു പ്രസംഗം ചെയ്കയും അതോടുചേർന്നു സുവിശേഷത്തിൽ വിളങ്ങിയിരുന്ന ഗുണവിശേഷങ്ങൾ വിശ്വാസപൌരോഹിത്യ ക്രിസ്തീയശ്രൂശ്രൂക്ഷകനെ ഉപമിക്കുന്ന കുറിക്കുകാരൻ, മല്ലപ്പിടുത്തക്കാരൻ, പടയാളി എന്നീ നിലകളിലുള്ളതായിരുന്ന ഏന്നു പല ദൃഷ്ടാന്തങ്ങൾ ഉദ്ധരിച്ചു ചൂണ്ടിക്കാണിക്കുകയും ചെയ്തു.

ശ്രൂശ്രൂക്ഷയിൽ ബന്ധുമിത്രാദികളും ഇടവകജനങ്ങളും കൂടാതെ ഇതരസമുദായാംഗങ്ങളായ ഒട്ടനവധി പ്രമുഖവ്യക്തികളും സംബന്ധിച്ചിരുന്നു.

യോക്കിലെ ആർച്ച്ബിഷോപ്പിന്റെ നിര്യാണം

ഇംഗ്ലണ്ടിൽ യോർക്ക്സ സ്ഥാനത്തിന്റെ ആർച്ച്ബിഷോപ്പ മോസ്റ്റ് റവ. ഡോ. സിറിൽ ഗാർബറ്റ തിരുമേനി ഡിസംബർ 31നു പരലോകപ്രാപുനായിരിക്കുന്നു. ഏതാനും ദിവസത്തെ അസ്വാസ്ഥ്യത്തിലിരിക്കയും ഒടുവിൽ ഉറക്കത്തിൽ സമാധാനത്തോടെ കടന്നുപോകയാണുണ്ടായത്. മരിക്കുമ്പോൾ 80 വയസ്സുണ്ടായിരുന്നു. ആണ്ടവസാനത്തിൽ ജോലിയിൽനിന്നു വിരമിക്കുമെന്നു കഴിഞ്ഞ മെയ്മാസത്തിൽ പറഞ്ഞിരുന്നതാണ്. അദ്ദേഹം അഖിലലോക മിഷ്യനറി സമ്മേളനം മദ്രാസിൽ താംബരത്തുവെച്ചു നടന്ന അവസരത്തിൽ അതിൽ സംബന്ധിച്ചു പ്രധാന പങ്കു വഹിച്ചവരിൽ ഒരാളായിരുന്നു. അതിന്റെ ശേഷം കോട്ടയത്തു വരികയും ദ്രോസനപ്പള്ളിയിലും കോളജ്ഹാളിലും പ്രസംഗിക്കയും ചെയ്തിട്ടുണ്ട്. ബ്രിട്ടനിലെ എല്ലിശബെത്തുരാജ്ഞി പുതുവത്സര ബഹുമതികൾ നാനം ചെയ്ത കൂട്ടത്തിൽ ആർച്ച്ബിഷോപ്പുതിരുമേനിക്കു പ്രീതിസ്ഥാനം നല്കുന്നതിനു നിശ്ചയിക്കയും വിവരം മരണത്തിനു ഒന്നാഴ്ചയ്ക്കുമുമ്പു അറിയിക്കയും ചെയ്തിട്ടുണ്ടായിരുന്നു. മരിച്ചുപോയാൽ പുതുക്കാണ് അതിന്റെ അവകാശി. എന്നാൽ ആർച്ച്ബിഷോപ്പു അവിവാഹിതനായിരുന്നതിനാൽ ബഹുമതിയുടെ പാരമ്പര്യവകാശം നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു.

നവവത്സര ബഹുമതികൾ ബ്രിട്ടീഷ് പ്രജകളായ 1900 പേർക്കാണു ഈ പ്രാവശ്യം നല്കപ്പെട്ടതു്. ആ കൂട്ടത്തിൽ "കൊയ്ലുകമനസ്ക്യൻ" എന്ന അപരനാമമുള്ള ഒരുവനു എം. ബി. ഇ. എന്ന സ്ഥാനം ലഭിച്ചു. ഈ ആൾ കപ്പലിൽ ഡോക്ടറായിരുന്നതാണ്. 1949-ൽ മലേറിയാ രോഗത്തിന്റെ ഗവേഷണകൃത്യങ്ങളിൽ തന്റെ ശരീരത്തിൽ വേണ്ടപ്രയോഗങ്ങൾ നടത്തുന്നതിലേക്കു ഡോക്ടറെ മുട്ടിച്ചുകൊടുത്തു. പ്രസ്തുത പരിക്ഷണങ്ങൾക്കായി 770 പ്രാവശ്യം കൊയ്കെകൊണ്ടു അയാളെ കുടിപ്പിച്ചിട്ടുണ്ട്. മൂന്നു ദിവസത്തെ കൊയ്കുകുടിയുടെ ശേഷം ഡോക്ടർമാർ അയാളുടെ രക്തത്തിന്റെ ഒരു കഷണമെടുത്തു പരിശോധിക്കയും മലേറിയാരോഗചികിത്സയ്ക്കുള്ള പല നൂതന മാർഗ്ഗങ്ങൾ കണ്ടുപിടിക്കയും ചെയ്തിട്ടുണ്ട്.

ഒരു മരണം

നമ്മുടെ മഹായിടവകയിൽ 42 വർഷം വിശ്വസ്തതയോടെ ജോലി ചെയ്തശേഷം ജോലിയിൽനിന്നും വിരമിച്ചു സ്വവേനത്തിൽ താമസിച്ചുകൊണ്ടിരുന്ന പള്ളം സ്വദേശിയായ ശ്രീ. സി. ചാക്കോ അവർകൾ പെട്ടെന്നുണ്ടായ അസ്വാസ്ഥ്യം മൂലം 1955 ഡിസംബർ 25നു വൈകുന്നേരം നാലരമണിക്കു കർത്താവിൽ നിദ്രപ്രാപിച്ചു എന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു. മരിക്കുമ്പോൾ ഇദ്ദേഹത്തിനു 69 വയസ്സു പ്രായമുണ്ടായിരുന്നു. പിറ്റേദിവസം രാവിലെ ഒൻപതരമണിക്കു ബിഷോപ്പുതിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും, റവ. സി. ഐ. മുല്ലൂഹാം, റവ. സി. കെ. ജോൺ എന്നിവരുടെ സഹകരണത്തിലും ദ്രോസനപ്പള്ളിസെമിത്തേരിയിൽവച്ചു ശവസംസ്കാരശ്രൂശ്രൂക്ഷ യഥാ

വിധി നടത്തപ്പെട്ടു. പരേതൻ 1062-ാമാണ്ടു ചിങ്ങമാസം 19നു പള്ളത്തു ജനിച്ചു. മാതാപിതാക്കന്മാർ അദ്ധ്യാപകവൃത്തിയിലായിരുന്നതിനാൽ സ്ഥലത്തുതന്നെ മലയാളം ക്ലാസ്സുകൾ പഠിച്ചു. അതിനുശേഷം പള്ളം ഇംഗ്ലീഷ്സ്കൂളിലും, കോട്ടയം സി. എം. എസ്സ്. ഹൈസ്കൂളിലും പഠിച്ചു. മദ്രാസ് ലോവർ സെക്കണ്ടറിപരീക്ഷ പാസ്സായി പള്ളത്തു അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചു. 10 വർഷം അദ്ധ്യാപകനായും, 19 വർഷം ഹെഡ്മാസ്റ്റർ ഗ്രേഡിലും ആയും, 13 വർഷം ഉപദേശിയായും ജോലിചെയ്തു. ജോലിസ്ഥലങ്ങൾ പള്ളം, മുട്ടുചിറ, ഏറുമാപ്ര, അമ്പുകുത്തി, തെക്കേച്ചെങ്ങളം, കുറവിലങ്ങാട്, സി. എൻ. എം., ആലുവാ, പൈങ്ങുളം, കൊല്ലകടവു്, തിരുവഞ്ചൂർ, ഞീഴൂർ എന്നിവയാണു്. 61-ാമത്തെ വയസ്സിൽ ജോലിയിൽനിന്നു വിരമിച്ചു. 69-ാമത്തെ വയസ്സിൽ നിത്യസ്വസ്ഥതയിൽ പ്രവേശിക്കയും ചെയ്തു.

കതിഡ്റലിലെ കറോൾ സേവ്വീസ്

ക്രിസ്തുസിന്റെ തലേ രാത്രിയും സന്ധ്യയും കോട്ടയം നഗരം സന്തോഷങ്ങളുടെയും കോലാഹലങ്ങളുടെയും ക്രിസ്തുസ് ഗാനങ്ങളുടെയും വിഹ്വലമായിരുന്നു. വിശിഷ്യാ നമ്മുടെ ഭദ്രാസനപ്പള്ളിയും പരിസരങ്ങളും വർണ്ണവെളിച്ചങ്ങളാലും മധുരഗാനങ്ങളാലും ഒരാകർഷണകേന്ദ്രമായി പരിലസിച്ചു. ആരംഭിക്കാനിരുന്ന ക്രിസ്തുസ് ഗാനശുശ്രൂഷയിൽ സംബന്ധിക്കുന്നതിനു പള്ളിനിറഞ്ഞും കവിഞ്ഞും ആളുകളുണ്ടായിരുന്നു. ഗായകസംഘത്തിന്റെ പൂർണ്ണസംഗസംഖ്യ തദവസരത്തിൽ പ്രത്യേകം വെളിപ്പെട്ടിരുന്നു. ഇംഗ്ലീഷ് മലയാളഗാനങ്ങൾ അവയുടെ സാങ്കേതിക വൈശിഷ്ട്യത്തിൽ പാടുന്നതിനു മികവാർന്നു സാധിച്ചെന്നതു തന്നെ പറയാം. മുമ്പു കോട്ടയം സന്ദർശിച്ച മെഥഡിസ്റ്റ് കയറിന്റെ സംഗീതപ്രദർശനം വളരെ സഹായിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

നവവത്സര ദൂതു്

ഈ പുതുവർഷാരംഭത്തിൽ മാസികവായനക്കാക്കേവക്കും പൂർവ്വാധികമായ മനസ്സമാധാനം ആശംസിച്ചുകൊളുന്നു. 1955-ന്റെ 365, 52, 12 പടികൾ വ്യക്തികളായി കുടുംബങ്ങളായി ഇടവകകളായി കടന്നു കയറി പുതിയാണ്ടിലേക്കു പ്രവേശിച്ചിരിക്കുന്നു. മാത്രമല്ല സമുദായമായും രാഷ്ട്രമായും ഒരു വർഷം കഴിച്ചുകൂട്ടി നവവത്സരം ആരംഭിച്ചിരിക്കുന്നു. സാമാന്യമായി നോക്കുന്നപക്ഷം 1955 മുന്നാണ്ടുകളെക്കാൾ ഭേദമായിരുന്നെന്നു ബോദ്ധ്യപ്പെട്ടുന്നതാണ്. രാഷ്ട്രീയമായി രാജ്യാന്തരമായും അഭ്യന്തരമായും സമാധാനവും സ്വസ്ഥതയുമുള്ള ഒരു കാലമായിരുന്നു. യുദ്ധഭയവും ഭീതിയും കുറയത്തക്കവണ്ണം ശീതസമരത്തിനു ഒരയവുണ്ടായിരുന്ന ആണ്ടായിരുന്നു. വൻകിട രാഷ്ട്രനേതാക്കന്മാരുടെ കൂടിയാലോചനയും പരസ്പര സന്ദർശനവും സമാധാനപ്രഖ്യാപനങ്ങളുമുണ്ടായൊരവസരമായിരുന്നു. യുദ്ധത്തെക്കുറിച്ചുള്ള ഭയത്തിനും മാരകബോംബുകളുടെയുള്ള ഭയങ്കരനാശത്തെക്കുറിച്ചുള്ള ഭീതിക്കും ഏതാണ്ടൊരു കുറവുണ്ടായതു കഴിഞ്ഞ വർഷമായിരുന്നു. അതിൽ ഇന്ത്യ വഹിച്ച പങ്കിനു നമുക്കു ദൈവത്തെ സ്തുതിക്കാം. സാമ്പത്തികമായി പഞ്ചവത്സരപദ്ധതികളും ഗ്രാമിണപുനരുദ്ധാരണപരിശ്രമങ്ങളുംകൊണ്ടു വ്യവസായാഭിവൃദ്ധിയും തൊഴിൽ വർദ്ധനവുമുണ്ടായിരുന്ന ഒരു കാലമായിരുന്നു മുൻവർഷം. സംസ്കാരപരമായി വിദ്യാഭ്യാസം സൌജന്യമായും നിർബ്ബന്ധമായും തീർന്നിരിക്കുന്നതുകൊണ്ടു അതിന്റെ പ്രചാരത്തിനു പൂർവ്വാധികം വർദ്ധനവുണ്ടായി, വായനയിലുള്ള അഭിരുചിയും സാഹിത്യത്തിലുള്ള രസവും പൊതുവെ കൂടിട്ടുള്ളതിന്റെ ലക്ഷണങ്ങൾ ധാരാളം കാണുന്നു. ശാസ്ത്രീയവും കലാപരവുമായ പുരോഗതിയും അത്ഭുതപൂർവ്വമായിരിക്കുന്നു. ശാസ്ത്രീയകണ്ടുപിടുത്തങ്ങൾ അത്ഭുതസാദ്ധ്യതകൾക്കു വഴിതെളിച്ചിരിക്കുന്നു. അപൂർവ്വവും അസാധാരണവുമായിരുന്ന കലാപ്രകടനങ്ങൾക്കു ഒരുണർച്ചയും അത്യധികമായ പ്രചാരവുമുണ്ടായിരിക്കുന്നു. സിനിമായും റേഡിയോയുംകൊണ്ടു സാംസ്കാരികമായി ജനസാമാന്യത്തിനുണ്ടായിട്ടുള്ള അഭിവൃദ്ധി വളരെയധികമാണ്. ഇന്ത്യ ഒരു ക്ഷേമരാജ്യമാക്കിത്തീർക്കുന്നതിനുള്ള ശ്രമങ്ങൾ കുറച്ചുവരെ ഫലപ്രദമായിത്തീർന്നിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. എന്നാൽ ഇതെല്ലാം യഥാർത്ഥ സംതൃപ്തിക്കും സമാധാനത്തിനും ഇടവരുത്തിട്ടുണ്ടോ എന്നു ശരിയായി പരിശോധിക്കുന്ന

പക്ഷം അതിന്റെ വാസ്തവം നൈരാശ്യമുളവാക്കത്തക്കവണ്ണം വെളിപ്പെട്ട വരുന്നതായി കാണാം. കൈവന്നിരിക്കുന്ന പുരോഗതികൊണ്ട് ഒട്ടും സംതൃപ്തരാകാതെ അക്ഷരരായി മത്സരബുദ്ധികളായി അക്രമാസക്തിയും ജഡോല്പാസമോഹവും ബാധിച്ചവരായി ജനസാമാന്യം തിന്നുപോയില്ലെ എന്ന പശ്ചാത്തപിക്കേണ്ടിയിരിക്കുന്നു. കാരണം മൈരാജ്യം ക്ഷേമവും പാനിയവുമല്ല നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമത്രെ. അതുകൊണ്ട് യഥാർത്ഥ പുരോഗതി മതപരമായിട്ടുള്ളതാണെന്നാണ് സമ്മതിക്കേണ്ടിവരുന്നത്.

ലോകപണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്നതു മതപരമായ പുരോഗതിയുടെ പ്രാധാന്യവും ആവശ്യകതയുമാണ്. ഡോ. രാധാകൃഷ്ണൻ ഇയ്യിടെ പ്രസ്താവിച്ചതു എന്താണ്? ലോകത്തിനു യഥാർത്ഥമായ ഐക്യമുണ്ടാകണമെങ്കിൽ അതു ശാസ്ത്രത്തിന്റെയോ സാങ്കേതിക ജ്ഞാനത്തിന്റെയോ രാഷ്ട്രീയ സഖ്യത്തിന്റെയോ സാമ്പത്തിക ബന്ധത്തിന്റെയോ നിലപാടിൽ സുസാധ്യമല്ലെന്നും അതു മതപരമായ വളർച്ചയുടെ ഫലമായിട്ടുണ്ടാകേണ്ടതെന്നുമാണ്. അതു മനുഷ്യന്റെ പരികസിതബുദ്ധിക്കു സംതൃപ്തിയടയുന്നതും അവന്റെ സ്വഭാവത്തെ നിയന്ത്രിച്ചു ആദ്ധ്യാത്മികാനുഭവത്തിലേക്കു അവനെ ശരിയായി നയിക്കുന്നതുമായിരിക്കണം. അതാണു യൂദായുടെ ലേഖനത്തിൽ പറയുംപ്രകാരം നമ്മുടെ വിശ്വാസത്തെ ആധാരമാക്കി ആത്മികാഭിവൃദ്ധി വരുത്തി പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചു നിത്യജീവനായിട്ടു കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നുംകൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ." യഥാർത്ഥ ജീവിതഗതിയുടെ ഒരു നിശ്ചിത പദ്ധതിയാണിതിൽ വെളിപ്പെട്ടിരിക്കുന്നതു്. അടിസ്ഥാനവും ആധാരവും ഉദ്ധമായ ദൈവവിശ്വാസമാണ്. എന്നാൽ രക്ഷകൻ നേതാവായ ക്രിസ്ത്യാനിത്വത്തിനുശേഷം കടങ്ങിച്ചെന്ന പ്രസ്താവിച്ചതു "ലനിന്റെ ഉപദേശത്തിനാണു ഭാവി കാണുന്നതു്. കൊമ്മൂണിസത്തിന്റെ നിർമ്മാണത്തിനെതിരായി കാണുന്ന എല്ലാ പ്രതിബന്ധങ്ങളേയും നിർമ്മൂലമാക്കേണ്ടതാണ് നമ്മുടെ കർത്തവ്യം" എന്നാണ്. ഇങ്ങനെയിരിക്കെ നമ്മുടെ നിലയും ചുമതലയുമെന്താണെന്നു നിങ്ങൾ കണ്ടുകൊള്ളേണ്ടതാണാവശ്യം. ദൈവരാജ്യമാകുന്ന ക്ഷേമരാജ്യം കെട്ടിപ്പടുക്കുന്നതിനു യഥാർത്ഥത്തിൽ അതെങ്ങനെയുള്ളതെന്നു ശരിയായി ഗ്രഹിക്കണം. ക്ഷേമരാജ്യം ഭക്ഷണവും വസ്ത്രവും അഭയവും മാത്രമല്ല നീതിയും സമാധാനവും ആത്മാവിലുള്ള സന്തോഷവും അനുഭവമാകുന്ന ഒരു മനുഷ്യസമൂഹമാണ്. ആത്മികാനുഭവമാണ് പ്രധാനം. സ്വർഗ്ഗവും ദൈവവുമാകുന്ന സത്യേശ്വരനോടുള്ള ഉത്തരവാദബോധത്തിൽനിന്നുദ്ഭവിക്കുന്ന കൃത്യനിഷ്ഠയുള്ളവരായിരിക്കണം. സത്യം, വിശുദ്ധി, നീതി, സ്നേഹം, ക്ഷമ മുതലായ ആത്മിക സൽഗുണങ്ങളാൽ ജീവിതം പ്രത്യക്ഷമാകണം. സ്വർഗ്ഗാവാകുന്ന ദൈവത്തിന്റെ ഈ ലക്ഷണങ്ങൾ സ്വന്തമാകുന്ന മനുഷ്യനിലും ഉളവാകണം. അതിനായി ദൈവത്തെ ധ്യാനിക്കയും ദിവ്യശാസനകളനുസരിക്കയും വേണം. ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരുക. ദൈവത്തെ അത്യധികമായി വെളിപ്പെടുത്തിത്തന്ന ക്രിസ്തുവിന്റെ ഉപദേശങ്ങൾ കൈക്കൊൾകയും ക്രിസ്തുവിന്റെ ആത്മാവിൽ ജീവിച്ചു പ്രവർത്തിക്കയും ചെയ്യുക. നമ്മുടെ ആരാധനയും സഭാപ്രവർത്തനങ്ങളും തന്നെ സരണമായി രൂപീകരിച്ചു നടത്തുക. മോടിപിടിപ്പിക്കുന്നതിലും ചടങ്ങു നിവർത്തിക്കുന്നതിലുമല്ല കായ്മയിരിക്കുന്നതു്. പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്യുക. ഈ രണ്ടു കൃത്യങ്ങളുടെ ക്രമമായ നിഷ്പാദനത്തിൽ ആത്മാർത്ഥമായും ശ്രദ്ധാന്തിയോടും ഏർപ്പെട്ടിരിക്കണമെന്നുള്ളതു ഈ ആണ്ടാരംഭത്തിൽ ഉദ്ഘോഷിക്കയും ചെയ്തുകൊണ്ടു മുമ്പോട്ടു പോകാം.

വാർത്തകളും കുറിപ്പുകളും

തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ച്

പ്രസ്തുത പള്ളിയിലെ ഗായകസംഘം പതിവുപോലെ ക്രിസ്മസ് മിഷനം സായാഹ്നത്തിൽ 7. 45 നു സർവ്വേന്ത്യാറേഡിയോയുടെ തിരുവനന്തപുരം സ്റ്റേഷനിൽനിന്നു കാൽമണിക്കൂറുനേരം ക്രിസ്മസ് ഗാനങ്ങൾ പാടി പ്രക്ഷേപണം ചെയ്തുയുണ്ടായി. അവരുടെ ക്രിസ്മസ് ഗാനാമൃതം തലേ മിഷനം വൈകുന്നേരം മംഗിയായി നടത്തി. നമ്മുടെ ബിഷപ്പു

തിരുമേനിയെ പ്രത്യേകം ക്ഷണിച്ച പ്രകാരം തിരുവനന്തപുരം റേഡിയൊ നിലയത്തിൽ നിന്നു ഒരു ക്രിസ്മസ് സന്ദേശം പ്രക്ഷേപണം ചെയ്യുണ്ടായെന്നു പ്രസ്താവ്യമാണ്.

കണ്ണിക്കുഴി കറോൾ സർവ്വീസ് 25നു വൈകുന്നേരം നടത്തപ്പെട്ടു. കത്തീഡ്റൽകാരുമായിട്ടുള്ള ഏഷ്യാടിൽ തല ദിവസവും പിറേറ ദിവസവുമായി നടത്തുന്നതുകൊണ്ടു അവക്ക് അന്യോന്യം സംബന്ധിക്കുന്നതിനു സൌകര്യമുള്ളതായിട്ടാണിരിക്കുന്നതു. പരമ്പരയാ ഇംഗ്ലീഷിലും മലയാളത്തിലും പാടുന്ന ക്രിസ്മസ് ഗാനങ്ങൾ കൂടാതെ ഏതാനും പുതിയ ഗാനങ്ങളും പരിശീലിച്ചു പാടുകയുണ്ടായി. ബാലസ്വരങ്ങളോട് ചേർന്ന മാധുര്യവും ഇമ്പവും കൂടുതലായിട്ടുണ്ടാകത്തക്കവണ്ണം പ്രായമുള്ളവരുടെ സംഗീത ശബ്ദം വർദ്ധിക്കേണ്ടിയിരിക്കുന്നു. സംഗീതത്തിൽ സ്വരമാധുര്യവും ഒരു പ്രധാന സംഗതിയാകയാൽ അതിലുള്ള ശ്രദ്ധയും പരിശീലനവും എല്ലാ ഗായകസംഘങ്ങളിലും നിരന്തരമായുണ്ടായിരിക്കണം. മഹായിടവകയുടെ തലസ്ഥാനത്തുള്ള രണ്ടു പള്ളികളിലേയും നടപടികൾ നാനൂറിലധികമുള്ള ഇതരയാരാധനാകേന്ദ്രങ്ങൾക്കു മാതൃകയായിരിക്കേണ്ടതാണല്ലൊ.

കാനൻ ഡേവിസ്. കനഡായിലെ ആഗ്ലിക്കൻ സഭയുടെ മിഷ്യനറി സെക്രട്ടറി റവ. കാനൻ ഡേവിസവർകൾ പത്നിസമേതം ജനുവരി 3നു ചൊവ്വാഴ്ച സഭാതലത്തിൽ. മുമ്പേ കയും മുതലായ പ്രദേശങ്ങൾ സന്ദർശിച്ചതിന്റെ ശേഷം 8നു ഞായറാഴ്ച ദ്രോസനപ്പള്ളിയിലെ ശുശ്രൂഷയിൽ സംബന്ധിക്കയും പ്രസംഗിക്കയും ചെയ്തു. തിങ്കളാഴ്ച മടങ്ങിപ്പോയിരിക്കുന്നു.

നാഗപുരം ബിഷോപ്പുതിരുമേനി റൈറ്റ് റവ. എസ്സ്. പുഴ പാത്തക്കൽ കക്ഷിണേന്ത്യാ സഭയുടെ വസ്തുതകൾ നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിലേക്കു നമ്മുടെ മഹായിടവക പുതിയാണ്ടാരംഭത്തിൽ സന്ദർശിക്കയും നമ്മുടെ ബിഷോപ്പുതിരുമനസ്സിലെ അതിഥിയായി രണ്ടു ദിവസം താമസിക്കയും ചെയ്തു. ജനു. 1നു ഞായറാഴ്ച രാവിലെ 7 മണിക്കു നമ്മുടെ മൂലേടം പള്ളിയിൽ റവ. സി. കെ. ജോണച്ചനോടുകൂടെ പ്രോകയും ശുശ്രൂഷയിൽ സംബന്ധിച്ചു പ്രസംഗിക്കയും ചെയ്തു. 9.30 മണിക്കു ദ്രോസനപ്പള്ളിയിൽ സി. എസ്സ്. ഐ. ക്രമപ്രകാരമുള്ള കർത്തൃഭോജനശുശ്രൂഷയിൽ സംബന്ധിക്കയും പ്രസംഗിക്കയും ചെയ്തു. ഉച്ച തിരിഞ്ഞു മൂന്നരമണിക്കു ബിഷോപ്പിന്റെ വസതിയിൽ വെച്ചു സ്ഥലത്തെ പട്ടക്കാരും പാരീഷ് കമ്മറിക്കാരുമായി കണ്ടു നാഗപുരം മഹായിടവകാദ്ധ്യക്ഷനിൽ നടത്തുന്ന പ്രസ്തുത മിഷ്യന്റെ പ്രവർത്തനത്തെപ്പറ്റി ചർച്ച ചെയ്യുകയും അഞ്ചുമണിക്കു ശേഷം ബഥേൽ അനാഥശാല സന്ദർശിക്കയും 2നു തിങ്കളാഴ്ച രാവിലെ 9.30 മണിക്കു കോളേജ് ചാപ്പലിൽ വെച്ചു വിദ്യാർത്ഥികൾക്കു ഒരു നവവത്സര ദൂത നല്കി പ്രസംഗിക്കയും 12 മണിക്കു മടങ്ങുകയും ചെയ്തു. ഇന്ത്യാക്കാരനായ ഇദ്ദേഹത്തെ ബിഷോപ്പായി വാഴിച്ചു നാഗപുരത്തേക്കു നിയമിച്ചിട്ടു രണ്ടുവർഷമെ ആയിട്ടുള്ളൂ.

വേളൂർ. 1955 ഡിസംബർ 30നു വെള്ളിയാഴ്ച 10.30-നു ബിഷോപ്പു തിരുമനസ്സുകൊണ്ടു ഇടവകപ്പട്ടക്കാരനവർകളോടുകൂടി ഈ സഭ സന്ദർശിച്ചു. 24 പേരെ തിരുമേനി സഭയിൽ സ്ഥിരികരിക്കുകയും ഉടൻ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ ഹോളി സംസർഗ്ഗശുശ്രൂഷ നടത്തുകയും ഇടവകപ്പട്ടക്കാരനവർകൾ സ്ഥാനശുശ്രൂഷകൾ നടത്തുകയും ചെയ്തു. കൂടാതെ പുരോഹിതനായ കൊറിശ്ശേരി മി. ഐസക്കിന്റെ സ്മാരകമായി ടി യുടെ സഹോദരൻ മി. ചാക്കൊ പള്ളിയിൽ സമർപ്പിച്ച ഒരു കുരിശു തിരുമനസ്സുകൊണ്ടു മദ്ബഹായിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.

പ്രതിദിന വേദവായനക്കുറിപ്പുകൾ—ജനുവരി 1956.

11-നു. (ബു.) യെശ. 31. 1—9. യെഹൂദാ സഹായത്തിനായി മിസ്രയീമിനെ സമീപിച്ചതിനെക്കുറിച്ചു മുന്നറിയിച്ച വാക്കുകളിൽ പ്രവാചകൻ വീണ്ടും സംസാരിക്കുന്നു. യെഹൂദയുടെ നോട്ടത്തിൽ മിസ്രയീമിലെ രഥങ്ങളും കുതിരകളും അസംഖ്യങ്ങളും യഹോവയോ ഒരുവൻ മാത്രവും ആയിരിക്കും, എന്നാൽ സഹായകരും സഹായിക്കപ്പെട്ടവരും ഒന്നുപോലെ നശിക്കുന്നു. യഹോ

വ യെരൂശലേമിനെ സിംഹം അതിന്റെ ഇരയെയും വക്ഷി അതിന്റെ കുഞ്ഞുങ്ങളെയും കാക്കുന്നതു പോലെ കർത്തുകൊള്ളും. തന്റെ ബലവും ആശ്രയവും തന്റെ ജനത്തിനു വേണ്ടിയാകുന്നു. അതിനാൽ "നിങ്ങൾ തൃജിച്ചു കളഞ്ഞവങ്കലേക്കു തിരിവിൻ" (6 വാ). നമുക്കും ഒരു ആത്മപരിശോധന നടത്താം. ദൈവത്തെ വിട്ടു മറ്റു കാര്യങ്ങളിൽ നാം ആശ്രയം വയ്ക്കുന്നവരോ? സങ്കീ. 118. 8, 9.

12നു. (വ്യാ.) യെശ. 32. 1—8. മശിഹായുടെ രാജ്യത്തിന്റെ ഒരു ചിത്രം ഇവിടെ നാം കാണുന്നു. അതു സമാധാനം കൈവരുത്തുന്ന നീതിയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. നീതിയുടെ പ്രമാണങ്ങൾ ഏകാലവും ഒരുപോലെ തന്നെയാണിരിക്കുന്നതു. സങ്കേതമില്ലാതെയും ഭംഗിച്ചും ക്ഷീണിച്ചുമിരിക്കുന്ന നമുക്കു മശിഹാ സങ്കേതവും സംരക്ഷിയും തണലുമായിരിക്കും. ക്രിസ്തു ഒരുവന്റെ ജീവിതത്തിന്റെ രക്ഷണകർത്താവായിത്തീരുമ്പോൾ അത്ഭുതകരമായ രൂപാന്തരം അവനിൽ സംഭവിക്കുന്നു (3, 4 വാ), എന്നാൽ തന്റെ രാജ്യത്തിൽ കപടഭക്തിയുള്ളും വേഷപ്രകടനത്തിനും സ്ഥാനമില്ല. നീതിയും സത്യവും വാഴുന്നിടത്തു ഓരോരുത്തരേയും അവരുടെ തനി നിറത്തിൽ കാണുവാൻ കഴിയും. ദൈവരാജ്യസ്ഥാപനത്തിനായി നാം എന്തു പ്രവർത്തിക്കുന്നു. മത്താ. 6. 10.

13നു. (വെ.) യെശ. 32. 9—20. ഒരു രാഷ്ട്രത്തിന്റെ നിലയും സ്ഥിതിയും അതിലെ സ്ത്രീകളുടെ സ്വഭാവരീതികളെ വളരെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ സ്വൈരമായിരിക്കുന്ന സ്ത്രീകളെ എഴുന്നേറ്റു പ്രവർത്തിപ്പിൻ. ആത്മാവിന്റെ സാന്നിദ്ധ്യം ഏതു വ്യക്തിസമൂഹത്തിലും ജനങ്ങളിലും വരുത്തുന്നതു? ആത്മാവില്ലാത്തിടത്തു ശ്രുനൃത വാഴുകയും തന്റെ സാന്നിദ്ധ്യമുള്ളപ്പോൾ മരുഭൂമിയും ഉദ്യാനമായിത്തീരുകയും ചെയ്യും. നീതിയും സമാധാനവും സ്വസ്ഥതയും ദേശത്തു വസിക്കയും ചെയ്യും. നല്ല വിത്തുകളെ വിതെപ്പാൻ നമുക്കു കഴിഞ്ഞാൽ ദൈവം ഫലം തരികയും അതു നമുക്കു സന്തോഷകരമായിത്തീരുകയും ചെയ്യും. ക്ഷുദ്രവും താണതായ ശ്രുശ്രൂക്ഷകളും ദൈവം ഫലകരമാക്കും (20 വാ).

14നു. (ശ.) യെശ. 33. 13—24. ദൈവം അതിന്റെ മദ്ധ്യത്തിലും തന്റെ ജനം തന്നോടുകൂടെ വസിക്കയും ചെയ്യുന്ന സീയോനിലെ ആനന്ദത്തെക്കുറിച്ചുള്ള ഒരു പ്രവചനം ഇതു ഭാവനാപരമായ ഒന്നല്ല. ചരിത്രത്തിൽ സംഭവിപ്പാനിരിക്കുന്ന ഒരു അനുഭവവിശേഷമാണു. ദൈവം തന്റെ ഭുജവീര്യത്താൽ ശത്രുവിനെ തോല്പിക്കും. പാപികൾ പേടിക്കയും വക്രമാർഗ്ഗർ നടുങ്ങുകയും ചെയ്യും. ആരെല്ലാം ദൈവത്തോടുകൂടെ വസിക്കുമെന്നു 14 മുതൽ 16 വരെയുള്ള വാക്യങ്ങളിൽ കാണാം. അവർക്കു നിത്യമായുള്ള സങ്കേതവും സംരക്ഷിയും ലഭിക്കും. അങ്ങനെയുള്ളവർക്കു രാജാവിന്റെ സൗന്ദര്യവും ദേശത്തിന്റെ വിശാലതയും ലഭിക്കുവാൻ സാധിക്കും (16, 17 വാ).

15നു. (ഞാ.) യെശ. 35. 1—10. 34-ാം അദ്ധ്യായത്തിൽ ശ്രുനൃതയുടെയും ഈ ഭാഗത്തു ഉദ്ധരണത്തിന്റെയും ചിത്രങ്ങളാണു കാണുന്നതു. ഇതു സഭയെക്കുറിച്ചുള്ള പ്രവചനമാണു എന്നു വ്യാഖ്യാനിക്കാം എങ്കിലും യിസ്രായേൽ ജാതിയുടെ ഭാവിയെയും ഇതു കുറിക്കുന്നു. എന്നു പറയുന്നതിൽ തെറ്റില്ല. മശിഹായുടെ രാജ്യത്തിൽ സകലത്തിനും രൂപാന്തരം സംഭവിക്കുന്നു. പ്രകൃതി ദൈവിക ശോഭ പ്രാപിക്കും. തളർന്നതൊക്കെയും ഉറപ്പിക്കപ്പെടുകയും ഭീതിയുള്ളവർ ധൈര്യം പ്രാപിക്കയും ചെയ്യും. എല്ലാവരും സത്യപാതയിൽക്കൂടി നടക്കും. അതിവിശുദ്ധവും ലളിതവും സുരക്ഷിതവും ഉല്ലാസം നിറഞ്ഞതുമായ വഴി. എന്നാൽ ഇതൊക്കെയും ഒരു വിദൂരഭാവിയിൽ സംഭവിപ്പാൻ നാം കാത്തിരിക്കേണ്ടയാവശ്യമില്ല. ദൈവരാജ്യം നമ്മിൽ തന്നെ ഒന്നാമതായി ആരംഭിക്കട്ടെ. (10 വാ).

16നു. (തി.) യെശ. 38, 1—8. ഈ ഭാഗത്തോടു ചേർത്തു 2 രാജാ. 20. 1—11 കൂടെ വായിക്കണം. ഹിസ്കിയാവിന്റെ ആയുസ്സു അവസാനിക്കാറായതിനാൽ കാര്യങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള മുന്നറിവു കൊടുക്കുന്നു. തനിക്കു പിള്ളകളുടെ മക്കളും ഇല്ലാതിരുന്നതിനാൽ ഹിസ്കിയാവു ആയുസ്സു നീട്ടിക്കിട്ടുന്നതിനു കരഞ്ഞു പ്രാർത്ഥിക്കുന്നു, തന്റെ കുറവിലല്ലായ്മയല്ല നല്ല മനസ്സാക്ഷിയാണു രാജാവു യോഗ്യതയായി പറയുന്നതു. പ്രാർത്ഥന സംഗതികളെ വ്യത്യാസപ്പെടുത്തും എന്നതിനു ഹിസ്കിയാവിനു ലഭിച്ച മറുപടി ഒരുദാഹരണമാണു. നമ്മുടെ ഏതാവശ്യവും പ്രാർത്ഥനയിൽ ദൈവത്തോടു അറിയിക്കാം. അവൻ അതു നിവൃത്തിക്കും. സങ്കീ. 37. 4, 5.

17നു. (ചൊ.) യെശ. 38. 9—22. ഹിസ്കിയാവു സൌഖ്യം പ്രാപിച്ചതിനുശേഷം ചമെച്ച ഗീതത്തിൽ തന്റെ പ്രയാസകാലത്തെക്കുറിച്ചു വിവരിക്കുന്നു. വിലാപത്തിൽ ഒരു ഗാനമാണതു. എന്നാൽ ആ വിലാപസ്വരം വ്യത്യാസപ്പെട്ടതും. തന്റെ വാഗ്ദത്തം നിവർത്തിച്ച ദൈവം തനിക്കു നൽകിയ വിടുതലിനാൽ അവൻ ജീവിക്കും. അവന്റെ വേദന അവന്റെ സമാധാനത്തി

നുള്ളതായിരുന്നു, ദൈവം തന്റെ പ്രാണനെ കഴിയിൽനിന്നും വിടുവിച്ചതിനാൽ ഇപ്പോൾ ദൈവത്തെ സ്തുതിപ്പാൻ സാധിക്കുന്നു. തന്റെ ഗാനം പിൻതലമുറയ്ക്കു കേൾക്കുവാനും ഇടയായിത്തീർന്നു.

18നു. (ബു.) യെശ. 39. 1—8. ഈ കഥ 2 രാജാ. 20. 12—19 ഭേദത്തോടുകൂടെ കാണാം. ബാബേൽ രാജ്യപ്രതിനിധികൾക്കു രണ്ടുദ്ദേശമുണ്ടായിരുന്നു. രാജാവിനെ അഭിനന്ദിക്കുക, കൂടാതെ സൗഹൃദികാരത്തെക്കുറിച്ച് അന്വേഷിച്ചറിയുക. ഹിസ്കിയാവു അവർക്കു വേറെ ഉദ്ദേശങ്ങളുണ്ടായിരുന്നോ എന്നു ചിന്തിക്കാതെ സൗഹാർദ്ദമായി തന്നെ ഇടപെടുന്നു. എന്നാൽ മനുഷ്യനെ പ്രസാദിപ്പിക്കുന്നതിനായി ദൈവത്തിനു പ്രസാദകരമല്ലാതെ ചെയ്യുന്നതു ശരിയല്ല. യെശയ്യാവിന്റെ പ്രവചനം ഒരു നൂറാണ്ടിനുശേഷമാണ് നിവർത്തിയായതു. ഹിസ്കിയാവിനെപ്പോലെ ഉത്തമന്മാരും ചിലപ്പോൾ തെറ്റിപ്പോയെന്നു വരാം. മനുഷ്യന്റെ പ്രീതിയെക്കാൾ ദൈവപ്രസാദം നാം ആഗ്രഹിക്കേണ്ടതാണു.

19നു. (വ്യാ.) സങ്കീ. 32. 1—11. ഏഴ് അനുതാപസങ്കീർത്തനങ്ങളിൽ ഒന്നാണിതു. പാപം ക്ഷമിച്ചുകിട്ടിയതിലുള്ള അതിയായ സന്തോഷമാണിവിടെ പ്രകടിപ്പിച്ചിരിക്കുന്നതു. ഇവിടെ ഒരു ദുഃഖകരമായ ഓർമ്മ ഉണ്ടാകുന്നു. പാപം നിമിത്തം അസ്ഥികൾ ക്ഷയിക്കയും ദൈവത്തിന്റെ കൈ തന്റെ മേൽ ഭാരമായിത്തീരുകയും തന്റെ ശക്തി ക്ഷയിക്കയും ചെയ്തു. ഹൃദയം ഉറഞ്ഞുള്ള കഠോരസമ്മതവും ഏറ്റു പറച്ചിലും ദൈവം തന്നോടു ക്ഷമിക്കുവാൻ കാരണമായിത്തീർന്നു. പാപക്ഷമ ലഭിച്ചതിനാൽ സങ്കീർത്തനക്കാരൻ ഉറപ്പുള്ളവനായിത്തീർന്നു. ദൈവം തന്റെ ഭാഗത്തുനിന്നു തന്റെ നടത്തിപ്പും അനുഗ്രഹവും വാഗ്ദത്തം ചെയ്യുന്നു. (8 വാ.).

20നു. (വെ.) വി. മത്താ. 1. 18—25. ഈ സുവിശേഷത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രധാനവിഷയങ്ങൾ ഈ ഭാഗത്തു സ്പർശിച്ചിട്ടുണ്ട്. യേശുവിന്റെ അമാനുഷികതപം. അബ്രഹാമുതൽ മാവിടുവരെയുള്ള വംശാവലി വിവരിച്ചതിനുശേഷം പരിശുദ്ധാത്മാവിന്റെ ഉല്പാദനത്തെക്കുറിച്ചു സാദോവികതയ്ക്കു അല്പംപോലും ഭംഗംവരാത്ത രീതി പ്രതിപാദിച്ചിരിക്കുന്നതു്. തന്റെ അമാനുഷികമായ പുത്രത്വം, ഏതു ഉത്തമനായാലും ഒരു മനുഷ്യനും പാപത്തിൽ നിന്നു മനുഷ്യജാതിയെ വീണ്ടെടുക്കുവാൻ സാദ്ധ്യമല്ല. താൻ സഹിച്ച ക്രൂശു്, യേശുവിന്റെ കന്യകാജനനം കൂടുതൽ വിശദസ്ഥാനീയമാക്കിത്തീർക്കുന്നു. തന്റെ അതിശ്രേഷ്ഠമായ അനുഗ്രഹങ്ങൾ. "ഇമ്മാനുവേൽ" ദൈവം നമ്മോടുകൂടെ ഉണ്ടെങ്കിൽ അതിലധികമായ അനുഗ്രഹവും നമുക്കാവശ്യമില്ല.

21നു. (ശു.) മത്താ. 2. 1—15. യേശുവിന്റെ ശൈശവജീവിതത്തെക്കുറിച്ചു ചില വസ്തുതകൾ നമുക്കിവിടെ ലഭിക്കുന്നു. പ്രധാനമായി രണ്ടു സംഗതികളാണു സുവിശേഷകൻ തെളിയിക്കുന്നതു്. ഒന്നാമതു ക്രിസ്തു പ്രവചനത്തിന്റെ നിവൃത്തിയാണു്. രണ്ടാമതു അവൻ ലോകോദ്ധാരകനാണു്. പ്രവചനങ്ങളെ ഉദ്ധരിച്ചു അവയുടെ നിവൃത്തി സംഭവിച്ചു എന്നു പൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. ഇതൊരു "യഹൂദന്മാർക്കു മാത്രമുള്ള സുവിശേഷ"മെന്നു നാമകരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ജാതികളും ഈ ഉദ്ധാരണത്തിന്റെ പരിധിയിൽ ഉൾപ്പെട്ടുന്നതായി വ്യക്തമാക്കിയിട്ടുണ്ടു്. വിചാരന്മാർ ദുരനുഭവം സഹിച്ചുവന്നു, യേശുവിനെ കണ്ടു ലഭിച്ചു, തന്നെ ആരാധിച്ചു, കാഴ്ചകളെ സമർപ്പിച്ചു (11 വാ).

22നു. (ഞാ.) മത്താ. 2. 16—23. നിരപരാധികളായ ആ കുഞ്ഞുങ്ങളുടെ തേജോവധം മനസിലാക്കുവാൻ പ്രയാസമുള്ള ഒന്നാണു്. എന്നാൽ ദൈവം ദോക്ഷത്തിന്റെ ജനയിതാവല്ല, ദോക്ഷത്തെ തന്റെ ഉദ്ദേശനിവൃത്തിക്കായി ഉപയോഗിപ്പാൻ കഴിവുള്ളവനാണു്, എന്നു നാം മനസിലാക്കേണ്ടതാണു്. പൂർവ്വകാലത്തു ദൈവം തന്റെ ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്തതായി നാം വായിക്കുന്നു. എന്നാൽ ഈ കാലത്തു തന്റെ ആത്മാവുമുഖാന്തരം സഭയിൽകൂടെ താൻ നമ്മോടു ഇടപെടുന്നു. അത്യുന്നതൻ തന്റെ ശ്രുശ്രൂക്ഷയ്ക്കുള്ള ഒരുക്കം ഹീനന്മാരുടെ മദ്ധ്യത്തിലാണു നടത്തിയതു (23 വാ; യോഹ. 1. 46).

23. (തി.) മത്താ. 3. 1—17. ഏകദേശം 700 വർഷങ്ങൾക്കു മുമ്പു നടന്ന ഒരു പ്രവചനത്തിന്റെ നിവൃത്തിയാണു യോഹന്നാന്റെ വരവു്. യോഹന്നാന്റെ സ്ഥാനം പാപമോചനത്തിനായുള്ളതായിരുന്നു. ക്രിസ്തുവിന്റെ വരവിനായുള്ള ഒരുക്കം മാത്രമായിരുന്നു അതു്. മാനസാന്തരത്തിനു മുമ്പായി പാപബോധം വരുത്തുവാനുള്ള പ്രസംഗമാണു യോഹന്നാൻ നടത്തിയതു്. യേശുതൻ ആരുടെ മദ്ധ്യത്തിൽ ജീവിച്ചു പ്രവർത്തിക്കുന്നുവോ അവരുമായി ഏകീകരിക്കപ്പെടുന്നതിനായി തന്നത്താൻ താഴ്ത്തി, യോഹന്നാനാൽ സ്നാനം ഏല്ക്കുന്നു. ആത്മിക അനുസരണം ഏല്ലാസ്സോഴും സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്ന സാക്ഷ്യം താക്കോലാണു്. കർത്താവു ആത്മാവിനാൽ വീണ്ടും അഭിഷിക്തനായിത്തീർന്നു, തന്റെ ശ്രുശ്രൂക്ഷസംബന്ധിച്ചു ഒരു പുതുക്കം പ്രാപിച്ചു.

24നു. (ചൊ.) മത്താ. 4. 1—11. യേശുവിന്റെ സ്നാനത്തിനു ശേഷമാണു തന്റെ പരീ

ക്ഷ. തന്റെ പരസ്യശുശ്രൂഷയ്ക്കു വേണ്ടിയുള്ള ഒരുക്കസമയവുമാകുന്നു. സാത്താൻ യേശുവിനെ പരീക്ഷിച്ചതു തന്നെ അടിപ്പെടുത്തി ശുശ്രൂഷാപരാജയത്തിലാക്കുന്നതിനായിരുന്നു. എന്നാൽ പിതാവു അതനുവദിച്ചില്ല, യേശുവിന്റെ ശോധന എന്ന വിധത്തിലാണ്. എല്ലാ പരീക്ഷയും ശോധനയാണ്; എന്നാൽ എല്ലാ ശോധനയും പരീക്ഷയല്ല. പരിതസ്ഥിതികളുടെ വ്യത്യാസം മാത്രമല്ല, ഹൃദയത്തിന്റെ ശുചിത്വത്തിലാണ് പരീക്ഷകളിൽനിന്നു വിജയം ലഭിക്കുന്നതിനാവശ്യം. നമ്മുടെ പരീക്ഷകളിൽ നമ്മുടെ നിലയെന്ത്? നമ്മുടെ കർത്താവിന്റെ ജയത്തിൽ നമുക്കും ജയം ലഭിക്കും.

25നു. (ബു.) മത്താ. 4. 12—25. ക്രിസ്തുവിനെ അറിയാത്തവർ ഇരുളിലാണു നടക്കുന്നതു്. അവർ അതിൽ തൃപ്തരായിരിക്കുന്നു എന്നതു ഏറ്റവും കഷ്ടതരമാണ്! ക്രിസ്തുവിന്റെ രാജ്യത്തിലേക്കു പ്രവേശനത്തിനുള്ള വ്യവസ്ഥ യഥാർത്ഥമായ അനുതാപമാണ്. തന്റെ വേലയ്ക്കായി ബലഹീനരും അയോഗ്യരുമായ നമ്മെ തൻ വിളിക്കുന്നതു തന്റെ ഭാഗത്തുള്ള വലിയ കരുണയാലത്രേ. യേശു ക്ഷണിച്ച ഉടനെ തങ്ങൾ ശിക്ഷ്യന്മാരായിത്തീർന്നവർ അവനെ അനുഗമിച്ചു. ഏറ്റവുമാദ്യം നാം കർത്താവിന്റെ വിളിയെ നിരസിച്ചിട്ടുണ്ട്. പലതരത്തിൽ വിഷമങ്ങൾ അനുഭവിക്കുന്ന അനേകായിരങ്ങളെ തങ്കലേക്കു കൊണ്ടുവരാനും നാം കടപ്പെട്ടവരാണ്.

26നു. (വ്യാ.) മത്താ. 5. 1—16. ക്രിസ്തുരാജാവിന്റെ രാജ്യത്തിലെ പ്രമാണങ്ങളാണു ഇവിടെ വിവരിക്കപ്പെട്ടിരിക്കുന്നതു്. നമ്മുടെ ജീവിതമാം, സ്വഭാവമാം, ഭാവിമാം എന്തുതന്നെ ആയാലും തന്റെ രാജ്യത്തിനു ചേർന്നതായിരിക്കണം. അങ്ങനെ നമ്മുടെ ജീവിതം ഉപ്പിനു സമം രുചിവരുത്തുന്നതും നശിക്കാതെ സൂക്ഷിക്കുന്നതും ആണ്. അതുപോലെ ദീപം ഇരുളിനെ നീക്കുന്നതും പ്രകാശം നല്കുന്നതുമാണ്. ക്രിസ്തുവിനുവേണ്ടിയുള്ള തന്റെ ശിക്ഷ്യന്റെ ജീവിതവും ഇതുപോലെ ലോകത്തെ നാശത്തിൽ നിന്നു സൂക്ഷിക്കുന്നതും പ്രകാശിപ്പിക്കുന്നതുമായിരിക്കണം.

27നു. (വെ.) മത്താ. 5. 17—32. ന്യായപ്രമാണം ദൈവത്തിന്റെ ജനം പ്രമാണിക്കേണ്ടതാവശ്യമായിരുന്നു. എന്നാൽ കർത്താവു തന്റെ അനുഗമികളായ നാം അതിനെ ഏതുവിധത്തിലാണു സൂക്ഷിക്കേണ്ടതെന്നു വിവരിക്കുന്നു. അക്ഷരത്തിലല്ല, ആത്മാവിലത്രെ നാം അതു പാലിക്കേണ്ടതു. കല്പനകളെ കർത്താവു ഏറ്റുത്തു പറയുമ്പോൾ തന്റെ അധികാരം പഴയനിയമത്തിനേൽ ചെലുത്തുകയും, ന്യായപ്രമാണത്തെ ഇല്ലാതാക്കുകയും അല്ല ചെയ്യുന്നതു്. മനുഷ്യനു ലഭിച്ചിരിക്കുന്ന ദൈവിക വെളിപാടിനനുസരണമായി അവൻ ദൈവത്തിന്റെ പ്രകൃതത്തിനു തുല്യമായി പെരുമാറേണ്ടതാവശ്യമാണ്, അതിനാൽ അവയെ തൻ കൃത്യമായി വ്യാഖ്യാനിക്കയാണു ചെയ്തിട്ടുള്ളതു്.

28നു. (ശ.) മത്താ. 5. 33—48. ന്യായപ്രമാണത്തെ വീണ്ടും വ്യാഖ്യാനിക്കുന്നതിനിടയിൽ, പല ഉദാഹരണങ്ങളും എടുത്തു കാണിച്ചതിനു ശേഷം ക്രിസ്തുരാജ്യത്തിന്റെ മൌലിക പ്രമാണമായ സ്നേഹത്തെക്കുറിച്ചു കർത്താവു പഠിപ്പിക്കുന്നു. നമ്മെ സ്നേഹിക്കുന്നവരെ സ്നേഹിക്കയെന്നതു അത്ര പ്രയാസമുള്ളതല്ല. എന്നാൽ കർത്താവിന്റെ വഴി ഏപ്പോഴും കൂടുതലുള്ള ഉന്നതമായതാണ്. ശത്രുക്കളെ സ്നേഹിക്കുക, നിന്നെ വെറുക്കുന്നവനെ സ്നേഹിക്കുക, നമ്മിൽ അധികം പേരും ഇതാണ് കർത്താവിന്റെ പ്രമാണം എന്നു മനസ്സിലാക്കി പ്രവർത്തിക്കുന്നവരല്ലേ?

29നു. (ഞാ.) മത്താ. 6. 1—15. പ്രമാണങ്ങളിൽ മാത്രമല്ല, ജീവിതത്തിലും ഒരു ക്രിസ്ത്യാനി വ്യത്യസ്തനായിരിക്കണം. ഏതു പ്രവർത്തി ചെയ്യുമ്പോഴും അതിലെല്ലാം ഏറ്റവുമുദ്ദേശമടങ്ങിയിരിക്കുന്നതെന്നതാണ് പ്രധാനം. ദാനം ചെയ്യുന്നതു മറ്റുള്ളവർ അറിയുന്നതിലല്ല, മറ്റുള്ളവർ അറിയണം എന്ന ഉദ്ദേശത്തോടുകൂടി കൊടുക്കുന്നതാണ് തെറ്റു്. പ്രാർത്ഥനയെ സംബന്ധിച്ചുള്ള പ്രമാണവും ഇതുപോലെതന്നെ. രഹസ്യത്തിലും തനിച്ചും പ്രാർത്ഥനയുടെ പ്രയോജനം അതിന്റെ ദൈർഘ്യത്തിലും ആവർത്തനത്തിലുമല്ല, അതിന്റെ ആത്മാർത്ഥതയിലാണ്. മാതൃകാപ്രാർത്ഥന (9—13 വ.) യിൽ പ്രാർത്ഥനയുടെ എല്ലാ വ്യവസ്ഥകളും ഭാഗങ്ങളും നമുക്കു കാണാം. സ്തുതി, ഏറ്റുപറച്ചിൽ, യാചന, മദ്ധ്യസ്ഥത, സ്തോത്രം. നമ്മുടെ പ്രാർത്ഥന വ്യർത്ഥ ജല്പനമോ?

30നു. (തി.) മത്താ. 6. 16—23. പ്രവർത്തികളുടെ പിന്നിലുള്ള ഉദ്ദേശത്തിന്റെ പ്രാധാന്യം വീണ്ടും വ്യക്തമാക്കിയിരിക്കുന്നു. ഉപവസിക്കുന്നതു നല്ലതെങ്കിലും മറ്റുള്ളവരെ അറിയിക്കുന്നതിനെങ്കിൽ അതു നിഷ്പ്രയോജനം എന്നു മാത്രമല്ല, ശപകരവുമാണ്. നമ്മുടെ ജീവിതത്തിന്റെ തോതു് നാം ഏതിനു നമ്മുടെ ആഗ്രഹം വച്ചിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. മൂല്യങ്ങളെക്കുറിച്ചുള്ള ഒരു വിവേചനാശക്തി നമുക്കുണ്ടെങ്കിൽ നമ്മുടെ നിക്ഷേപങ്ങൾ സ്വർഗ്ഗീയമായിരിക്കും. ലോകത്തെയും ദൈവത്തെയും ഒരുപോലെ സ്നേഹിപ്പാൻ സാദ്ധ്യമല്ല. ഒരേ ഒരു ഉദ്ദേശത്തോടെ ദൈവത്തെ ആരാധിപ്പാൻ നാം ശ്രമിക്കേണ്ടതാണ്.

31നു. (ചൊ.) മത്താ. 6. 24—34. രാജ്യത്തിന്റെ പ്രമാണം തുടരുന്നു. ചിന്താകുലത്തോടും മനോഭീതിയോടുംകൂടെ തന്നെ പിന്തുടരുവാൻ ശ്രമിക്കരുതു്. നമ്മെ സൃഷ്ടിച്ചവനായ നമ്മുടെ

പിതാവു് ഏതെങ്കിലും നമുക്കായ്വാനെന്നു നല്ലവണ്ണം അറിയുന്നു. പ്രഥമസ്ഥാനം കൊടുക്കേണ്ടതിനു കൊടുക്കുവാൻ നാം പഠിച്ചാൽ ദൈവാനുഗ്രഹമാണതിന്റെ ഫലം. നമ്മുടെ പിതാവായ ദൈവം തന്റെ മക്കൾക്കു ഓരോ സമയത്തും എന്തുവശ്യമെന്നു അറിയുന്നു. ചിന്തകുലങ്ങളും ഭാരങ്ങളും അവനിൽ സമർപ്പിപ്പാൻ നാം ഒരുക്കമുള്ളവരോ?

ഫെബ്രുവരി 1നു. (ബു.) മത്താ. 7. 1—14. 1—6 വാ. തമ്മിൽത്തമ്മിൽ വിധിക്കുക. ബുദ്ധിപൂർവ്വവും ന്യായവും ആവശ്യവുമായ വിധിയെയല്ല ഇവിടെ അപലപിക്കുന്നതു്. പിന്നെ യോ ന്യായരഹിതമായും അനാവശ്യമായും വിമർശിക്കുന്നതിനെയാണു്. അതിനു രണ്ടു കാരണങ്ങളുണ്ടു്. ഒന്നാമതു തങ്കൽക്കുറ്റമൊന്നും ഒരുത്തടസ്സമാണു് (1, 2 വാ). രണ്ടാമതു മറ്റുള്ളവരുടെ വേലയ്ക്കു തടസ്സമാണു് (3—5 വാ). കരടിനെയും കോലിനെയും പറഞ്ഞിരിക്കുന്നതു ഫലിതമായിട്ടാണെങ്കിലും അത്യവശ്യമായിട്ടുമാണു്. കരടിനെ ഏടുത്തുകളയുന്ന ഒരു ശ്രദ്ധയില്ലാത്തവർക്കും ഈ ഭാഗം തെറ്റായി വ്യാഖ്യാനിക്കപ്പെട്ടുകയായിരിക്കും. കണ്ണിൽ കരടുള്ള ഒരുവനു മറ്റവന്റെ കണ്ണിലെ കരടു കാണാനും മാറ്റാനും സാദ്ധ്യമല്ല എന്നാണു കർത്താവു് ഉദ്ദേശിക്കുന്നതു്. ഇനിയുള്ള വാക്യങ്ങളിൽ ദൈവരാജ്യത്തെപ്പറ്റിയുള്ള ഉപദേശം തുടരുന്നു. രണ്ടു നിർദ്ദേശങ്ങളും മുൻകരുതലുകളും കൊടുക്കുന്നു (7—14 വാ). 1. കേണപേക്ഷിക്ക (7—11 വാ). ചോദിക്ക, അന്വേഷിക്ക, മുട്ടുക. പ്രാർത്ഥനയെപ്പറ്റിയും ക്ലിപ്തവുമായിരിക്കണം. ലോകപിതാവിനെക്കാൾ കൂടുതലാണു് സ്വർഗ്ഗസ്ഥപിതാവിന്റെ കരുണയെങ്കിലും നാം അപേക്ഷിക്കണം. അപേക്ഷ മാത്രം പോരാ പ്രവേശനം ലഭിക്കുന്നതിനും ശ്രമിക്കണം.

2നു. (വ്യാ.) മത്താ. 7. 15—29. മുൻകരുതലുകൾ. രണ്ടു കാര്യങ്ങൾ (a) സ്വഭാവത്തിന്റെ പരിശോധന (15—23 വാ). നടത്ത (15—20). അനുസരണം (21—23 വാ). ഓരോന്നും അതിന്റെ പ്രകൃതിയെ വെളിപ്പെടുത്തുന്നു. നല്ല രീതിയിലും രീതിയിലും നല്ലതിനേയും പുറപ്പെടുവിക്കയില്ല. (b) രണ്ടു പ്രകൃതിയുടെ ഉദാഹരണങ്ങൾ (24—27 വാ). പാറമേലുള്ള വീടു് (24, 25 വാ). മണലിന്മേലുള്ള വീടു് (26, 27). രണ്ടും ഒരുപോലെ പരിശോധിക്കപ്പെടുന്നു. ഒന്നു തകരുന്നു. പരിശോധനയിൽ നിന്റെ സ്ഥാനം ഏവിടെ? ശിരസ്സാക്ഷേപണം ശക്തിയോടെ ആയിരുന്നതിനാൽ ആശ്ചര്യപ്പെടുന്നു. ടീച്ചറും ഈ ഭാഗം മുട്ടിന്മേൽനിന്നു വായിച്ചു് പരിശോധിച്ചാൽ അതു നമ്മെ ഇപ്പോഴും എപ്പോഴും ധാർമ്മികമായും ഉയർത്തും. ഞാൻ ശപഥപാഠത്തിന്മേൽ പണിയപ്പെട്ടവൻ.

3നു. (വെ.) മത്താ. 8. 1—17. ഇനിയുള്ള ഭാഗങ്ങളിൽ പറയപ്പെട്ടിരിക്കുന്ന പത്തു അത്ഭുതങ്ങളിൽ പാപത്തിന്റെ ഓരോ വശങ്ങളും അവയുടേതുള്ള കർത്താവിന്റെ ശക്തിയും വെളിപ്പെടുത്തിയിരിക്കുന്നു. (1) (1—4 വാ) കുഷ്ഠരോഗി സൌഖ്യപ്പെടുന്നു. കുഷ്ഠം പാപത്തിന്റെ അറുതിക്കു അവസ്ഥയെ കാണിക്കുന്നു. വളരെ യുക്തമെങ്കിലും മാതൃപരമായ പ്രാർത്ഥന, പ്രത്യാശ, ആഗ്രഹവു്, താല്പര്യം, ക്ലിപ്തം, സമ്പൂർണം, ഫലകരം എല്ലാം ഇതിലുണ്ടു്. ഇതുപോലെ നാം പ്രാർത്ഥിച്ചെങ്കിൽ ഉണർവ്വുണ്ടാകുമായിരുന്നു. (2) പക്ഷവാതക്കാരന്റെ സൌഖ്യം. ഇതിൽ രോഗിയായ ഭൃത്യനെക്കാൾ അനുഭവിക്കുന്ന പടയാളിയെ സൂക്ഷിക്ക. അവനു യേശുവിന്റെ വാക്കിൽ വിശ്വാസമുണ്ടായിരുന്നു. എല്ലാവരുടെയും എല്ലാ തരത്തിലുള്ള പാപത്തിനും താൻ പരിഹാരം വരുത്തി. ഇവിടെ പാപം മൂലമുള്ള ശക്തിയില്ലായ്മ നീങ്കി. (3) അമ്മാവിയമ്മയ്ക്കു സൌഖ്യം കിട്ടി (14, 15 വാ). നിന്റെ കേടുള്ള ഏതു അവയവവും തൻ തൊട്ടു സൌഖ്യപ്പെടുത്തും. (4) (16, 17 വാ). ഒരു കൂട്ടം അതിശയങ്ങൾ പാപത്തിന്റെ വ്യാപ്തിയും കർത്താവിന്റെ അതിശയമായ ശക്തിയും കാണിക്കുന്നു. നിന്നെ ആവശ്യത്തിനു അവൻ മതിയായവൻ.

4നു. (ശ.) മത്താ. 8. 18—34. കർത്താവിന്റെ ശക്തിയും അധികാരവും വെളിപ്പെടുത്തുന്ന മൂന്നു കാര്യങ്ങൾ ഈ ഭാഗത്തു കാണുന്നു. ശിക്ഷ്യന്മാരാകുവാനുള്ളവരിൽ രണ്ടു തരക്കാരെ കാണാം. ഒന്നു് ധൃതഗതിക്കാർ രണ്ടു് വളരെ സാവധാനക്കാർ. രണ്ടു കൂട്ടരും അനുഗ്രഹം നഷ്ടപ്പെടുത്തി. ഒന്നാമത്തവർ സ്വമേധയാ വന്നവർ മറ്റവർ ക്ഷണിക്കപ്പെട്ടവർ. ഇരുകൂട്ടരും പിന്തുടർന്നില്ല. ഒരു കൂട്ടർ എങ്ങനെയും ശിക്ഷ്യരാകാമെന്നും മറ്റവർ ഏപ്പോഴെങ്കിലും ആകാമെന്നും രണ്ടും ശരിയല്ല. ഒന്നാമത്തവർ വികാരരഹിതർ മറ്റവർ ഒരുകുടുംബിയില്ലാത്തവർ. ഒരാൾ പ്രകൃത്യ താല്പര്യമുള്ളവൻ മറ്റവൻ സൌകര്യം നോക്കുന്നവൻ ക്രിസ്തു ശിക്ഷ്യത്വത്തിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത വ്യവസ്ഥ അവൻ എല്ലാറ്റിലും എല്ലായ്പോഴും മുൻവന്നായിരിക്കണം എന്നുള്ളതാണു്. (23—27 വാ). ക്രിസ്തു കൊടുക്കാറുണ്ടു്, കർത്താവു് സകലത്തിനും കർത്താവു് എങ്കിലും അധികാരി അല്ലാതെ ഒരു സാഹചര്യത്തിലും ക്രിസ്തു ശിക്ഷ്യനു ശാന്തമായിരിക്കാം.

5നു. (ഞാ.) മത്താ. 9. 1—13. ക്രിസ്തുവിന്റെ സഹതാപത്തിന്റെയും ശക്തിയുടെയും രണ്ടു തെളിവുകൾ ഈ ഭാഗത്തു കാണുന്നു. പക്ഷവാതക്കാരനു സൌഖ്യവും മോചനവും ലഭിച്ചു.

ആത്മാവിലുള്ള എന്തെങ്കിലും നൂനത ശരീരത്തെയും ബാധിക്കും. (2 വാ). അതു മനുഷ്യർക്കു യേശുവിലുള്ള വിശ്വാസത്തെയും ചില ശാസ്ത്രിമാരുടെ ആത്മീയ ഔന്നത്യത്തെയും ഒരു മനുഷ്യന്റെ സൌഭാഗ്യത്തിലുള്ള താല്പര്യമില്ലായ്മയും തെളിയിക്കുന്നു. ഇന്നും ഇങ്ങനെയുള്ളവരില്ലയോ. യേശു ആത്മപരിശോധകനാകുന്നു എന്നും തെളിയുന്നു. അവൻ നമ്മുടെ വിചാരങ്ങളും ഗ്രഹിക്കുന്നു. താൻ ശരീരത്തിലും ആത്മാവിലും സൌഖ്യം നല്കുന്നു. (9—13 വാ). മത്തായിയുടെ വിളിയും വിരുന്നും. മത്തായിതന്നെ ഈ കാര്യങ്ങൾ പറയുന്നതു രസകരമാണ്. വിശ്വാസം ഇല്ലായിരുന്നു എങ്കിൽ വിരുന്നും ഇല്ലായിരുന്നേനേ. ആ വിശ്വാസം സന്തോഷത്തെ നശിപ്പിക്കുന്നതാണ്. അവന്റെ കരുണയ്ക്ക് പാത്രമാകുന്നതു ഭാഗ്യം തന്നെ.

6നു. (തി.) മത്താ. 9. 14—26. യോഹന്നാന്റെ ശിഷ്യന്മാർ ഉപവസിച്ചിരുന്നതുകൊണ്ട്, യേശുവിന്റെ ശിഷ്യന്മാരും ഉപവസിക്കണമെന്നർത്ഥമില്ല, ക്രിസ്തുമാർഗ്ഗം, യഹൂദമാർഗ്ഗത്തോടുകൂട്ടികലർക്കേണ്ടയാവശ്യമില്ല, പുതിയതായ ആത്മീയ ശക്തികളെ പഴയ ആചാരങ്ങളിൽ അടക്കിവയ്പ്പാൻ സാദ്ധ്യമല്ല. യായിറോസിന്റെ വിശ്വാസം ക്ഷീണിച്ചുപോകുന്നിടത്തു കർത്താവു അവനെ താങ്ങുന്നു, ശോധനകളിൽ നാം ക്ഷീണിക്കുമ്പോൾ നമ്മിൽ വിശ്വാസവും ധൈര്യവും ഉളവാകുന്ന വിശ്വാസത്തിന്റെ നായകനാണ് കർത്താവു, രക്തസ്രാവമുള്ള സ്ത്രീയുടെയും വിശ്വാസത്തോടുകൂടെയുള്ള ശ്രമത്തെ കർത്താവു സാധിച്ചുകൊടുത്തിട്ടു അവളെയും ധൈര്യപ്പെടുത്തുകയും വിശ്വാസത്തിൽ ഉറപ്പിക്കയും ചെയ്തു. "കർത്താവിനു അസാദ്ധ്യമായതൊന്നും ഇല്ല."

7നു. (ചൊ.) മത്താ. 9: 27—38. അന്ധന്മാരായ രണ്ടാളുകൾ ഒരുമിച്ചു കർത്താവിനെ സമീപിക്കുന്നു, അവർക്കു തമ്മിൽ തമ്മിൽ സൂക്ഷ്മമായുണ്ടായിരുന്നു. പരിശുദ്ധാത്മാവിലിരിക്കുന്നവരോടെയും അനുഭവം ഇതുതന്നെയാണ്. കർത്താവിനു മാത്രമേ അവരെ സൂക്ഷ്മമാക്കുവാൻ സാധിക്കയുള്ളു. ഉന്മത്തനായ ഒരുവനെ യേശുവിന്റെ അടുക്കലേക്കു കൊണ്ടുവരുന്നു. ഇന്നും സാത്താന്റെ പ്രേരണയാൽ ഉന്മത്തരായിരിക്കുന്ന അനേകരുണ്ട്, മറ്റു കാര്യങ്ങളിൽ ധാരാളം സംസാരിക്കുന്നവരെങ്കിലും യേശുവിനുവേണ്ടി ഒരു വാക്കു പറയുവാൻ മടിക്കുന്നവരും, ലജ്ജിക്കുന്നവരും ഉണ്ട്. കർത്താവിനെ കാണുവാൻ നമ്മുടെ കണ്ണുകൾ തുറക്കപ്പെട്ടതോ, തന്നെ സാക്ഷിപ്പാൻ നമ്മുടെ നാവു കെട്ടഴിക്കപ്പെട്ടതോ?

8നു. (ബു.) മത്താ. 10. 1—15. കർത്താവു പുരുഷാരത്തെക്കണ്ടു മനസ്സലിഞ്ഞു. അവരുടെ രക്ഷയ്ക്കുള്ള ആവശ്യം കണ്ടിട്ടു തന്റെ ശിഷ്യന്മാരെ അധികാരം കൊടുത്തയയ്ക്കുന്നു. ഒന്നാമതായി താൻ അവരോടാവശ്യപ്പെട്ടതു പ്രാർത്ഥിപ്പാൻ തന്നെ. രണ്ടാമതു താൻ അവരെത്തന്നെ തന്റെ വേലയ്ക്കായി നിയോഗിച്ചു. തന്റെ വേല ഏതുവിധത്തിൽ ഇടപെടണമെന്നുള്ള നിർദ്ദേശം അവർക്കു നല്കുന്നു. ഒരുമിച്ചു നിന്നു വേല ചെയ്യുവാൻ നാം അഭ്യസിക്കേണ്ടതാവശ്യമാണ്, നമ്മെ വിമിശ്രിതരിക്കുന്ന അന്ത്യനന്മയുടെ സ്ഥാനത്തിനൊത്തവണ്ണം നമ്മുടെ വിളികനുസരണം കാണിക്കുന്നവരും, അതിന്റെ ശ്രേഷ്ഠ നിലയെ കരുതിക്കൊള്ളുന്നവരും ആകുന്നു. തങ്ങളുടെ സകല ആവശ്യങ്ങൾക്കായും യേശുവിൽ ആശ്രയിക്കേണ്ടതുമാണ്.

9നു. (വ്യാ.) മത്താ. 10. 16—33. മുഴുവൻ സമയവും തനിക്കായി പ്രവർത്തിക്കുന്നതിനാണ കർത്താവു അവരോടാവശ്യപ്പെട്ടതു. നാം ഏതു ജോലിയിൽ ഇരിക്കുന്നവരായിരുന്നും ഇതു നമുക്കും സാധിക്കേണ്ടതാണ്. നമ്മുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും നാം കർത്താവിനെ സാക്ഷിക്കേണ്ടവരാണ്. എന്നാൽ രണ്ടു കാര്യങ്ങൾ ചെയ്യണം. "മനുഷ്യരെ സൂക്ഷിച്ചുകൊൾവിൻ" അവരെ "ഭയപ്പെടരുതു." തന്റെ അനുഗാമികൾക്കു പ്രയാസങ്ങൾ തന്നെ ചെയ്യേണ്ടതുതന്നെയാവശ്യമാണ്. കർത്താവിനു ലഭിച്ചതിൽ കുറഞ്ഞതായുള്ള സ്വീകരണം നമുക്കു ലഭിപ്പാൻ നാം ആഗ്രഹിക്കുന്നതുമല്ലോ, നമ്മുടെ പാത പ്രയാസമുള്ളതെങ്കിലും, നമുടെ സഖി ഉത്തമനും വിശ്വസ്തനുമത്രെ.

10നു. (വെ.) മത്താ. 10 34—42. സമാധാനപ്രഭുവായ കർത്താവു വഴി വരുന്നവൻ വന്നു എന്നതു മനസ്സിലാക്കുവാൻ പ്രയാസമുള്ളതാണ്. സുവിശേഷം, വിഘടനാത്മകമായതിനാൽ ലോകവുമായി ഒരു ശത്രുത തന്നെ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. കർത്താവുമുഴുവനും അണ് അവകാശപ്പെടുന്നതു. "കർത്താവിന്റെ ക്രൂശല്ല, നമ്മുടെ ക്രൂശ തന്നിഷ്ടമായി വഹിക്കുന്നതിനും താൻ ആവശ്യപ്പെടുന്നു. ക്രൂശു ധരിക്കുന്നതു ഏളുപ്പമായിരിക്കും. വഹിക്കുന്നതു പ്രയാസമാണ്. കർത്താവിനായി പ്രവർത്തിക്കുന്നവർക്കും; ഞെരുങ്ങുന്നവർക്കും തന്റെ സഹായം താൻ നൽകും. നമ്മുടെ പ്രവർത്തനങ്ങൾ കർത്താവിനോടുള്ള സ്നേഹത്തിൽനിന്നും കേന്ദ്രീയിൽനിന്നും ഉളവാകുന്നതാണോ?

Licence No. 446. 12-7-'45.

THE FAMILY FRIEND

കുടുംബപ്രിയവാദിനി

പുസ്തകം 48. ലക്കം 1 ജനുവരി 1956

ബഥേൽ ആശ്രമം

ബഥേൽദിനം. മൻപരസ്യം അനുസരിച്ചു ബഥേൽദിനം ഡിസം. 17-ാം തിയ്യതി ശനിയാഴ്ച 9. 30—1 മണിവരെയുള്ള സമയത്തു കൊണ്ടാടുവാൻ (D. V.) സാധിച്ചു. വ്യക്തിരാമേനിയുടെ അദ്ധ്യക്ഷതയിൽ ആണ സംഗതികൾ നടന്നതു. തിരുമേനി അന്നു രണ്ടു പ്രസംഗങ്ങൾ ചെയ്തു. ഒന്നാമത്തേതു പരിശുദ്ധന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥനയും സ്തോത്രവും അടിസ്ഥാനപ്പെടുത്തി ഒരു സ്വശോധനക്കു അവസരം നൽകുകയായിരുന്നു. രണ്ടാമത്തേതു ആസ്സാം ബഹറിൻ സന്ദർശനവിവരങ്ങൾ അടങ്ങിയ ഒന്നായിരുന്നു. മൂന്നാമത്തേതു ബഥേൽദിന കളികൾ, പാട്ടുകൾ, Tableau മുതലായവയാൽ പഠിപ്പിക്കാൻ ശ്രമിച്ച പാഠങ്ങളെ അടിസ്ഥാനപ്പെടുത്തിയുമായിരുന്നു.

കളികൾ പ്രധാനമായവ "ഒരു പാത്രം തണുത്ത വെള്ളം" മൂലം പഠിപ്പിച്ചതു സ്വാർത്ഥരഹിതവും പരസേവനവും ഉദ്ദേശിച്ചുള്ള ജീവിതതിരഞ്ഞെടുപ്പു സ്വാർത്ഥപരവും അന്യരെ ചൂക്ഷണം ചെയ്യുമുള്ള ജീവിതത്തെക്കാൾ എത്ര സൌഭാഗ്യകരവും അനുഗ്രഹകരവും ആദായകരവും ആകുന്നു എന്നാകുന്നു.

ഫിലമോന്റെ ലേഖനത്തെ അടിസ്ഥാനപ്പെടുത്തി കളിച്ച "ഒനേസിമോസ്" എന്ന കളി വെളിപ്പെടുത്തിയതു ഒരാൾ യഥാർത്ഥത്തിൽ ക്രിസ്തുവിലായാൽ ഭക്ഷണപാനീയങ്ങളിലും പെരുമാറ്റത്തിലും മനോഭാവങ്ങളിലും ആദരവിലും എല്ലാം പുതുസൃഷ്ടികൾ ആകുന്നു എന്നും ദൈവത്തിന്റെയും സഭയുടെയും മുറവും വലിയ സമ്പത്തു വീണ്ടെടുക്കപ്പെട്ട ആത്മാക്കൾ ആകുന്നു എന്നുമാണു.

വല്യമ്മമാരുടെ കളി. വിനോദകരവും പാഠങ്ങൾ അടങ്ങിയവയും ആയിരുന്നു. കർത്താവിന്റെ വിളിയുടെ യഥാർത്ഥ്യം ദർശനം കൊടുക്കുന്ന കായ്യം ബഥേലിന്റെ വിവരങ്ങൾ അടങ്ങിയവ ആയിരുന്നു. ഈ വക്കും പാട്ടുകളും കളികളും ഉണ്ടാക്കുന്നതിൽ ലഭിച്ച ദിവ്യ നടത്തിപ്പു വളരെ നന്ദിയോടെ സ്മരിക്കുന്നു.

യോഗം. കുട്ടികളുടെ അസാന്നിദ്ധ്യത്താൽ യോഗം അച്ചടക്കത്തോടും ക്രമത്തോടും നടക്കുന്നതിനു സാധിച്ചു. ഉച്ചഭക്ഷണി ഉണ്ടായിരുന്നതിനാൽ പ്രസംഗം എല്ലാവക്കും കേൾക്കുന്നതിനും സാധിച്ചു.

ഭക്ഷണം. കവിയൂർ, മുണ്ടിയപ്പള്ളി, സി. എൻ. ഐ. തോലശ്ശേരി മുതലായ സഭകളിൽനിന്നു ലഭിച്ച സഹായങ്ങളാൽ ഭക്ഷണകായ്യാദികളും ഒരുവിധം ക്രമമായി നടന്നു എന്നാണു വിചാരിക്കുന്നതു.

ആൾക്കൂട്ടം. മഹായിടവകയുടെ പലഭാഗങ്ങളിൽനിന്നും ധാരധാരയായി വന്നുചേർന്ന ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യം ഞങ്ങളെ വളരെ ധൈര്യപ്പെടുത്തി. 3-നോ 4-നോ 5-നോ മണി വെളുപ്പിനു ഉണർന്നു യാത്ര തിരിച്ചവർ അനേക മൈൽ നടന്നു വന്നവർ ആ കൂട്ടത്തിൽ ഉണ്ടായിരുന്നല്ലോ. എല്ലാവരെയും കണ്ടു ഒരു വാക്കെങ്കിലും പറയുവാൻ സാധിക്കാത്തവർ അവരെ വിലമതിക്കാത്തതുകൊണ്ടല്ലതെ. ഞങ്ങൾ ഓരോരുത്തരെ കാണ്മാൻ ശ്രമിച്ചു. എങ്കിലും പൂർണ്ണമായി സാധിച്ചു എന്നു പറവാൻ നിവൃത്തിയില്ല

പട്ടക്കാർ. സഭാപ്രവർത്തകർ നമ്മുടെ മഹായിടവകയ്ക്കു വെളിക്കു നിന്നു വന്ന സഹശുശ്രൂഷകർ പട്ടക്കാരുടെയും സഭാപ്രവർത്തകരുടെയും സാന്നിദ്ധ്യംകൊണ്ടു വിലമതിച്ചു പറകയുണ്ടായി. അവരുടെ സാന്നിദ്ധ്യം ഞങ്ങളെയും വളരെ ധൈര്യപ്പെടുത്തുന്നു. അവരുടെ ഉത്സാഹത്തിനും പ്രേരണയാലും ആകുന്നു 'ബഥേൽദിനം' ഇത്രയും വിജയപ്രദം ആകുന്നതു സംശയമില്ല.

പിരിവു. ഈ ആണ്ടത്തെ 'പിരിവു' നല്ലതായിരുന്നു. കുന്നിക്കഴി, കോട്ടയം, മാരേപ്പള്ളി, മുണ്ടക്കയം, തുലപ്പുഴ, കുട്ടികൾ, പൂവത്തൂർ, വാഴൂർ, കവിയൂർ, തോലശ്ശേരി, മൂലേടം ഈ സ്ഥലങ്ങളിൽ നിന്നു കഴിഞ്ഞ വക്കത്തതിലും കൂടുതൽ കൊണ്ടുവന്നു. മറ്റു സ്ഥലങ്ങളിൽനിന്നു പിരിവു

പോലെ തന്നെ. എന്നാൽ ചില സ്ഥലങ്ങളിൽനിന്നു മുമ്പിലത്തേതിലും പിരിവു കുറഞ്ഞുപോയി. അതിനു തടസ്ഥകാരണങ്ങൾ ഉണ്ടായിരിക്കുമല്ലോ. ഉത്സാഹത്തിൽ മട്ടുപ്പില്ലാതെ കർത്താവിന്റെ പ്രവർത്തിയിൽ ഉൾപ്പെട്ടിരിപ്പാൻ കൃപ ഉണ്ടാകട്ടെ! എന്നാൽ ഈ പിരിവിന്റെ പിമ്പിലായുള്ള അദ്ധ്വാനം നടപ്പുക്രമം ഇതെല്ലാം ഏറെക്കുറെ അറിയാം. ബഥേലിന്റെ മുറ്റവും വലിയ ധനം വിശ്വസ്തരായ സ്നേഹിതരും ശിക്ഷ്യരും ആകുന്നു. അനവധി സ്നേഹം നിങ്ങൾ മുഖാന്തരം ദൈവത്തിങ്കലേക്കു കരേറിപ്പോയിട്ടുണ്ട്. പ്രാർത്ഥനയാൽ തങ്ങിയവക്കും വളരെ നന്ദി. പാറ്റു പാറ വിരമാന്തിരം ഉതവായ വസ്തു തന്ന പ്രത്യേകമനസ്സുകൾ അവക്കു വേർതിരിക്കും. 3500 രൂപായിൽ കവിഞ്ഞ ഒരു തുക തല്ക്കാലം പിരിഞ്ഞിട്ടുണ്ടു. കണിശത്തോടും ത്യാഗത്തോടുംകൂടെ ഈ പണം ഉപയോഗിക്കുന്നതിനു കൃപ ലഭിക്കട്ടെ. എല്ലാർക്കും ഹൃദയപൂർവ്വമായ നന്ദി പറഞ്ഞുകൊള്ളുന്നു.

വെന. ആച്ച്ഡീക്കൻ ബഞ്ചമിന്റെ ഒരു ജീവചരിത്രം സംക്ഷിപ്തമായി റവ. ഡബ്ലിയു. മാത്യൂഅച്ചൻ എഴുതിയതു സി. എൽ. എസ്സ്. പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. വില 6 അണ മാത്രമാണു്. അതു എല്ലാവരും വാങ്ങി വായിക്കുമല്ലോ. ആച്ച്ഡീക്കൻ ചാണ്ടി, ആച്ച്ഡീക്കൻ കോര ഇവരുടെ ചരിത്രങ്ങൾക്കുടെ എഴുതി പരസ്യപ്പെടുത്തുകയും അവരുടെ ഭവനങ്ങളുടെയും ഫോട്ടോകൾ മെമ്മോറിയൽ ഹാളിൽ വെക്കുകയും ചെയ്യുമ്പോൾ മാത്രമേ ആ വിഷയത്തെക്കുറിച്ചു സ്വാതന്ത്ര്യം കമ്മറിയിൽ നിർദ്ദേശിച്ച തീരുമാനങ്ങൾ പൂർത്തിയാകയുള്ളു. അതും നിവർത്തിക്കപ്പെടുന്നതിനു കാത്തിരിക്കുന്നു.

ചിന്താഭാരവും നിരാശയും വർദ്ധിച്ചുവരുന്ന ഒരു കാലയളവാകയാൽ സ്ത്രീകൾ പ്രത്യേകിച്ചും അവിവാഹിതരായുള്ളവർ തങ്ങളുടെ വിശ്വാസം മാറാമില്ലാത്ത ദൈവത്തിൽ ദൃഢപ്പെടുത്തിയും പരിശുദ്ധാത്മാവിന്റെ ഭരണത്തിനു കീഴ്പ്പെട്ടും ഇരിക്കേണ്ടതു അത്യാവശ്യമാണ്. ആരെ വിശ്വസിച്ചിരിക്കുന്നു എന്നും "പ്രത്യാശ നല്കുന്ന ദൈവം" ആകുന്നു എന്നും ധ്യാനിച്ചുകൊണ്ടിരിക്കുമല്ലോ. ഭാഗ്യകരമായ ക്രിസ്തുമസ്സും പുതുവർഷവും എല്ലാവർക്കും ആശംസിച്ചുകൊണ്ടു് എഴുതുന്നതു്.

ബഥേൽ ആശ്രമം.

മൂലേടം പുതിയ സ്കൂൾകെട്ടിടത്തിന്റെ ഉൽഘാടനം

പുതിയ പദ്ധതിയനുസരിച്ചു അഞ്ചാംക്ലാസിട്ട പൂർണ്ണ പ്രൈമറി സ്കൂളാക്കുന്നതിലേക്കു മൂലേടം സ്കൂൾ വിസ്തീർണ്ണപ്പെടുത്തുന്നതിനു 1600 ക. ചെലവിട്ടു പണുത പുതിയ കെട്ടിടത്തിന്റെ ഉൽഘാടനകർമ്മം ഡിസംബർ 28നു ബുധനാഴ്ച നാലുമണിക്കുശേഷം നമ്മുടെ ബിഷോപ്പതിരുമേനി സമക്ഷം നിവ്വഹിക്കയുണ്ടായി. സഭാജനങ്ങളെ കൂടാതെ കുട്ടികളുടെ മാതാപിതാക്കളും കെട്ടിടപണിക്കു സംഭാവന ചെയ്തവരുൾപ്പടെ നാനാജാതിമതസ്ഥരായ ഒരു വൻവിപുല ജനക്കൂട്ടം യോഗസ്ഥലമായ പഴയ കെട്ടിടത്തിൽ തിങ്ങിക്കൂടിയിരുന്നു. റവ. ഒ. ഒ. ഫിലിപ്പച്ചന്റെ പ്രാർത്ഥനയും കുട്ടികളുടെ സ്വാഗതഗാനവും കഴിഞ്ഞു സ്കൂളിന്റെ ഒരു പുങ്കിയ റിപ്പോർട്ട് സഭാപ്രവർത്തകൻ മി. എം. പി. തോമസു വായിക്കുകയും, ഇടവകപ്പട്ടക്കാരൻ റവ. സി. കെ. ജോണച്ചൻ പുതിയ കെട്ടിടം ഉൽഘാടനം ചെയ്യുന്നതിനു തിരുമേനിയെ ക്ഷണിക്കയും, ബിഷോപ്പതിരുമേനി അദ്ധ്യക്ഷപ്രസംഗത്തെ ഉടനെ ഇറങ്ങിച്ചെന്നു പുതിയ കെട്ടിടവാതുക്കൽ കടുകെ കെട്ടിയിരുന്ന പിത്തനാടു മുറിച്ചു അകത്തു പ്രവേശിച്ചു പ്രാർത്ഥന നടത്തി പ്രതിഷ്ഠിച്ചതിൻശേഷം യോഗസ്ഥലത്തേക്കു മടങ്ങിവന്നു നടപടികൾ ഉടനടക്കയും ചെയ്തു. ബിൽഡിങ്ങുകമ്മറിക്കാർ ചെയ്ത പരിശ്രമത്തെ അഭിനന്ദിച്ചും ബിഷോപ്പതിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഉൽഘാടനം നിവ്വഹിപ്പാനിടയായതിൽ ആഹ്ലാദിച്ചും സ്കൂളിനു ശ്രേയസ്സുശംസിച്ചും സ്ഥലത്തെ പ്രമുഖന്മാരിൽ രണ്ടു പേരായ ശ്രീ പി. കെ. നാരായണനും, മി. കെ. സി. ചാണ്ടിയും പ്രസംഗങ്ങൾ ചെയ്തു. ബാലികമാരുടെ കലാപ്രകടനങ്ങളും ഇടയ്ക്കിടെ സദസ്യരെ രസിപ്പിച്ചുകൊണ്ടിരുന്നു. യഥാർത്ഥവിദ്യാഭ്യാസംകൊണ്ടു വരുകുന്ന നന്മകളെ വിശദീകരിച്ചും, സ്കൂളിനും ദേശത്തിനും മേൽഗതിയാശംസിച്ചും ഉപസംഹരിച്ചതിൻശേഷം ഹെഡ്മാസ്റ്ററുടെ കൃതജ്ഞതാപ്രകാശനവും കഴിഞ്ഞു ആശീർവ്വാദത്തോടെ അവസാനിപ്പിക്കയും ചെയ്തു.

LICENCE No. 445 12-7-'45

സുവിശേഷഭാഷിണി

പുസ്തകം 48. ലക്കം 1 ജനുവരി 1956



റവ. ഡോക്ടർ വില്യം മക്ക്ലസ്റ്റർ

നമ്മുടെ മഹായിടവകയിൽ പ്രത്യേകമിഷ്യൂ [illegible] കഴിഞ്ഞ രണ്ടുമൂന്നുവർഷങ്ങളിലായി നമ്മുടെ ബിഷോപ്പു തിരുമേനി മുൻകൂട്ടി ചെയ്തിട്ടുള്ള ഏർപ്പാടിൻപ്രകാരം ഇയ്യാണ്ടിൽ അമേരിക്കയിൽനിന്നയയ്ക്കപ്പെടുന്ന മിഷ്യനർ ഡോ. മക്ക്ലസ്റ്ററണ്ണനെ മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. മഹായിടവകയിൽ അദ്ദേഹത്തിന്റെ പര്യടനപ്രോഗ്രാം അന്യത്ര ചേർത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പടമാണു മുകളിൽ കാണുന്നതു്.

39 വയസ്സു മാത്രമുള്ള അദ്ദേഹം ഇപ്പോൾ യു. എസ്സ്. എ.യിൽ പെന്നിസിൽവാനിയാ സ്റ്റേറ്റിൽ പിറ്റസ്ബർഗ് എന്ന സ്ഥലത്തെ സംയുക്ത പ്രസ്ബിറ്റീരിയൻ സഭയിലെ പ്രധാനപട്ടക്കാരനാണ്. 1500 അംഗങ്ങളുള്ള പ്രസ്തുത ഇടവകയാണു് ആ സഭയിലെ ഏറ്റവും വലിയതു്. അതിന്റെ വാർഷികവരുമാനമായ 1,10,000 ഡോളറിന്റെ ഒരു വലിയ ഭാഗം ലോകത്തിലെ വിവിധ മിഷ്യനറി പ്രവർത്തനങ്ങൾക്കായിട്ടാണു നൽകപ്പെടുന്നതു്. 1939-ൽ പെന്നിസിൽവാനിയാ യൂണി

വേർസിറ്റിയിൽനിന്നു എം. എ. ബിരുദം സമ്പാദിച്ചതു കൂടാതെ 1943-ൽ പ്രിൻസ്റ്റൻ വൈദിക സെമ്മനാരിയിൽനിന്നും ഉയർന്ന ജയികയും ചെയ്തിട്ടുണ്ട്. 1954-ൽ ഡി. ഡി. എന്ന ബഹുമതിയും കരസ്ഥമാക്കി. 1941-ൽ വിവാഹം ചെയ്കയും ഇപ്പോൾ രണ്ടു പെണ്ണും ഒരാണും മക്കളായിട്ടുണ്ട്. അവരുടെ വിവാഹം നടത്തിക്കൊടുത്തതു കഴിഞ്ഞവക്കം ഇവിടെവന്നു പ്രസംഗം നടത്തിയ ഡോ. കക്ക്ലണ്ടെവർകളായിരുന്നു. പിറ്റ്സ്ബർഗിലെ പലമിക്ക്യനറികമ്മറിയിലും അദ്ദേഹമായിരുന്നതു കൂടാതെ 1952-ൽ പിറ്റ്സ്ബർഗിൽവെച്ചു ഡോ. ബില്ലിഗ്രഹാം നടത്തിയ ക്രൂശുയുദ്ധകമ്മറിയിലും പ്രവർത്തിച്ചിട്ടുണ്ട്. നമ്മുടെ മഹായിടവകയിലെ പ്രസംഗപര്യടനത്തിന്റെശേഷം അദ്ദേഹം ഏജിപ്ത്, സുഡാൻ, എത്യോപ്യാ, പഞ്ചാബു, പാകിസ്ഥാൻ രാജ്യങ്ങളിലെ പ്രസ്ബിറ്റീരിയൻ സഭാകേന്ദ്രങ്ങളും സന്ദർശിക്കുന്നതായിരിക്കും. തുടർന്നു ഹോംഗ്കോങ്ങു, ടോക്കിയോ, കൊറിയാ, ഫൊണോമുലു രാജ്യങ്ങളിലേക്കും പോകുന്നതാണ്. അദ്ദേഹം ന്യൂയോർക്കിൽനിന്നു ഡിസംബർ 27നു പുറപ്പെട്ടു സാൻഫ്രാൻസിസ്കോവിൽ മാർച്ച് 14നു യോടെ മടങ്ങിയെത്തുന്നതായിരിക്കും. വായുവിമാനം വഴി 30,000 മൈൽ സഞ്ചരിക്കുന്നതിനുള്ള ഒരു പദ്ധതിയാണു ക്രമീകരിക്കപ്പെട്ടിരിക്കുന്നതു്. നമ്മുടെ മഹായിടവകയിലെ അദ്ദേഹത്തിന്റെ സുവിശേഷാഗമനം അത്യധികം അനുഗ്രഹപ്രദമായിത്തീരുന്നതിനു നമുക്കു ആത്മാർത്ഥമായി പ്രാർത്ഥിച്ചു കാത്തിരിക്കാം.

മുപ്പത്തിനാലുവൃത്തം ഭാഷാകാവ്യം

ക്രൈസ്തവവേദചരിത്രം മുപ്പത്തുനാലുവൃത്തമായി രചിപ്പാൻ വേളൂർകരയിൽ കൊന്നയിൽ കൊച്ചുകുഞ്ഞു ഭൈരവർകൾ ആരംഭിച്ചു പതിനെട്ടു വൃത്തങ്ങൾ മാത്രം എഴുതിട്ടു തന്നെക്കൊണ്ടതെന്നു അതു പൂർത്തിയാക്കുന്നതിനോ, ഇതര കവികൾ അതു തുടർന്നെഴുതുകയോ ചെയ്യുന്നതിനിടയാകാതെ അതു പതിനെട്ടു വൃത്തമായി തന്നെ പരിണമിച്ചു പഴയകാലത്തു പ്രസിദ്ധപ്പെടുത്തുകയും അന്നുണ്ടായിരുന്ന പലരും അതു പഠിക്കയും ചൊല്ലുകയും ചെയ്തതല്ലാതെ പിന്നീടു പ്രസിദ്ധപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ ചെയ്യാതെ കിടന്ന ശോച്യാവസ്ഥയാണു അതിനു വന്നുകൂടിയതെന്നു വിലപിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇപ്പോൾ വിദ്യാർത്ഥിമിത്രകർ അതെല്ലാം ശേഖരിച്ചു, വിദ്വാൻ അച്ചുവർകളുടെ ഉത്തേജജനകമായ ഒരവതാരികയോടുകൂടെ ഭംഗിയായി അച്ചടിപ്പിച്ചു പ്രസിദ്ധീകരിച്ചുകാണുന്നതിൽ അവർ സർവ്വഥാ അഭിനന്ദനീയരത്രേ. വേദപുസ്തകചരിത്രത്തിൽ സൃഷ്ടിപ്പുതൽ യിസ്രായേൽമക്കളുടെ സനായിപ്രവേശനം വരെയുള്ള സംഭവങ്ങളുടെ പദ്ധതി മാത്രമെ പതിനെട്ടുവൃത്തമായി ചമപ്പാൻ കവിക്കു സാധിച്ചുള്ളു. മലയാളക്രിസ്ത്യാനികൾക്കുണ്ടായ ഈ ദൗർഭാഗ്യം പരിഹരിക്കുന്നതിനും മുപ്പത്തിനാലുവൃത്തം മുഴുമിപ്പിക്കുന്നതിനും ഇതുവരെ ആരുമുണ്ടാകാതെ പോയതും നമ്മുടെ നിർഭാഗ്യമെന്നേ പറയേണ്ടതുള്ളു. ഇതെങ്കിലും വളർന്നുവരുന്ന തലമുറയെ പഠിപ്പിക്കുന്നതിനു ഉത്സാഹിക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കും.

വെന. ആർച്ചുഡീക്കൻ റവ. കെ. ബഞ്ചമിൻ അവർകളുടെ ഒരു ചെറു ജീവചരിത്രപുസ്തകം റവ. ഡബ്ലിയു മാത്യു അവർകൾ എഴുതി സി. എൽ. എസ്സ്. അതു പ്രസിദ്ധംചെയ്യിരിക്കുന്നു. ഈ വിശിഷ്ടഗ്രന്ഥത്തിനു നമ്മുടെ ബിഷ്പ്പുതിരുമേനിയാണു അവതാരിക എഴുതിയിരിക്കുന്നതു്. അതിലെ പ്രഥമ വാചകം ശ്രദ്ധേയമാണ്. "എന്റെ അഭിവന്ദ്യഗുരുഭൂതനും, ഉത്തമമാർഗ്ഗദർശിയും വാത്സല്യമിത്രവും ആത്മാർത്ഥ അഭ്യുദയകാംക്ഷിയുമായിരുന്ന ബഹുമാന്യനായ വെന. റവർ അച്ചുഡീക്കൻ ബഞ്ചമിനച്ചൻ അവർകളുടെ ജീവചരിത്രം ചെറിയതോതിലെങ്കിലും ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതിനു അദ്ദേഹവുമായി ദീർഘമായ പരിചയവും കൂട്ടായ്മയും ലഭിച്ചിട്ടുള്ള റവ. ഡബ്ലിയു. മാത്യു അച്ചനു സാദ്ധ്യമായതിൽ ഞാൻ അതിവ കൃതാർത്ഥനായിരിക്കുന്നു" ദീർഘകാലം കൊച്ചി തിരുവിതാംകൂർ മഹായിടവകയുടെ ഉത്തമമായ നടത്തിപ്പിനും ക്രമീകൃതമായ അഭിവൃദ്ധിക്കും ഇത്രയധികം പ്രവൃത്തിച്ച ഒരു പുരോഹിതവ്യക്തി വേറെ ഇല്ലെന്നതന്നെ പറയാം. മാത്രവുമല്ല ജീവിതത്തിലും സേവനത്തിലും ഒരു മാതൃകാപട്ടക്കാരനായിരുന്ന അദ്ദേഹത്തിന്റെ ജീവചരിത്രം പട്ടസമൂഹത്തിനെന്നു മാത്രമല്ല എല്ലാ ക്രൈസ്തവവ്യക്തികൾക്കും ശക്തിമത്തായ ഉത്തേജനം നല്കുമെന്നുള്ളതിനാൽ ഗ്രന്ഥത്തിനു വിസ്തൃതപ്രചാരം ലഭിക്കുമെന്നു വിശ്വസിക്കുന്നു. അച്ചനവർകളുടെ ചിത്രത്തോടുകൂടെ നൂറിലധികം പുറങ്ങളായി നിർമ്മിക്കപ്പെട്ടിട്ടുള്ള പ്രസ്തുത പുസ്തകത്തിനു 6 ണ. മാത്രമാണു വില.

ബില്ലിഗ്രഹാം

ക്രിസ്തുമതത്തിന്റെ പുരോഗതിയിൽ, കാലാകാലങ്ങളിലായി നവോത്ഥാനങ്ങളും ഉണർവുകളും ഉണ്ടായതായി ചരിത്രം രേഖപ്പെടുത്തുന്നു. ഈ നവോത്ഥാനങ്ങളുടെയും ഉണർവുകളുടെയും സ്ഥായിയായ ഫലം എന്താണെന്നുള്ളതു കാലം തെളിയിക്കേണ്ട ഒരു വസ്തുതയാണ്. 1954 മെയ് മാസത്തിലാണല്ലൊ "ലണ്ടൻ ക്രിസ്തുയുഗം" നടന്നതു്. അനേകലക്ഷം ജനങ്ങൾ തുടച്ചയായി ഹാരിംഗ്ടേയിൽ തിങ്ങിക്കൂടുകയും അനേകായിരം ജനങ്ങൾ മാനസാന്തരപ്പെട്ടു മുമ്പോട്ടു വന്നു തങ്ങളുടെ ജീവിതം ദൈവത്തിനായി സമർപ്പിക്കുകയും ചെയ്തു. ആളുകളുടെ ഈ അഭൂതപൂർവ്വമായ ഉത്സാഹപ്രകർഷവും മാനസാന്തരവും താല്ക്കാലികമായിരുന്നുവോ അഥവാ തുടച്ചയായി നിലനില്ക്കുന്ന ഒരനുഭവമാണോ എന്നാരായുന്നതു ഈയവസരത്തിൽ സംഗതമാണ്. സാധാരണ ഗതിയിൽ, യാഥാസ്ഥിതികരായ ഇംഗ്ലീഷു ജനതയെ ഇളക്കിമറിക്കുക എന്നതു അത്ര എളുപ്പമുള്ള സംഗതിയല്ല. എന്നാൽ ബില്ലി ഗ്രഹാമിന്റെ സന്ദേശവും സുവിശേഷപ്രോക്ഷണവും ഗ്രേറ്റ് ബ്രിട്ടനിൽ ഉടനീളം ഒരു അഭൂതപൂർവ്വമായ വിപ്ലവം ഉണ്ടാക്കിയിട്ടുണ്ട്. ബില്ലി ഗ്രഹാം സുവിശേഷപ്രവർത്തനത്തിനായി ഇംഗ്ലണ്ടിൽ വന്നയവസരത്തിൽ "ഓ, ഇതൊരു വിജയമാകയില്ല" എന്നു പലരും പറഞ്ഞതുപോലെ, സുവിശേഷപ്രോക്ഷണത്തിന്റെ ഫലമായി കണ്ട അഭൂതപൂർവ്വമായ നവോത്ഥാനം സ്ഥായിയായി നിലനില്ക്കുകയില്ല എന്നാണ് പ്രശസ്തരായ വ്യക്തികൾ പോലും അന്നു പ്രവചിച്ചിരുന്നതു്. പ്രസിദ്ധ ആംഗല സാഹിത്യകാരനായ ജെ. ബി. പ്രീസ്റ്റ്ലി "ന്യൂസ്റ്റേറ്റ്സ്മാൻ ആൻഡ് നേഷൻ" എന്ന പത്രത്തിൽ അന്നു എഴുതിയതു ഏതാണ്ടിപ്രകാരമാണ്. "വളരെ ചെറിയ ഒരംശത്തിനു മാത്രമേ യഥാർത്ഥ മാനസാന്തരമുണ്ടായിട്ടുള്ളൂ. ഇതിന്റെ ആകെ ഫലം, വലിയ ഗുണവുമില്ല, വലിയ ദോഷവുമില്ല.....ഒരിക്കും അതുതന്നെ....."

ഒരു ലണ്ടൻ പത്രപ്രവർത്തകന്റെ അഭിപ്രായം, "മാനസാന്തരപ്പെട്ട എന്നു പറയുന്നവരിൽ ഒരു പത്തുശതമാനം നിലനിന്നേക്കാം" എന്നായിരുന്നു.

എന്നാൽ ഒന്നരക്കൊല്ലത്തിനുശേഷം ഇംഗ്ലണ്ടിൽ നടത്തിയ സൂക്ഷ്മനിരീക്ഷണമായ അന്വേഷണങ്ങളും കണക്കുകളും കാണിക്കുന്നതു, ഈ അഭിപ്രായങ്ങളെല്ലാം തെറ്റാണെന്നാണ്. പ്രതീക്ഷയിൽ വളരെ കവിഞ്ഞുള്ള ഒരു ഫലമാണ് ഇന്നു ഗ്രേറ്റ് ബ്രിട്ടനിൽ കാണുന്നതു്. ബില്ലി ഗ്രഹാം, ഗ്രേറ്റ് ബ്രിട്ടനിൽ വിതച്ച അഭൂതപൂർവ്വമായ ചൈതന്യത്തിന്റെ വിത്തു് വളർന്നു വികസിച്ചുകൊണ്ടിരിക്കുന്നു. ഗ്രഹാമിന്റെ സ്വന്തരാജ്യമായ അമേരിക്കയിലും അദ്ദേഹം സന്ദർശിച്ചതായ മറ്റു രാജ്യങ്ങളിലും ഇതേ അനുഭവം തന്നെയാണ് കാണുന്നതു്. സുവിശേഷം, എല്ലാ തട്ടിലും നിലയിലുമുള്ള ജനങ്ങളുടെ ഇടയിൽ കൂടുതൽ വ്യാപിച്ചിട്ടുണ്ട് എന്നുള്ളതാണ് അതിനേക്കാൾ ആശാവഹം. അതു, സാവ്വജനീനമായ ഒരു സ്വാധീനശക്തിയായി വ്യാപിച്ചുകൊണ്ടിരിക്കുന്നു. ലണ്ടൻ ക്രിസ്തുയുഗകാലത്തു മുമ്പോട്ടു വന്ന മുട്ടുകുത്തി, ദൈവത്തിനുവേണ്ടി ജീവിതം സ്വയം അർപ്പിച്ചിട്ടുള്ളവരുടെ സംഖ്യ 38,000 എന്നാണ് കണക്കുകൾകൊണ്ടു കാണുന്നതു്. അവരിൽ ബഹുഭൂരിപക്ഷവും ഇന്നും തീക്ഷ്ണതയുള്ള ക്രിസ്ത്യാനികളായിത്തന്നെ തുടരുന്നു. എന്നുതന്നെയുമല്ല, അന്നു സംശയിച്ചുനിന്ന പല ആളുകളും—പരസ്യമായി മുമ്പോട്ടു വന്ന വിശ്വാസപ്രഖ്യാപനം ചെയ്യാതിരുന്ന അനേകായിരങ്ങൾ—കഴിഞ്ഞ ഒന്നരക്കൊല്ലത്തിനിടയ്ക്കു തങ്ങളുടെ നില പുനഃപരിശോധിക്കുകയും മാനസാന്തരപ്പെടുകയും ചെയ്തിട്ടുണ്ട്.

ഇംഗ്ലണ്ടിലെ ജനങ്ങളെല്ലാം തന്നെ ക്രിസ്ത്യാനികളാണെന്നാണല്ലൊ വയ്പ്. എന്നാൽ ഇവരിൽ അനേകായിരം പേർ, ഏതെങ്കിലും ഒരു പള്ളിയിൽ അംഗത്വംപോലും ഇല്ലാത്തവരാണ് എന്ന വസ്തുത നാം അറിഞ്ഞിരിക്കേണ്ടതാണ്. അംഗത്വമുള്ളവരിൽ തന്നെ അനേകം പേർ പള്ളിയും പട്ടക്കാരനുമായി യാതൊരു ബന്ധവും പുലർത്താത്തവരുമാണ്. ഈ രണ്ടു കൂട്ടത്തിലും പെട്ടന്ന അനേകംപേർ ഒരു പുതുമയ്ക്കുവേണ്ടി ബില്ലി ഗ്രഹാമിന്റെ പ്രസംഗങ്ങൾ കേൾക്കുവാൻ പോകയും തൽഫലമായി സജീവമായ ക്രിസ്തീയ ജീവിതത്തിലേക്കു വരികയും ചെയ്തിട്ടുണ്ട്. അവരെല്ലാം തന്നെ—കുറഞ്ഞപക്ഷം മൂന്നാൽ പങ്കെങ്കിലും ഇന്നും ഉറച്ചുനില്ക്കുന്നു!

പള്ളിയാരാധനയിൽ സംബന്ധിക്കുന്നവരുടെയും, മതപരമായ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നവരുടെയും സംഖ്യ ഇക്കഴിഞ്ഞ ഒരു കൊല്ലത്തിനിടയ്ക്കു വളരെ കൂടിയിട്ടുണ്ട്; അതു കൂടിക്കൊണ്ടുമിരിക്കുന്നു എന്നാണ് എല്ലാ ദേവാലയങ്ങളിലെയും കണക്കുകൾ കാണിക്കുന്നത്. ക്രമമായ വേദപുസ്തകപാരായണത്തിനു സഹായിക്കുന്ന "ദൈവവചനസഹായികൾ" വിതരണം ചെയ്യുന്ന ഒരു സംഘം പറയുന്നതു, ഇക്കഴിഞ്ഞ ഒരു കൊല്ലത്തിനിടയ്ക്കു 60,000 വരിക്കാർ കൂടുതലായി ചേർന്നിട്ടുണ്ട് എന്നാണ്. ലണ്ടനിലെ അനുഭവം പറയുകയാണെങ്കിൽ ഏറ്റവുമധികം ബൈബിൾ ഗ്രന്ഥം വിൽപ്പാൻ സാധിച്ചതു ഇക്കഴിഞ്ഞ കൊല്ലമാണ്.

ബില്ലി ഗ്രഹാമിന്റെ സുവിശേഷകൃത്തിന്റെ ഫലമായി സന്തോഷത്തിന്റെയും സംതൃപ്തിയുടെയും അനുഭവങ്ങളിലേക്കു നിങ്ങിയതായ അനേകമനേകം കുടുംബങ്ങൾ സ്വമനസ്സാലെ അതിനു സാക്ഷ്യം വഹിക്കുന്നു.

ലണ്ടൻ കുരിശുയുദ്ധത്തിനു ശേഷമാണല്ലൊ കഴിഞ്ഞ മാർച്ചുമാസത്തിൽ സ്കോട്ട്ലണ്ടിലെ പ്രധാന നഗരിയായ ഗ്ലാസ്ഗോയിലെ "കുരിശുയുദ്ധം നടന്നതു". ഗ്ലാസ്ഗോയിൽ നടന്ന പ്രസംഗപരമ്പര, ഗ്രേറ്റ്ബ്രിട്ടനിലെ അനേകം പട്ടണങ്ങളിലേക്കു പ്രക്ഷേപണം ചെയ്യപ്പെട്ടു. അനേകായിരം ജനങ്ങൾ സ്വന്തം വീട്ടിലും നാട്ടിലും ഇരുന്നുകൊണ്ടു ഈ പ്രസംഗങ്ങൾ കേൾക്കുകയും അങ്ങനെ "ഗ്ലാസ്ഗോയിലെ കുരിശുയുദ്ധ"ത്തിൽ പങ്കെടുക്കുകയുണ്ടായി. ബില്ലി ഗ്രഹാമിന്റെ പ്രവർത്തനങ്ങളുടെ ഫലമായി, അതിനുശേഷം ഗ്രേറ്റ്ബ്രിട്ടനിൽ പല സ്ഥലങ്ങളിലും വമ്പിച്ച സുവിശേഷപ്രസംഗയോഗങ്ങളും പ്രചരണങ്ങളും തുടരെത്തുടരെ നടന്നുകൊണ്ടിരിക്കുന്നു. ഉജ്ജ്വലമായ ഒരു പന്തത്തിൽ നിന്നു കൊളുത്തിയ മനോഹരമായ അനേകം തിരികൾ പോലെ ആയിരക്കണക്കിനു ആളുകൾ ഈ യോഗങ്ങളിൽ സംബന്ധിക്കുകയും, അനേക ശതം പേർ തങ്ങളുടെ വിശ്വാസപ്രഖ്യാപനം ചെയ്യുകയും ഒരു പതിവായിത്തീർന്നിരിക്കുന്നു!

ഡോക്ടർ ബില്ലി ഗ്രഹാമിന്റെ ഇന്ത്യാസന്ദർശനം അതുല്യമായ ഒരവസരമാണ്. ഈ മണ്ണിൽ തന്നെ ജനിച്ചുവളർന്ന ഇന്ത്യൻ പൌരന്മാരായ ഇന്ത്യൻ ക്രിസ്ത്യാനികൾ, അവരുടെ ആദ്ധ്യാത്മികവും സാമാന്യികവുമായ നില എന്താണെന്നു ഒന്നു തിരിഞ്ഞുനോക്കുന്നതിനു—ഒന്നു വകയിരുത്തുന്നതിനു—ഈ അപൂർവ്വാവസരം ഉപയോഗപ്പെടുത്തുകയും, അങ്ങനെ തങ്ങളുടെ പരിപൂർണ്ണമായ ആദ്ധ്യാത്മികജീവിതം ലോകഭാരത്തിന്റെ മൊത്തം ആദ്ധ്യാത്മിക ചൈതന്യത്തിന്റെ ശക്തി വർദ്ധിപ്പിക്കേണ്ടതും അവരുടെ കടമയാണ്. അദ്ദേഹത്തിന്റെ ഇന്ത്യൻ പര്യടനം തന്നെ വളരെ ഹ്രസ്വകാലത്തേക്കാണെങ്കിലും, കേരളത്തിനുവേണ്ടി നാലു ദിവസം അദ്ദേഹം മാറ്റിവച്ചിരിക്കുന്നതു മലയാളികരയിലെ വിഭിന്ന ക്രിസ്തീയ സമുദായങ്ങൾ ഒരു പ്രത്യേക അനുഗ്രഹമായി കരുതേണ്ടതാണ്. ഈ നാലു ദിവസവും അദ്ദേഹം, കോട്ടയം സി. എം. എസ്സ്. കോളേജു വളപ്പിൽ സൌകര്യപ്പെടുത്തിയിരിക്കുന്ന സ്ഥലത്തു പ്രസംഗമഹായോഗങ്ങൾ നടത്തുന്നതാണെന്നും, ക്രിസ്തീയ പ്രവർത്തകർ "ആലോചനക്കാർ" "സഹായികൾ" എന്നിവരെ ഉദ്ദേശിച്ചു പ്രത്യേക മീറ്റിംഗുകൾ നടത്തുന്നതാണെന്നും ഉള്ള വിവരം ഇതിനകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടല്ലൊ. അനന്യസുലഭമായ ഈ അപൂർവ്വാവസരം യഥാവിധി പ്രയോജനപ്പെടുത്തുന്നതിനും, അച്ചടക്കത്തോടും വിനയബോധത്തോടും അവഗാഢമായ ദൈവൈകരിയോടുംകൂടി ഈ യോഗങ്ങളിൽ സംബന്ധിക്കുന്നതിനും കേരളക്കരയിലെ ജനങ്ങളെ ആഹ്വാനം ചെയ്യുകൊള്ളുന്നു.

* * * * *

ബില്ലി ഗ്രഹാമിന്റെ ഗ്രേറ്റ്ബ്രിട്ടനിലെ സുവിശേഷോദ്ഘോഷണത്തെപ്പറ്റി, "ഈവനിംഗ് ന്യൂസ്" എന്ന പ്രമുഖപത്രം പറഞ്ഞതു:—"ദൈവവചനം കേൾക്കുന്നതിനായി, ഒരു സ്ഥലത്തു ഇതുപോലധികം ആളുകൾ വന്നുചേരുക എന്ന സംഭവം ഇതിനു മുമ്പു ഉണ്ടായിട്ടില്ല. ഇരുപതാം നൂറ്റാണ്ടിലെ സുപ്രധാനസംഭവമായി ഇതിനെ പരിഗണിക്കാം. ആദ്ധ്യാത്മിക മായ ഒരു നവോത്ഥാനത്തിന്റെ നാന്ദിയാണ് ഈ സംഭവം എന്നു പ്രതീക്ഷിക്കുന്നതു അസ്ഥാനത്താകയില്ല."

മഹാനായ ഈ സുവിശേഷകന്റെ ദൃഢ, ഭാരതഭൂമിയെ സംബന്ധിച്ചും, ഒരു നവോത്ഥാനത്തിന്റെ ആരംഭമായിത്തീരട്ടെ.

[ആറു ലേഖനങ്ങളുടങ്ങിയ ഈ പരമ്പര ഇതോടെ അവസാനിച്ചു.]

കേരളക്രിസ്ത്യാനികളുടെ ഒരു പ്രാർത്ഥന

പ്രാർത്ഥിപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നതിനെക്കാൾ കേൾപ്പാൻ എപ്പോഴും ഒരുക്കമുള്ളവനായ ദൈവമേ! കേരളക്കരയിലെ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും അക്രൈസ്തവരുടെ മുൻപാകെ നിന്ദാപാത്രങ്ങളായിത്തീർന്നിട്ടുള്ള ക്രിസ്ത്യാനികളായ ഞങ്ങളുടെ ഈ അപേക്ഷയെ അവിടുന്നു ചെവിക്കൊള്ളേണമേ!

കർത്താവേ! നിന്റെ രക്തത്തിന്റെ വിലയായി ഒരു കൂട്ടത്തെ ഇന്ത്യയിൽ നിന്നും എഴുന്നേല്പിക്കണമെന്നു ആശിച്ചു നിന്റെ ദാസനായ തോമസ് അപ്പൊസ്തലനെ അയച്ചതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. തൻ നിമിത്തം കേരളക്കരയിൽ നിന്റെ സുവിശേഷത്തിന്റെ വിത്തു യൂറോപ്പിൽ വിതയ്ക്കുന്നതിനു മുമ്പു വിതയ്ക്കുന്നതിനു ഇടയായി. എന്നാൽ കർത്താവേ! ഞങ്ങളുടെ ദേശത്തു വിതച്ചതിനനുസരണമായി ഫലം കൊടുപ്പാൻ കഴിയാതെ പോയി. യൂറോപ്പിലും യെരൂശലേമിലും മറ്റും അനേകർ നിന്റെ നാമം നിമിത്തം രക്തസാക്ഷികളായി ധീരധീരം പോരാടിയപ്പോൾ ഞങ്ങളുടെ രാജ്യത്തു പീഡനം ഇല്ലാതെ ഞങ്ങളുടെ പൂർവ്വികന്മാർ സുഖത്തോട്ടുകൂടെ നിന്നെ ആരാധിച്ചുപോന്നു. താൻ നിമിത്തം പീഡനം അനുഭവിച്ച സ്ഥലത്തെ സഭകൾ വളരുകയും ഞങ്ങളുടെ ദേശത്തു സഭ മന്ദീഭവിക്കയും ചെയ്തു. അനേക സ്ഥലങ്ങളിലെ സഭകൾ മലമേൽ ശോഭിക്കുന്ന പട്ടണം പോലെ ശോഭിച്ചുപ്പോൾ ഞങ്ങളുടെ സഭ അന്ധകാരാവൃതമായി തീർന്നുപോയി. യൂറോപ്പു ദേശത്തെ അനേക ശ്രീമാന്മാർ രക്തസാക്ഷികളായി തീർന്നപ്പോൾ, ഞങ്ങളുടെ ദേശത്തെ ശ്രീമാന്മാർ സുഖൊല്ലാസത്തോട്ടുകൂടി ജീവിച്ചുപോന്നു; അതുകൊണ്ടു കർത്താവേ! നിന്നോടുള്ള സ്നേഹാസക്തി സഭയിൽ തീരെ ഇല്ലാതെയായിതീർന്നു. ഇപ്പോൾ ഞങ്ങളുടെ സഭകൾ ഒക്കെയും ഏണ്ണതീർന്ന വിളക്കുപോലെ മങ്ങി പ്രകാശിക്കുന്നതേയുള്ളൂ. പ്രിയ കർത്താവേ! സഭകളുടെ അകമെ കാക്ഷിതങ്ങളും ഭിന്നാഭിപ്രായങ്ങളും ഉള്ളതിനാൽ, നീ ഞങ്ങളുടെ സഭകളിൽ വസിക്കുന്നതിനു കഴിവില്ലാതെയാക്കിതീർത്തിരിക്കയാകുന്നു. പ്രിയ കർത്താവേ! ഞങ്ങളുടെ ദേശത്തു അതാതു കാലത്തു അനേകർ നിന്റെ സാക്ഷ്യവും ആയിട്ടു എഴുന്നള്ളുന്നെങ്കിലും നിലനില്പാൻ കഴിയുന്നില്ല. അനേകർ സ്വസ്നേഹികളായി തീർന്നിരിക്കുന്നു. ഞങ്ങളുടെ സഭകളിലെ ഭിന്നതകളും വഴക്കുകളും തീർക്കുന്നതിനു അനേകർ ഉത്സാഹിച്ചു പ്രവർത്തിക്കുന്നെങ്കിലും അതു നിഷ്ഫലമായിതീരുകയത്രെ ചെയ്യുന്നു. ഞങ്ങളെ തേടി ഓരോദേശത്തു നിന്നു വന്നിട്ടുള്ള എല്ലാമിഷ്യനറിമാരും ക്രിസ്തീയ വേലക്കാരും ഞങ്ങളുടെ ദേശത്തോടു യാത്ര പറഞ്ഞു പോയിരിക്കുന്നു. പ്രിയ കർത്താവേ! ഞങ്ങളെ ഈ അന്ധകാരമയമായ ജീവിതത്തിൽ നിന്നു ഉദ്ധരിപ്പാൻ ആരും ഇല്ലാതെ ഞങ്ങൾ ഇവിടെ കഷ്ടപ്പെടുന്നു. കർത്താവേ അവിടുന്നു ലോകത്തിലേക്കു വീണ്ടും വരാൻ ഒരുങ്ങി ഇരിക്കുന്ന ഇക്കാലത്തു കേരളക്കരയിലെ ക്രിസ്ത്യാനികളായ ഞങ്ങൾ കൈവിടപ്പെട്ടുപോകാതിരിപ്പാൻ നീ ഞങ്ങളെ കടാക്ഷിക്കേണമേ! ഞങ്ങളുടെ ആത്മികനില അധഃപതിച്ചിട്ടുള്ള ഈ കാലത്തു നിന്റെ ആത്മാവിനെ ഞങ്ങൾക്കു അയച്ചു തരേണമേ! സഭയുടെ നടത്തിപ്പുകാരോടു ഇണക്കമില്ലാത്തതും അനുസരണം കെട്ടതുമായ ആടുകൾ അനവധിയത്രേ. ഞങ്ങളുടെ സഭകളിൽ നടക്കുന്ന കേസുകൾ നിമിത്തം നിന്റെ നാമം വളരെ ദുഷിക്കപ്പെട്ടുപോയിരിക്കുന്നു. അതിനാൽ നിന്റെ ജനമായ യിസ്രായേൽ അന്യദേശത്തു നിന്ദിതരായി തീർന്നതുപോലെ അന്യജാതികളുടെ ഇടയിൽ ഞങ്ങൾ നിന്ദിതരും വെറുക്കപ്പെട്ടവരും ആയിതീർന്നിരിക്കുന്നു. ഇക്കാലത്തു പ്രിയ കർത്താവേ! ഇന്ത്യയുടെ വിശിഷ്യാ കേരളക്കരയുടെ ഉണർവ്വിനായി നീ അയക്കുന്ന നിന്റെ ദാസനായ ബില്ലിഗ്രഹാമിനെ നീ കൂട്ടുതലായി ശക്തീകരിച്ചയയ്ക്കുണമേ! എല്ലാ ഭിന്നതകളും നിന്റെ ദാസന്റെ മദ്ധ്യേയുള്ള ദേശത്തെ പ്രയത്നം മുഖാന്തരം നിങ്ങപ്പെട്ടുത്തുമാറാകേണമേ. ശത്രു ഞങ്ങളുടെമേൽ ജയഘോഷം കൊടുപ്പാൻ ഇനി

യും ഇടയാകരുതെ. കേരളക്കരയിൽ ഇതുവരെയും ഉണ്ടാകാത്ത വിധം ഒരു ആത്മിക ഉണ വ്വിനെ നി അയച്ചുതരേണമെ. ലോകസ്നേഹത്തിൽ അടിപ്പെട്ടുപോയ നിന്റെ ജനത്തെ എ ഴുന്നേല്പിക്കേണമെ. അനേക ക്രിസ്തീയ വേലക്കാരും തങ്ങളുടെ ശുശ്രൂഷ യോഗ്യമാം വണ്ണം നിറവേറ്റുവാൻ കഴിയാതെ സ്വാർത്ഥലോലുപന്മാരായും ഈ വേല ആമായസൂത്രമായും കരുതി പോയിട്ടുണ്ട്. കർത്താവേ! അതുകൊണ്ട ആത്മികശക്തി അവരിൽ കുറഞ്ഞു പോകുക നി മിത്തം അവരുടെ വേല ഫലപ്രദമാകുന്നില്ല. അതുകൊണ്ട കർത്താവേ! സുസ്ഥിരമായി നില്പാനുള്ള മാർഗ്ഗം നിന്റെ ദാസനായ ബല്ലിഗ്രഹാം വഴി കേരളക്കരയിലെ പാവപ്പെട്ട വി ശ്വാസികളായ ഞങ്ങൾക്ക കാണിച്ചു തരേണമെ! മണവാളനേറ വരവിനായി ഒരുങ്ങി കാ ത്തിരിപ്പാൻ ഞങ്ങളെ ശക്തികരിക്കേണമെ! ഞങ്ങളുടെ സങ്കടയാചന കേട്ട നിന്റെ സഭയെ ഓർത്തു കൃപയുടെയും ശക്തിയുടെയും ആത്മാവിനെ അയച്ചു ഞങ്ങളുടെ ആവശ്യങ്ങളെ നി വൃത്തിച്ചു തരുമാറാകണമെന്ന താഴ്മയോടെ അപേക്ഷിക്കുന്നു.

ആമെൻ.

കതീഡ്റൽ യൂത്ത് ക്ലബ്ബ്

കഴിഞ്ഞ രണ്ടു മാസങ്ങളായി നമ്മുടെ കതീഡ്റൽ യുവജനങ്ങൾ നടത്തിവരുന്ന യൂത്ത് ക്ലബ്ബിനെ സംബന്ധിച്ചു പുറത്തുള്ള നമ്മുടെ മറ്റു ഇടവക അംഗങ്ങൾ അധികമാരും അറിഞ്ഞിരിക്ക യില്ലല്ലൊ. ആത്മികമായും വിജ്ഞാനപരമായും കായികമായും കുട്ടികൾക്കുള്ള വളർച്ചയ്ക്ക സഹാ യിക്കുകയെന്നതാണ ക്ലബ്ബിന്റെ ഉദ്ദേശ്യം. കതീഡ്റൽ വികാരി പ്രസിഡണ്ടായും മറ്റു ഏഴ് അംഗ ങ്ങളും കൂടിയുള്ള ഒരു ഭരണസമിതിയാണ് ക്ലബ്ബിന്റെ കാര്യങ്ങൾ നടത്തുന്നതു്. കതീഡ്റൽ ഗായകസംഘം, യൂത്തലീഗ്, ഗേൾസ്ഗിൽഡ് ഇടവകകളിലെ യുവതീയുവാക്കന്മാരാണ് ക്ലബ്ബ് അംഗങ്ങളായുള്ളതു്. അനാത്മികമായുള്ള യാതൊരു പരിപാടികളിലും ഉൾപ്പെടുകയില്ല എന്നു ള്ളതാണ് അംഗങ്ങളുടെ മുദ്രാവാക്യം.

പള്ളിയോടു അനുബന്ധിച്ചുള്ള സണ്ടേസ്കൂളുകൾ, പാട്ടുകൾ, ലീഡ്പ്രവർത്തനങ്ങൾ, ഗിൽഡു പ്രവർത്തനം മുതലായവ നടത്തുന്നതിൽ ഇടവകപ്പട്ടക്കാരനെ സഹായിക്കുന്നതു ക്ലബ്ബ് അംഗങ്ങളാ ണ്. സമീപ ഭാവിയിൽ കോട്ടയത്തു നടക്കുവാൻ പോകുന്ന ബില്ലി ഗ്രഹാം മിക്ക്യൻ യോഗങ്ങളിൽ പാട്ടുകൾ പാടുന്നതിലുള്ള ചുമതല കതീഡ്റൽ ഗായകസംഘത്തെ ഏല്പിച്ചിരിക്കുന്നതു ക്ലബ്ബിലെ അംഗ ങ്ങൾ എല്ലാവരും ചേർന്ന് പരിശീലനം നടത്തിക്കൊണ്ടിരിക്കയാണ്.

ക്ലബ്ബ് വകയായി ഒരു ക്വാർട്ടറ്റ് ആരംഭിക്കുന്നതിനു ചില സംഗീതോപകരണങ്ങൾ വാങ്ങ ത്തിയിട്ടുണ്ട്. പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. ഒരു ഗ്രന്ഥശാല ആരംഭിച്ചു. അടുത്തകാലത്ത് ഇൻഫർമേഷൻ ലൈബ്രേറിയർ കുറേ പുസ്തകങ്ങൾ സൌജന്യമായി കൊടുത്തതു കൂടാതെ ഇടവകാം ഗങ്ങളും പുസ്തകങ്ങൾ സംഭാവന ചെയ്തുതായി അറിയുന്നു. ഗ്രന്ഥശാല, ഇടവകയിലുള്ള എല്ലാ അംഗങ്ങൾക്കും ഉപയോഗപ്രദമാകത്തക്കവണ്ണം ആക്കുവാൻ ക്ലബ്ബ് ഭാരവാഹികൾ ശ്രമിക്കുക യാണ്.

ആരോഗ്യപരമായ പ്രവർത്തനങ്ങൾക്കായി ഒരു ബാസ്കറ്റ്ബോൾ കോർട്ട്, ഒരു ബാറ്റ് മിന്റൻ കോർട്ട്, ഒരു സിക്സസ്സ് കോർട്ട് ഇവകൾ ക്രമപ്പെടുത്തി ആയവയിൽ കളികൾ നടത്തി വരുന്നു.

കഴിഞ്ഞ ക്രിസ്തുമസ് ആഘോഷങ്ങൾ വളരെ ഭംഗിയായി നടത്തിയതു ടി ക്ലബ്ബ് അംഗങ്ങളു ടെ പല ദിവസങ്ങളിലെ നിരന്തര ശ്രമങ്ങളുടെ ഫലമാണ്. അതിന്റെ വിവരം അന്യത്ര പ്ര സ്താവിച്ചിട്ടുണ്ടല്ലൊ. 100 അടിയോളം ഉയരത്തിൽ നില്ക്കുന്ന മണിമന്ദിരത്തിന്റെ അഗ്രത്തിലാ യി പതിച്ചിരുന്ന "നക്ഷത്രങ്ങൾ" ഇലക്ട്രിക് വിളക്കുകളാൽ പ്രശോഭിച്ചിരുന്നതു വളരെ അക ലെനിന്നതന്നെ കാണാമായിരുന്നു.

Kottayam
8-1-'56

MANI K. MANI
General Secretary.